# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-16/222/202121

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരളസംസ്ഥാന സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-16/222/202121 തീയ്യതി: 09/12/2021

**കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 30-11-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-02-2020 മുതൽ 31-08-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 73 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷൈജു.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-06-2020 | 31-01-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-06-2020 | 31-01-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ
ശ്രീ സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഡാനിമോൾ കെ ജെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്ജ്, (")
ശ്രീ.രാജേഷ് എം, (")
ശ്രീമതി അമ്പിളി എം (")
ശ്രീ ഷാജിമോൻ പി ബി, സീ ഗ്രേ ഓഡിറ്റർ
ശ്രീ. യോഗേഷ് ആർ, സീ ഗ്രേ ഓഡിറ്റർ
ശ്രീ ബാബുരാജ് കെ ബി, ഓഡിറ്റർ
ശ്രീ ഉണ്ണികൃഷ്ണൻ എം,ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.സണ്ണി പാമ്പാടി | പ്രസിഡന്റ് | 01-04-2019 | 04-07-2019 |
| അഡ്വ.സെബാസ്റ്റ്യൻ കുളത്തിങ്കൽ | പ്രസിഡന്റ് | 25-07-2019 | 31-03-2020 |
| ശ്രീ സുധീഷ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 18-10-2019 |
| ശ്രീമതി മേരി ജോ .വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രതീഷ് ജെ ബാബു | പ്രിൻസിപ്പൽ , ഹയർ സെക്കൻഡറി സ്കൂൾ | 01-04-2019 | 31-03-2020 |
| ശ്രീമതി സലോമി തോമസ് | ഡെപ്യൂട്ടി ഡയറക്ടർ(കൃഷി) | 01-04-2019 | 31-03-2020 |
| ശ്രീമതി ഡോളിമോൾ പി ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) | 01-04-2019 | 01-07-2019 |
| ശ്രീമതി ഫിലോമിന തോമസ് | ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) | 16-07-2019 | 31-03-2020 |
| ശ്രീ ജയരാജൻ ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈലകുമാരി സി | ഡെപ്യൂട്ടി ഡയറക്ടർ(പൊതുവിദ്യാഭ്യാസം) | 01-04-2019 | 31-05-2019 |
| ശ്രീ സി കെ രാജ് | ഡെപ്യൂട്ടി ഡയറക്ടർ(പൊതുവിദ്യാഭ്യാസം) | 01-06-2019 | 26-06-2019 |
| ശ്രീമതി അജിതകുമാരി റ്റി കെ | ഡെപ്യൂട്ടി ഡയറക്ടർ(പൊതുവിദ്യാഭ്യാസം) | 27-06-2019 | 31-03-2020 |
| ശ്രീ .സുരേഷ് പി എൻ | ജില്ലാമിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 01-04-2019 | 11-03-2020 |
| ശ്രീ .റ്റി.ജി അജേഷ് | ജില്ലാമിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 12-03-2020 | 31-03-2020 |
| ശ്രീമതി പി സബിത | ജില്ലാപട്ടികജാതിവികസന ഓഫീസർ | 01-04-2019 | 29-09-2019 |
| ശ്രീമതി ഡി സജിനിമോൾ | ജില്ലാപട്ടികജാതിവികസന ഓഫീസർ | 30-09-2019 | 31-03-2020 |
| ശ്രീമതി അനികുമാരി | ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീരവികസനം) | 01-04-2019 | 31-03-2020 |
| ശ്രീ എം എം മോഹൻദാസ് | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2019 | 30-11-2019 |
| ശ്രീ ചന്ദ്രബോസ് പി പി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 30-11-2019 | 31-03-2020 |
| ഡോ ജയശ്രീ സി | ജില്ലാമെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവ്വേദം) | | |
| ഡോ .ആർവി അജിത് | ചീഫ് മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ ബിന്ദുകുമാരി | ചീഫ് മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. ജോഷി തോമസ് | ചീഫ് മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ഗീത കെ ശ്രീനിവാസൻ | സൂപ്രണ്ട് ,ജില്ലാആശുപത്രി(ഹോമിയോ)/ഡിഎംഒ | 01-04-2019 | 08-08-2019 |
| ഡോ ജിജി വർഗീസ് | സൂപ്രണ്ട് ,ജില്ലാആശുപത്രി(ഹോമിയോ)/ഡിഎംഒ | 09-08-2019 | 31-03-2020 |
| ശ്രീ വി കെ ജോസഫ് | മാനേജർ, ജില്ലാവ്യവസായകേന്ദ്രം | 01-04-2019 | 29-11-2019 |
| ശ്രീ അർജുനൻ പിള്ള | മാനേജർ, ജില്ലാവ്യവസായകേന്ദ്രം | 30-11-2019 | 31-03-2020 |
| ശ്രീ ബെന്നി ജെ | പ്രൊജക്റ്റ് ഡയറക്ടർ (പിഎയു) | 01-04-2019 | 16-06-2019 |
| ശ്രീ ഷിനോ പി എസ് | പ്രൊജക്റ്റ് ഡയറക്ടർ (പിഎയു) | 17-06-2019 | 31-03-2020 |
| ശ്രീ എം കെ വിജയകുമാർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(തദ്ദേശസ്വയംഭരണവകുപ്പ്) | 01-04-2019 | 31-05-2019 |
| ശ്രീ മനോജ് എം ഒ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(തദ്ദേശസ്വയംഭരണവകുപ്പ്) | 01-06-2019 | 28-07-2019 |
| ശ്രീമതി മായ ആർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(തദ്ദേശസ്വയംഭരണവകുപ്പ്) | 29-07-2019 | 31-03-2020 |
| ശ്രീ മനോജ് എം ഒ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(തദ്ദേശസ്വയംഭരണവകുപ്പ്) | 01-04-2019 | 31-03-2020 |
| ഡോ. മായ ജയിംസ് | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 01-04-2019 | 18-08-2019 |
| ശ്രീ മനോജ് കുമാർ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 19-08-2019 | 31-03-2020 |
| ശ്രീമതി ഗീത അലക്സാണ്ടർ | ഫാം സൂപ്രണ്ട്, ജില്ലാ കൃഷികത്തോട്ടം, കോഴ | 01-04-2019 | 31-03-2020 |
| ശ്രീമതി ജോളി ആന്റണി | അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 19-02-2020 |
| ശ്രീമതി നിഷാമേരി സിറിയക് | അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ അഗ്രികൾച്ചർ ഓഫീസർ | 20-02-2020 | 31-03-2020 |
| ശ്രീ റഹീം എ | ഐറ്റിഡിപി പ്രൊജക്റ്റ് ഓഫീസർ | 01-04-2019 | 18-09-2019 |
| ശ്രീമതി വിധുമോൾ എസ് | ഐറ്റിഡിപി പ്രൊജക്റ്റ് ഓഫീസർ | 19-09-2019 | 29-09-2019 |
| ശ്രീ വിനോദ് കുമാർ | ഐറ്റിഡിപി പ്രൊജക്റ്റ് ഓഫീസർ | 30-09-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-1 |
| 2 | ഫണ്ട് വിനിയോഗം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Prasad P G (Audit Officer, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-2-1 |
| 4 | വാർഷിക പദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-3 |
| 5 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-4 |
| 6 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-5 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-6 |
| 8 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-7 |
| 9 | രസീത് പരിശോധന നടപടികളിലെ- അപാകതകൾ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-8 |
| 10 | പണം സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-9 |
| 11 | ഇ-ടെൻഡർ ഫീസ് - ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് തുക കൈമാറിയില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-10 |
| 12 | എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിൽ അപാകത<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-11 |
| 13 | പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-12 |
| 14 | അനർഹമായ ശമ്പളം അനുവദിച്ചു് നൽകി.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-13 |
| 15 | പങ്കാളിത്ത പെൻഷൻ - കുടിശ്ശിക തുകകളിൽ നിന്നും എൻപിഎസ് അക്കൗണ്ടിൽ തുക ഒടുക്കിയിട്ടില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-14 |
| 16 | വെള്ളക്കരം - ബിൽ തുകകളിൽ 6639/- രൂപയുടെ പിഴ.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-15 |
| 17 | തമ്പലക്കാട് മാവേലിക്കുഴി ഗോത്ര ഭൂമി കോളനിക്ക് സ്ഥലം വാങ്ങൽ - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-16 |
| 18 | തെരുവ് നായ നിയന്ത്രണം - കോട്ടയം ജില്ല സമഗ്ര എബിസി - എആർ പ്രോഗ്രാം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-17 |
| 19 | ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു. 1586040/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | |
| 20 | ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നല്കി-283984/-രൂപ അധികച്ചെലവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-19 |
| 21 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് -വൈക്കം മുഹമ്മദ് ബഷീർ സ്മാരക വിഎച്ച് എസ് എസ് മെയിന്റനൻസ്- ഷീറ്റ് റൂഫിന് ചോർച്ച<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-20 |
| 22 | പാമ്പാടി കാർഷിക വിപണന കേന്ദ്രം നിർമ്മാണം - നബാർഡ് വിഹിതം ഫലപ്രദമായി വിനിയോഗിച്ചില്ല- വികസനഫണ്ടിൽ നിന്നും അധികച്ചെലവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-21 |
| 23 | കുറവിലങ്ങാട് ഡിവിഷൻ -കാഞ്ഞിരംകുളം കുടിവെള്ള പദ്ധതി ടാങ്ക് പൂർത്തീകരണം- എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കി- അധികച്ചെലവ്.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-22 |
| 24 | കാഞ്ഞിരപ്പള്ളി ഡിവിഷൻ- വയോജനങ്ങൾക്ക് വിശ്രമകേന്ദ്രംനിർമ്മാണം- ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കാത്തത് മൂലം അധികച്ചെലവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-23 |
| 25 | ടെൻഡർ നിബന്ധന പാലിക്കാത്ത കരാറുകാരനിൽ നിന്നും ഇഎംഡി തുക കണ്ടുകെട്ടിയില്ല. -തുടർ നടപടി സ്വീകരിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-24 |
| 26 | കങ്ങഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാമ പഞ്ചായത്ത്- പൂണിക്കാവ് എസ്. സി. കുടിവെള്ള പദ്ധതി നിർമ്മാണം- പൂർത്തിയായില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-25 |
| 27 | പാലാ ഫാഷൻ ടെക്നോളജി കെട്ടിടനിർമ്മാണം - പൂർത്തിയാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-26 |
| 28 | പാമ്പാടി ഡിവിഷൻ- എലിക്കുളം ഗ്രാമപഞ്ചായത്ത്- ചാത്തമല എസ്.സി. കോളനിയിൽ പാലം നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-27 |
| 29 | കാഞ്ഞിരപ്പള്ളി ഡിവിഷൻ-മണിമല ഗ്രാമപഞ്ചായത്ത്- പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്ക്കാരിക നിലയം- മണ്ണ് നിറയ്ക്കൽ സംബന്ധിച്ച്.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-28 |
| 30 | അയർക്കുന്നം ഡിവിഷൻ- അയർക്കുന്നം ഗ്രാമപഞ്ചായത്ത് -മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം.അപാകതകൾ.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-29 |
| 31 | ചിറക്കണ്ടം തേരകത്താംകുഴി റോഡ് നിർമ്മാണം പ്രവർത്തിയിൽ ക്വാറി മക്ക് ഫില്ലിങ്ങ് ടേപ്പ് മെഷർമെൻറ കുറവ് ചെയ്തില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-30 |
| 32 | മരാമത്ത് പ്രവൃത്തി-വീഴ്ച വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-31 |
| 33 | അയർക്കുന്നം പഞ്ചായത്ത്- എളവുപാടം പാടശേഖരത്തിന് അടിസ്ഥാന സൗകര്യവികസനം-മോട്ടർ സ്ഥാപിച്ചിട്ടില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-32 |
| 34 | പ്രോജക്ടുകളുടെ ഏറ്റെടുക്കൽ-പഞ്ചായത്ത് രാജ് ആക്ടിലെ | 1-33 |

| | | |
|---|---|---|
| | വ്യവസ്ഥകൾ പാലിക്കുന്നില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | |
| 35 | മരാമത്ത് പ്രവൃത്തികളിലെ എസ്റ്റിമേറ്റ് റിവിഷൻ ബാഹുല്യം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-34 |
| 36 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് -വയോജനങ്ങൾക്ക് വിനോദ വിശ്രമകേന്ദ്രം- നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-35 |
| 37 | ജില്ലാ ഹോമിയോ ആശുപത്രി അടിയന്തിര സൗകര്യങ്ങൾ-മരാമത്ത് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-36 |
| 38 | കടുത്തുരുത്തി ഡിവിഷൻ - മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് -വയോജന വിശ്രമകേന്ദ്രം - ആവശ്യകത നിർണ്ണയിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-37 |
| 39 | ആറാട്ടുമണപ്പുറം പാർശ്വഭിത്തി നിർമ്മാണം - നദീതീര സംരക്ഷണത്തിനു വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-38 |
| 40 | കരാറുകാരന് സൈറ്റ് കൈമാറുന്നതിൽ അകാരണമായ കാലതാമസം.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-39 |
| 41 | ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്തിൽ കൊങ്കരമല അമനകര കുടിവെള്ള പദ്ധതി- പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-40 |
| 42 | കല്ലേലപ്പടി-പള്ളത്തുപാറ SC കോളനി സമഗ്രവികസനം- പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിന് ശേഷം എസ്റ്റിമേറ്റ് പുതുക്കിയത്-ചട്ടവിരുദ്ധം.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-41 |
| 43 | നെടുങ്കുന്നം ഗ്രാമ പഞ്ചായത്ത് - മാർക്കറ്റ് മാനങ്ങാടി റോഡ് മെയിന്റനൻസ് - പൂർത്തീകരണത്തിൽ അകാരണമായ കാലതാമസം-പിഴ ഈടാക്കിയതിൽ കുറവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-42-1 |
| 44 | കുറിച്ചി ഗ്രാമ പഞ്ചായത്ത് - പള്ളത്രക്കവല-മുട്ടത്തുകടവ് പനയംപള്ളി റോഡ് പുനരുദ്ധാരണം- കാലതാമസം-പിഴ ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-42-2 |
| 45 | കാഞ്ഞിരത്താനം പറമ്പ്രം കുടിവെള്ളപദ്ധതി - കുളം, ടാങ്ക്, പൈപ്പ് ലൈൻ- പൂർത്തിയാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-43 |
| 46 | ഇ.എം.ഡി, ടെൻഡർ ഫീ ഒഴിവാക്കൽ-സാധുത ഉറപ്പാക്കാതെ ടെൻഡർ നിരസിച്ചു.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-44 |
| 47 | കാലി വീപ്പകളുടെ വില ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-45 |
| 48 | കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-46 |
| 49 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-47 |
| 50 | കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ -നിർമ്മാണത്തിൽ അപാകത<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-48 |

| | | |
|---|---|---|
| 51 | നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-49 |
| 52 | കരാർ വയ്ക്കുന്നതിൽ വീഴ്ച-നടപടി സ്വീകരിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-50 |
| 53 | അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം-ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-51 |
| 54 | ലേഡീസ് ഫ്രണ്ട് ലി ശുചിമുറി വൈദ്യുതീകരണം -പ്രോജക്റ്റ് പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-52 |
| 55 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ /പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-53 |
| 56 | സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-54 |
| 57 | ഏബിൾ കോട്ടയം- ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-55 |
| 58 | മിഷൻ 20- 20 (എസ്.സി.) പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമായില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-56 |
| 59 | അയർക്കുന്നം ഡിവിഷൻ- അരീപ്പറമ്പ് സ്കൂളിലേക്ക് സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: S Shyju (Senior Deputy Director, On 07-12-2021) | 1-57 |
| 60 | ജില്ലാ കൃഷിത്തോട്ടം,കോഴ-വിതരണം ചെയ്ത തൈകളുടെ വില ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-58 |
| 61 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമായില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-59 |
| 62 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-60 |
| 63 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-61 |
| 64 | കമ്മിറ്റി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ - വിവരങ്ങൾ ലഭ്യമല്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 1-62 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നല്കി-283984/-രൂപ അധികച്ചെലവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-1 |
| 2 | കുറവിലങ്ങാട് ഡിവിഷൻ -കാഞ്ഞിരംകുളം കുടിവെള്ള പദ്ധതി ടാങ്ക് പൂർത്തീകരണം- എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കി- അധികച്ചെലവ് | 3-2 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | |
| 3 | കാഞ്ഞിരപ്പള്ളി ഡിവിഷൻ-വയോജനങ്ങൾക്ക് വിശ്രമകേന്ദ്രംനിർമ്മാണം- ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കാത്തത് മൂലം അധികച്ചെലവ്.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-3 |
| 4 | കാഞ്ഞിരപ്പള്ളി ഡിവിഷൻ-മണിമല ഗ്രാമപഞ്ചായത്ത്- പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്ക്കാരിക നിലയം-മണ്ണ് നിറയ്ക്കൽ സംബന്ധിച്ച്.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-4 |
| 5 | അയർക്കുന്നം ഡിവിഷൻ- അയർക്കുന്നം ഗ്രാമപഞ്ചായത്ത് -മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം- അപാകതകൾ.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-5 |
| 6 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് -വയോജനങ്ങൾക്ക് വിനോദ വിശ്രമകേന്ദ്രം- നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-6 |
| 7 | കാലി വീപ്പകളുടെ വില ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-7 |
| 8 | കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ-നിർമ്മാണത്തിൽ അപാകത<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-8 |
| 9 | നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി.<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 3-9 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad P G (Audit Officer)<br>Last Updated By: S Shyju (Senior Deputy Director, On 09-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Prasad P G (Audit Officer)<br>Last Updated By: Anju P Natarajan (Computer Assistant, On 07-12-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 14.02.2019 ലെ 1/1-ാം നമ്പർ തീരുമാനം പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 78987894 | 146156172 | 67168278 | |
| വരവ് | 776632000 | 408655697 | | 367976303 |
| ആകെ | 855619894 | 554811869 | | 300808025 |
| ചെലവ് | 533618036 | 449110331 | | 84507705 |
| നീക്കിയിരിപ്പ് | 37954894 | 105701538 | 67746644 | |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ പതിയേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 425747166 | 425747166 | 205901358 | 219845808 | 48.36 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 116316000 | 116316000 | 40039991 | 76276009 | 34.42 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 16786000 | 16786000 | 8832039 | 7953961 | 52.61 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 112041000 | 112041000 | 54463484 | 57577516 | 48.61 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 80382000 | 80382000 | 31406490 | 48975510 | 39.07 |
| സർവ്വ ശിക്ഷാ അഭിയാൻ (SSA) | 527966 | 16848 | 544814 | 0 | 544814 | 0 |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | 46537756 | 197500 | 46735256 | 16472997 | 30262259 | 35.24 |
| സെൻട്രലി സ്പോൺസേർഡ് സ്കീം RGSAവെർച്വൽ ക്ലാസ്റൂം ഫണ്ട് | 1200000 | 0 | 1200000 | 887734 | 312266 | 73.97 |
| മൃഗസംരക്ഷണ വകുപ്പ് ഗ്രാന്റ് | 795645 | 0 | 795645 | 404899 | 390746 | 50.88 |
| കേരളോത്സവം ഗ്രാന്റ് | 63900 | 301000 | 364900 | 300090 | 64810 | 82.23 |
| നബാർഡ് ഫണ്ട് | 1142571 | 5115086 | 6257657 | 5115086 | 1142571 | 81.74 |
| സംയുക്ത പ്രോജക്ട് (ഗ്രാമപഞ്ചായത്ത്- മൂലധന ചെലവുകൾ) | 577356 | 0 | 577356 | 0 | 577356 | 0 |
| സംയുക്ത പ്രോജക്ട് (ഗ്രാമ പഞ്ചായത്ത്- റവന്യൂ ചെലവ് ) | 1650297 | 0 | 1650297 | 840000 | 810297 | 50.89 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്പഞ്ചായത്ത്- മൂലധന ചെലവുകൾ) | 0 | 3550000 | 3550000 | 1299226 | 2250774 | 36.59 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക് പഞ്ചായത്ത്- റവന്യൂ ചെലവ് ) | 2906492 | 707200 | 3613692 | 1945600 | 1668092 | 53.83 |
| സംയുക്ത പ്രോജക്ട് (നഗരസഭ ) | 900000 | 0 | 900000 | 0 | 900000 | 0 |
| കുടുംബസംഗമം(ഗ്രാമപഞ്ചായത്ത്) | 0 | 235000 | 235000 | 179884 | 55116 | 76.54 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്തൃ വിഹിതം | 38677 | 0 | 38677 | 0 | 38677 | 0 |
| ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ ഗ്രാന്റ് | 4098681 | 0 | 4098681 | 0 | 4098681 | 0 |
| സംസ്ഥാന സർക്കാർ അവാർഡ് | 500000 | 0 | 500000 | 0 | 500000 | 0 |
| മറ്റ് സർക്കാർ ഏജൻസികളിൽനിന്നുള്ള ഗ്രാന്റ്-ഹയർ സെക്കണ്ടറി വകുപ്പ് ടോയ്ലറ്റ് നിർമ്മാണം | 609857 | 157140 | 766997 | 157140 | 609857 | 20.48 |
| സാമൂഹ്യ നീതി വകുപ്പ് ഗ്രാന്റ് (ബി-ഫണ്ട്) | 0 | 24438523 | 24438523 | 24438523 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 34297000 | 34297000 | 34297000 | 0 | 100% |

സർക്കാർ/മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന തുകകളുടെ വരവ്/വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വികസന ഫണ്ട് (പൊതുവിഭാഗം), (എസ്.സി.പി) എന്നിവയുടെ ആർ പി-7ഷെഡ്യൂൾപ്രകാരമുള്ള വരവ്/ചെലവ് സുലേഖ ചെലവ് പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 34296268/- രൂപയാണ്. ടി തുകയുടെ വിനിമയം **ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ്** നടത്തുന്നത്. എ.ബി.സി. പ്രോഗ്രാമിനായി ലഭിച്ച തുകകൾ സംയുക്ത പ്രോജക്ടിനായുള്ള (റവന്യൂ ചെലവ്) തുകകളുടെ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 1-2-1 സാമ്പത്തിക വിശകലനം

2019-20 സാമ്പത്തിക വർഷത്തെ റസിപ്റ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശങ്ങളും, ഓഡിറ്റിന് ശേഷം വരവ്, ചെലവ്, നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 146156172 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 408655697 |
| ആകെ | 554811869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 449110331 |
| നീക്കിയിരിപ്പ് | 105701538 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 486303 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39266267 |

## 1-3 വാർഷിക പദ്ധതി അവലോകനം.

ജില്ലാ പഞ്ചായത്തിന്റെ 2019-20 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 16 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ പല ഗ്രൂപ്പുകളുടെയും യോഗങ്ങളുടെ മിനിറ്റ്സ് ഹാജർ ഉൾപ്പെടെയുള്ള വിവരങ്ങൾ ശരിയായി ചേർത്ത് പൂർത്തീകരിക്കുകയുണ്ടായില്ല.പദ്ധതി രൂപീകരണ ഗ്രാമസഭ 16-11-2018ൽ ചേർന്നതിന്റെ മിനിറ്റ്സ് അധ്യക്ഷൻ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. അതേപോലെതന്നെ 1-12-2018ൽ ചേർന്ന വികസനസെമിനാറിന്റെയും മിനിറ്റ്സ് അപൂർണ്ണമാണ്. ഇപ്രകാരം വാർഷികപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങളൊന്നുംതന്നെ കൃത്യമായിരേഖപ്പെടുത്താത്തതിനാൽ വാർഷികപദ്ധതികൾ ജനങ്ങളുടെ ഇച്ഛയ്ക്കൊത്തവിധം താഴെത്തട്ടിൽനിന്നുയർന്നുവന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റെടുത്തവയാണ് എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ജില്ലാ ആസൂത്രണസമിതിയുടെ 09.03.2020 തീയതിയിലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അംഗീകാരം ലഭിച്ചു. സ്പിൽ ഓവർ ഉൾപ്പെടെ വാർഷിക പദ്ധതിപ്രകാരം ആവിഷ്കരിച്ച 1172 പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ 23 നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിച്ചിരുന്നു. പ്രൊജക്ടുകളിൽ 468 എണ്ണം മാത്രമാണ് തൻവർഷം ഏറ്റെടുക്കുകയുണ്ടായത്. ചുവടെ ചേർക്കും പ്രകാരം പല നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകൾ ഏറ്റെടുക്കുകതന്നെ ഉണ്ടായില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ട്കൾ. | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക. | ഫണ്ട് |
|---|---|---|---|
| ജില്ലാമെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1000000 | വികസനഫണ്ട് |
| | | | |

| | | | |
|---|---|---|---|
| പ്രിൻസിപ്പൽ, വി.എച്ച്.എസ്.എസ് | 1 | 350000 | ,, |
| മാനേജർ, ജില്ലാ വ്യവസായകേന്ദ്രം | 1 | 400000 | 200000(വികസന ഫണ്ട്) 200000(മറ്റിനം) |
| കൃഷി അസി. ഡയറക്ടർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം | 1 | 50000 | തനത് ഫണ്ട് |
| ആകെ | 5 | 1800000 | 1550000 (വികസന ഫണ്ട്) 50000 (തനത് ഫണ്ട്) 200000(മറ്റിനം) |

ചുരുങ്ങിയ എണ്ണം പ്രോജക്ടുകൾ പോലും നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി രൂപീകരണ നിർവ്വഹണങ്ങളിലെ പാളിച്ചയാണ് ഇത് വെളിപ്പെടുത്തുന്നത്.

മറ്റ് നിർവ്വഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ടുകൾ | നടപ്പാക്കിയവ | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| സെക്രട്ടറി | 152 | 49 | 119389779 | 39345556 |
| ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ. | 1 | 1 | 1000000 | 975000 |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 2 | 1 | 1410000 | 384302 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം. | 3 | 3 | 2240168 | 2017155 |
| കൃഷിഅസി.എക്സിക്യൂട്ടീവ് എൻജിനീയർ | 71 | 43 | 65266367 | 27450442 |
| ഡെപ്യൂട്ടിഡയറക്ടർ (പൊതുവിദ്യാഭ്യാസം) | 28 | 11 | 22910500 | 5772039 |
| കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്റർ. | 1 | 1 | 3195503 | 2300736 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ. | 5 | 4 | 11690000 | 10996184 |
| ഡെപ്യൂട്ടിഡയറക്ടർ, (ക്ഷീരവികസനം) | 1 | 1 | 1900000 | 1049275 |
| ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ. | 5 | 4 | 5265500 | 4148740 |
| ജില്ലാമെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 1500000 | 1500000 |
| എക്സിക്യൂട്ടീവ് എൻജിനീയർ (ത.സ്വ.ഭ.വ) | 35 | 15 | 50037582 | 13277300 |
| പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യലഘൂകരണയൂണിറ്റ്. | 5 | 4 | 110398200 | 82971056 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം. | 2 | 1 | 240000 | 38900 |
| സൂപ്രണ്ട്,ജില്ലാ ആശുപത്രി, (അലോപ്പതി) | 4 | 2 | 26870000 | 1516489 |

| | | | | |
|---|---|---|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 3 | 3 | 7450000 | 7447339 |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 2 | 2 | 2000000 | 2000000 |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | 3 | 2 | 6420446 | 6270446 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ത.സ്വ.ഭ.വ) | 843 | 320 | 713228326 | 189560829 |
| ആകെ | 1167 | 468 | 1152412371 | 399021788 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 40% മാത്രമാണ് നടപ്പിലാക്കിയത്(ഭാഗികമായവ ഉൾപ്പെടെ).

**<u>40 കോടി രൂപയുടെ സർക്കാർഗ്രാന്റ് ചെലവഴിക്കാതെ നഷ്ടമായി .</u>**

പ്രോജക്ട് നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മമൂലം തൻവർഷം ജില്ലാപഞ്ചായത്തിന് അനുവദിക്കപ്പെട്ട സർക്കാർ ഗ്രാന്റിൽ വലിയശതമാനം ലാപ്സാവുകയാണുണ്ടായത്. വികസനഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി ഉൾപ്പെടെ) മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) ഇനങ്ങളിലായി ആകെ അനുവദിച്ച 751272166/രൂപയിൽ 340643362/ രൂപ മാത്രമാണ് പ്രോജക്ടുകളുടെ നിർവഹണത്തിനായി ചെലവഴിക്കാൻ സാധിച്ചത്. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പോയതുക 410628804/രൂപ. അതായത് ഗ്രാന്റിനത്തിൽ അനുവദിച്ച തുകയിൽ 55% തുകയും ലാപ്സായി. കൊവിഡ് മൂലം പ്രൊജക്ട് നിർവ്വഹണപ്രവൃത്തികൾ തടസ്സപ്പെട്ടത് മാർച്ച് മാസത്തിൽ മാത്രമാണ്. പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താതെ മാർച്ച് മാസത്തിലേക്ക് മാറ്റിവയ്ക്കപ്പെടുന്നസാഹചര്യം നിലനില്ക്കുന്നതാണ് ഇപ്രകാരം നാല്പതുകോടിയിലധികം രൂപ ജില്ലാപഞ്ചായത്തിന് നഷ്ടപ്പെടാൻ കാരണം. പ്രോജക്ട് രൂപീകരണ നിർവഹണ നടപടികളിൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം കൃത്യമായി പാലിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും വികസന പദ്ധതികൾക്കായി ലഭ്യമാക്കുന്ന സർക്കാർ ധനസഹായം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

**<u>വാർഷികപദ്ധതിയിലൂടെയുണ്ടായ നേട്ടങ്ങളും നടപ്പാക്കിയതിലെ അപാകതകളും സംബന്ധിച്ച വിലയിരുത്തൽ .</u>**

ഉല്പാദന, സേവന, പശ്ചാത്തലമേഖലകളിലായി ഏറ്റെടുത്ത പ്രോജക്ടുകൾ ജനങ്ങളുടെ ജീവിതസൗകര്യങ്ങളുടെ വർധനവിനും, വ്യത്യസ്തമേഖലകളുടെ വികസനത്തിനും സഹായിച്ചിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയവയിൽ പ്രധാനമായ പ്രോജക്ടുകളാണ് വിവിധപഞ്ചായത്തുകളിൽ കുടിവെള്ളവിതരണപദ്ധതികൾക്കായി പൈപ്പ് ലൈൻ നീട്ടൽ,കുടിവെള്ളപദ്ധതികൾ, തെരുവ് വിളക്കുകൾ, കോളനികൾ തുടങ്ങിയവയ്ക്കായി ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ള ലഭ്യതയ്ക്കായി കുഴൽകിണർ നിർമ്മിക്കൽ എന്നിവ കേരളവാട്ടർ അതോറിട്ടി, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ച് പ്രസ്തുതസ്ഥാപനങ്ങൾ പ്രവൃത്തികൾ നടപ്പിലാക്കുന്ന വിധമാണ് പ്രോജക്ട് വിഭാവനം ചെയ്തത്. വാട്ടർ അതോറിട്ടിയുടെ വിവിധ ഓഫീസുകളിലായി 9314818/രൂ, ഇലക്ട്രിസിറ്റി ബോർഡിൽ 5835270/രൂ, ഭൂജലവകുപ്പിൽ 299360/രൂ ഉൾപ്പെടെ ആകെ 15449448/രൂപ ഇപ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ബഹുഭൂരിപക്ഷം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ സമയബന്ധിത ലക്ഷ്യപ്രാപ്തി സംബന്ധിച്ച മേൽ നിരീക്ഷണവും നടന്നില്ല. ആയതിനാൽ വിവിധവർഷങ്ങളിലായി നിക്ഷേപിക്കപ്പെട്ട വൻ തുകകൾ ഈ മൂന്ന് നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു. നിക്ഷേപിക്കുന്ന മുഴുവൻ തുകയുടെയും പ്രവൃത്തിനടക്കുന്നുണ്ടോയെന്നും ബാക്കിതുക തിരികെ ലഭിക്കുന്നോയെന്നും നിരീക്ഷിക്കുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നില്ല.

കൃഷി അസി. എക്സി. എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം, വാച്ചാൽനിർമ്മാണം, പമ്പ്ഹൗസ്, പെട്ടി, പറ, മോട്ടോർ എന്നിവ സ്ഥാപിക്കൽ, തോടുകളുടെ ആഴം കൂട്ടി സംരക്ഷണഭിത്തി നിർമ്മാണം എന്നിവ ശ്രദ്ധേയമാണ്. നെൽപാടങ്ങൾ കൃഷിയോഗ്യമാക്കി, നെല്ലുല്പാദനം വർധിപ്പിക്കുന്നതിന് ഈ പ്രോജക്ടുകൾ സഹായകമായിട്ടുണ്ട്.

സ്കൂളുകൾക്ക് ഫർണിച്ചർ, മൈക്ക് സെറ്റുകൾ, വാട്ടർ പ്യൂരിഫയർ, ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റുകൾ തുടങ്ങി ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടുകൾ വിദ്യാർഥികളുടെ ആരോഗ്യ വിദ്യാഭ്യാസനിലവാര വർധനവിന് സഹായകമായി. എന്നാൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റുകൾ പലതും കുട്ടികൾക്ക് ഉപയോഗിക്കാൻ പാകത്തിൽ പൂർത്തിയാക്കിയതുസംബന്ധിച്ച പരിശോധനയോ, പ്രവൃത്തിയുടെ മോണിട്ടറിംഗോ നടന്നതിന്റെ വിവരങ്ങൾ ഇല്ല. പട്ടികജാതിവികസനഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളായ എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, പഠനമുറി, അംഗപരിമിതരായവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ എന്നിവ ഈ വിഭാഗത്തിലെ വിദ്യാർഥികൾക്കും, ഭിന്നശേഷിയിൽപെട്ടവർക്കും സഹായകമായി.

പകർച്ചവ്യാധിപ്രതിരോധമരുന്നുൾപ്പെടെ ആയുർവേദചികിത്സാമേഖലയിൽ നടപ്പിലാക്കിയ മരുന്നുവാങ്ങൽ പ്രോജക്ടുകൾ വളരെ പ്രയോജനകരമായിട്ടുണ്ട്. അലോപ്പതി ചികിത്സാവിഭാഗത്തിന്റെ മേൽനോട്ടത്തിൽ പാലിയേറ്റീവ് കെയർ, വയോജനാരോഗ്യപരിരക്ഷ എന്നീപ്രോജക്ടുകൾ ജനോപകാരപ്രദമായി നടക്കുന്നു. ഹോമിയോ മരുന്നുവാങ്ങൽ എന്ന പ്രോജക്ടിലൂടെ ഹോമിയോ ചികിത്സാസമ്പ്രദായത്തിന്റെ പ്രയോജനങ്ങൾ സമൂഹത്തിന് ലഭ്യമാക്കുകയുണ്ടായി.

ലൈഫ് ഭവനപദ്ധതിക്കായി ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങളിലായി യഥാക്രമം 75815341/, 3350080/, 3217635/ രൂപ വീതം ആകെ 82383056/രൂ ദാരിദ്ര്യലഘൂകരണയൂണിറ്റ് പ്രോജക്ട് ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ പി.എം.എ.വൈ പദ്ധതിപ്രകാരവും തുക ചെലവഴിച്ചു. എന്നാൽ വീടുകളുടെ

പൂർത്തീകരണം സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല. എച്ച്.ഐ.വി രോഗബാധിതർക്കായി പോഷകാഹാരവിതരണം, എച്ച്.ഐ.വി ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ് എന്നിവ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളാണ്. കൂടാതെ തെരുവുനായ നിയന്ത്രണം, ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് തുടങ്ങിയ ജനോപകാരപ്രദമായ പ്രോജക്ടുകളും നടപ്പിലാക്കി.

മോണിട്ടറിംഗ് സമിതികൾ ചേർന്ന് പ്രോജക്ടുകൾ വിലയിരുത്തുകയോ, ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. പ്രോജക്ട് രൂപീകരണവും നിർവ്വഹണവും പ്രാദേശികമായ ആവശ്യങ്ങൾക്കനുസരണമായും, ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കിയുമായിരിക്കണമെന്നാണ് ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ നിഷ്കർഷിക്കുന്നത്. എന്നാൽ പല പ്രോജക്ടുകളും പ്രസ്തുത കാഴ്ചപ്പാടോടെയോ, ഗ്രാമസഭപോലെ അടിസ്ഥാനഘടകങ്ങളിൽ നിന്നുയർന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിലോ ആണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കാനാവുന്നില്ല. പഞ്ചായത്തുരാജ് നിയമപ്രകാരം ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന മേഖലകളിൽ ബൃഹത്തായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മതിയായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതംവച്ച് ഭാഗികമായി പ്രോജക്ടുകൾ നടപ്പാക്കുന്നതുമൂലം പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനും, ഗുണഫലങ്ങൾ ലഭിക്കുന്നതിനും കാലതാമസമുണ്ടാവുകയും, ഗുണമേന്മ കുറയുകയും ചെയ്യുന്നു. കൂടാതെ ചെലവിൽ അനാവശ്യ വർധനവും ഉണ്ടാകുന്നു.

**<u>മരാമത്ത് പ്രവൃത്തികൾ</u>**

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച 1172 പ്രോജക്ടുകളിൽ 878 എണ്ണം മരാമത്ത് പ്രവൃത്തികളാണ്. ആയത് എൻജിനീയറിംഗ് വിഭാഗം വഴിയാണ് ഏറ്റെടുത്തത്. ഇതിൽ 335 എണ്ണം നടപ്പാക്കി. ആകെ വാർഷിക പദ്ധതി അടങ്കൽ 1154212371 രൂപ വകയിരുത്തിയതിൽ 763265908 രൂപ മരാമത്ത് പ്രവൃത്തികൾക്കാണ്. 335 പ്രവൃത്തികൾ നടപ്പാക്കുന്നതിനായി 202838129 രൂപ വിനിയോഗിച്ചിട്ടുണ്ട്. ചെലവ് ശതമാനം 26.57. വാർഷിക പദ്ധതി അടങ്കലിന്റെ 66 ശതമാനം തുക മരാമത്ത് പ്രവൃത്തികൾക്കായി നീക്കി വെച്ചെങ്കിലും ചെലവ് ശതമാനം ഇത്രത്തോളം കുറയുന്നത് ആശാസ്യമല്ല. ജില്ലാ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെയും വിശിഷ്യാ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

എക്സിക്യൂട്ടീവ് എൻജിനീയർ 35 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 15 എണ്ണം നടപ്പാക്കി. വിവിധ സ്രോതസ്സുകളിൽ നിന്നും 50037582 രൂപ വകയിരുത്തിയതിൽ 13277300 രൂപ വിനിയോഗിച്ചു. ചെലവ് ശതമാനം 26.53. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 843 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 320 എണ്ണം നടപ്പാക്കി. 843 പ്രോജക്ടുകൾക്കായി 713228326 രൂപ വകയിരുത്തിയതിൽ 189560829 രൂപ വിനിയോഗിച്ചു. ചെലവ് ശതമാനം 26.57.

ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്ഥലത്തിന്റെ കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇത്തരം പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ മിക്കതും സംയുക്ത പ്രോജക്ടുകളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവിധ ഘടക സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ഇനങ്ങൾ ചേർക്കാറുണ്ടെങ്കിലും ഓരോരുത്തരെയും ചുമതലപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ പൂർത്തീകരണ വിവരം ഫയലിൽ ഉൾപ്പെടുത്താറില്ല. ആയതിനാൽ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഘടക സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് ബില്ലുകൾ സൂക്ഷ്മപരിശോധന നടത്താതെ എം ബുക്ക് പ്രകാരമുള്ള വേലമൂല്യത്തിന്റെ 75 ശതമാനത്തിൽ പരിമിതപ്പെടുത്തി പാസ്സാക്കുന്ന പ്രവണത കണ്ടുവരുന്നു. തൻമൂലം മിക്ക പ്രവൃത്തികളിലും 30% ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഉണ്ടാകുന്നു. ജില്ലാ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന ഗണ്യമായ തുക നഷ്ടമാകുന്ന അവസ്ഥ ഒഴിവാക്കാൻ ബില്ലുകൾ സൂക്ഷ്മപരിശോധന നടത്തി പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം</u>

<u>ഓഡിറ്റിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.</u>

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി സെക്രട്ടറി വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു. ജില്ലാ പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തിക നിലവിലില്ലാത്തതിനാൽ ദൈനംദിന സാമ്പത്തിക വിനിമയങ്ങൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതും ഇതുസംബന്ധമായ രജിസ്റ്ററുകൾ പരിപാലിക്കുന്നതും ഒരു സീനിയർ ക്ലർക്കാണ്. പരിശീലനം ലഭിച്ച അക്കൗണ്ടന്റിന്റെ അഭാവത്തിൽ കണക്കുകളുടെ സൂക്ഷിപ്പിൽ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10കാണുക).

വിവിധ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന കാലി വീപ്പകളുടെ വില ( ജി എസ് റ്റി ഉൾപ്പടെ ) ട്രഷറി TSB അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് അതാത് സമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല. മാസത്തിൽ ഒറ്റ തവണയായിട്ടാണ് ആയത് രേഖപ്പെടുത്തുന്നത് (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-46 കാണുക).

അഡ്വാൻസ് രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ജില്ലാ പഞ്ചായത്തിലെ വിവിധ വാഹനങ്ങളുടെ മെയിന്റനൻസ് നടത്തുന്നത് കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്സെൻഷ്യാലിറ്റി സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്(ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 കാണുക). വാഹനങ്ങളുടെ മൈലേജ് സർട്ടിഫിക്കേഷൻ കൃത്യമായി നടത്തുന്നതായി കാണുന്നില്ല.

വിവിധ വരവുകൾക്ക് ഒരേ രസീത് നമ്പർ സാംഖ്യയിൽ രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-9 കാണുക).

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടവയുൾപ്പെടെ മിനിറ്റ്സ് ബുക്കുകളുടെ സൂക്ഷിപ്പിൽ മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. പലതിലും ഹാജർ രേഖപ്പെടുത്തുന്നതിലപ്പുറം മറ്റ് വിവരങ്ങൾ ഇല്ല. മറ്റ് വിവരങ്ങൾ ചേർക്കുന്നവയും ഉത്തരവാദിത്തപ്പെട്ടവർ ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല.

2019-20 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് 13-12-2019 ന് ശേഷമുള്ളതും ,ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് 2-12-2019ന് ശേഷമുള്ളതും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് 25-10-2019 ന് ശേഷമുള്ളതും ലഭ്യമായില്ല.

## 1-5 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ വിവിധ തീയതികളിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പരിശോധനാ തീയതി/ സമയം | ക്യാഷ് | ഡി.ഡി | അഭിപ്രായം |
|---|---|---|---|---|
| 1 | 29.07.2020 3.00 പി.എം | 0 | 0 | കൃത്യതബോധ്യപ്പെട്ടു |
| 2 | 28.09.2020 3.30 പി.എം | 0 | രൂ 27962 -നം 921812<br>രൂ 49,000 -നം 921813 | കൃത്യതബോധ്യപ്പെട്ടു |
| 3 | 27.10.2020 3.20 പി.എം | 75199 | 0 | കൃത്യതബോധ്യപ്പെട്ടു |
| 4 | 25.11.2020 3.27 പി.എം | 58500 | 0 | കൃത്യതബോധ്യപ്പെട്ടു |
| 5 | 24.12.2020 3.02 പി.എം | 0 | 0 | കൃത്യതബോധ്യപ്പെട്ടു |
| 6 | 27.01.2021 3.09 പി.എം | 1200 | 0 | കൃത്യതബോധ്യപ്പെട്ടു |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.06.2019-18.06.2019 | 2018-19 രണ്ടാം ഘട്ടം | 16/ ആർ.പി.എ.ഡബ്ള്യു/ കെ എൽ എം/ തീയതി 15/07/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2019-20.07.2019 | 2017-18<br>2018-19 | 1) LBA(HQ)11/11/8A-35/2019-20/313<br>2.LBA(HQ)11/11/8-B33/2019-20/315 Dtd 09.08.2019. |

## 1-7 വാർഷികകണക്കുകളുടെ അവലോകനം

ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൻ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ജില്ലാ പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. ജില്ലാ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2020-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.7-ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ കഴിഞ്ഞ വർഷത്തെ ബാലൻസ്(ബി 7), തൻവർഷത്തെ വരവ് (ആർപി 34), ചെലവ് (ആർപി 34), ബാലൻസ് (ബി 7)എന്നിവ പൊരുത്തപ്പെടുന്നില്ല.

4. സർക്കാർ/മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന തുകകളുടെ വരവ്/വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾട്ടത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. സർക്കാരിലും മറ്റ് ഏജൻസികളിലും ഒടുക്കുന്നതിന് റിക്കവർ ചെയ്ത തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ബി-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

7. വികസന ഫണ്ട് (പൊതുവിഭാഗം), (എസ്.സ്സി.പി) എന്നിവയുടെ ആർ പി-7 ഷെഡ്യൂൾപ്രകാരമുള്ള വരവ്/ചെലവ് സുലേഖ ചെലവ് പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8. പാർട്ട് ബിൽ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-11(എ) ഷെഡ്യൂളിലെ 412010101-Capital Work In Progress ശീർഷകത്തിലെ രൂപയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

9. മുൻകൂർ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി-18-ഷെഡ്യൂളുകളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ കഴിഞ്ഞ വർഷത്തെ ബാലൻസ്(ബി 18), തൻവർഷത്തെ വരവ് (ആർപി 47), ചെലവ് (ആർപി 47), ബാലൻസ് (ബി 18)എന്നിവ പൊരുത്തപ്പെടുന്നില്ല.

10. നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുകകൾ പൂർണ്ണമായും നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂർ എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയതിൽ ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ കൃത്യമായ വിവരം ബി-18 ഷെഡ്യൂളിൽ ലഭ്യമല്ല.

11. ബി-4 ഷെഡ്യൂളിൽ 320800101-Beneficiary Contribution ശീർഷകത്തിൽ മുൻവർഷങ്ങളിലെ അവശേഷിക്കുന്ന 38,677/- രൂപയുടെ വിശദാംശം ലഭ്യമല്ല.

12. സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ യഥാക്രമം 320700201, 320700203, 320700204 എന്നീ ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇവയുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിക്കാത്തതിനാൽ മേൽപറഞ്ഞ ശീർഷകങ്ങളിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

13. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ആർ പി-5-ഷെഡ്യൂളിലെ വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല.

14. ഐ-18 ഷെഡ്യൂൾ പ്രകാരമുള്ള മുൻവർഷ ക്രമീകരണങ്ങളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല.

15. RP 3 ഷെഡ്യൂളിലെ ആഡിറ്റോറിയം, ഹാൾ വാടക എന്ന ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 121200 രൂപയുടെ വരവുണ്ട്. എന്നാൽ മേൽ വരവിൻെറ രജിസ്റ്ററിൽ 114000 രൂപയുടെ വരവാണുള്ളത്. വർഷാവസാനം രജിസ്റ്റർ സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല.

16.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നം. 67255971951 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

17. RMSA Ledger Book OB, 46537756/- എന്ന തുകയായിരിക്കെ, AFS RP40(A) യിലെ OB 46485256/- ആയി വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-8 രസീത് പരിശോധന നടപടികളിലെ- അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ) നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. ഫാം സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം, കോഴ പേർക്ക് ഇഷ്യൂ ചെയ്ത ഉപയോഗിച്ച രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതിന്റെ വിവരവും ഇല്ല.

| രസീത് ബുക്ക് നം. | രസീത് നം. | തുക |
|---|---|---|
| 47491 | 8 | 70 |
| 47491 | 9 | 225 |
| 47497 | 64 | 75 |
| 47497 | 65 | 70 |

2. താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയപ്പോൾ കുറവ് വന്നതായി കാണുന്നു. കൂടാതെ ഒടുക്ക് വരുത്തിയിട്ടുള്ളത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയാണ്.

| രസീത് ബുക്ക് നം. | രസീത് നം. | രസീത് പ്രകാരം തുക | കളക്ഷൻ രജിസ്റ്ററിലെ തുക |
|---|---|---|---|
| 47490 | 92 | 1000 | 200 |
| 47495 | 33 | 1139 | 439 |

3. 47491 നം. രസീത് ബുക്കിലെ 77-ാം നമ്പർ രസീത് പ്രകാരം ആകെ 135 രൂപ വരവുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ വരവ് 130 രൂപയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രസീതിൽ രേഖപ്പെടുത്തിയ ഇനങ്ങളും അവയുടെ തുകയും കൂട്ടിയാൽ 155 രൂപ വരവുള്ളതായി കാണുന്നു.

4. പിരിക്കുന്ന തുകകൾ അതാത് ദിവസം ബാങ്ക് അക്കൗണ്ടിൽ അടയ്ക്കുന്നില്ല. അതിനാൽ പാസ്ബുക്ക് പരിശോധിച്ചതിൽ മുഴുവൻ പിരിവ് തുകകളും ബാങ്ക് അക്കൗണ്ടിൽ അടവാക്കിയിരുന്നോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/2019-20) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം.1, 2, 3 അപാകതകളിലെ ആകെ തുകയായ 1965/- രൂ.രസീത് ബുക്ക് നം. 13897 ലെ 65/14.10.2020 പ്രകാരം അടവാക്കിയിട്ടുള്ളതും പിരിവ് തുകകൾ അതാത് ദിവസം അടവാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പണപിരിവിനായി ഉപയോഗിക്കുന്ന രസീതു ബുക്കുകൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് കൃത്യതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

## 1-9 പണം സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പണം പിരിവ്, ഒടുക്ക്, പിൻവലിക്കൽ തുടങ്ങിയവയുടെ പരിശോധനയുമായി ബന്ധപ്പെട്ട്, രസീത്, ഡേ ബുക്ക്, സ്റ്റേറ്റ്മെന്റ് മുതലായ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. / തീയതി | സ്റ്റേഷനറി നം. | തുക | തുക അടവാക്കിയ സ്ഥാപനം/ വിശദാംശങ്ങൾ |
|---|---|---|---|---|
| 1. | 120010400020/03.08.2020 | B 6506966 | 40000/- | അസി. ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് |
| 2. | 120010400020/03.08.2020 | B 6506967 | 14665/- | അസി. ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് |
| 3. | 120010400020/05.08.2020 | B 6506970 | 30620/- | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) - ഹയർ ചാർജ്ജസ് |
| 4. | 120010400020/05.08.2020 | B 6506971 | 45300/- | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) - ഹയർ ചാർജ്ജസ് |
| 5. | 120010400020/06.08.2020 | B 6506972 | 49000/- | അസി. ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് |
| 6. | 120010400020/06.08.2020 | B 6506973 | 34542/- | അസി. ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് |

30.07.2020 തീയതിയിലെ '120010400021' നം. രസീത് പ്രകാരം (സ്റ്റേഷനറി നം. B 6506965), 43518/- രൂപ, അസി. ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് നിന്നും സ്വീകരിച്ചിരുന്നു. ടി തീയതിക്ക് ശേഷം, തുടർന്നുള്ള തീയതികളിൽ, മേൽ പട്ടിക പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും, വിവിധ ദിവസങ്ങളിൽ, വിവിധ ഇനങ്ങളിൽ, "120010400020" എന്ന ഒരേ രസീത് നമ്പറിൽ ആവർത്തിച്ച് പണം സ്വീകരിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 42/23.12.2020) മറുപടി ലഭ്യമായിട്ടില്ല. വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-10 ഇ-ടെൻഡർ ഫീസ് - ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് തുക കൈമാറിയില്ല

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളിൽ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകകൾ (ഫോറം വില + വാറ്റ്) കോട്ടയം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കളക്ടേറ്റ് ശാഖയിലുള്ള 67255971951 നമ്പർ

അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. നാളിതുവരെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ടെൻഡർ ഫീ ഇനത്തിൽ ലഭിച്ച തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകാതെ പ്രസ്തുത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. കോട്ടയം എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 15.12.2020 തീയതിയിലെ എ.ബി.3 / 1244 /17 നം. ഉത്തരവ് പ്രകാരം, എൽ.എസ്.ജി.ഡി ഡിവിഷൻ കോട്ടയം നടത്തിയ ഇ ടെൻഡറിന്റെ ഫോറവിലയായി, [2014 ഒക്ടോബർ 1 മുതൽ 2015 സെപ്റ്റംബർ 30 വരെയും, 2018 ജൂലൈ 1 മുതൽ 2020 മാർച്ച് 31 വരേയുമുള്ള കാലയളവിൽ] ബന്ധപ്പെട്ട അക്കൗണ്ടിൽ ലഭ്യമായ തുകയായ 927910/- രൂപ [16.12.2020 തീയതിയിലെ 010421 നം. ചെക്ക് - എസ്.ബി.ഐ] ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇ ടെന്റർ ഫോറവില സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്ത 2015 ഒക്ടോബർ മുതൽ 2018 ജൂൺ വരെയുള്ള കാലയളവിലെ വിവരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി എൻ.ഐ.സി -ക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. ടെൻഡർ ഫീ ഇനത്തിൽ പ്രസ്തുത അക്കൗണ്ടിലേക്ക് വന്ന തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ 01.04.2019-ൽ 1,48,62,039/- രൂപ മുന്നിരിപ്പും, 31.03.2020-ൽ 1,68,26,326/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2015-16 ഖണ്ഡിക – 2-4, 2016-17 ഖണ്ഡിക - 2-5(1), 2017-18 ഖണ്ഡിക – 2-5, 2018-19 ഖണ്ഡിക- 1-52) വിഷയം സംബന്ധിച്ച് പരാമർശം ഉള്ളതാണ്. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും അർഹമായ തുക കൈമാറാതെ അക്കൗണ്ടിൽ നിലനിർത്തുന്നത് സംബന്ധിച്ചും, തുക അക്കൗണ്ടിൽ അവശേഷിച്ചിട്ടും അക്കൗണ്ടിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതും ഇതിൽ ഉൾപ്പെട്ട ബാദ്ധ്യത തുകകൾ പ്രത്യേകമായി നിർണ്ണയിച്ച് ബാദ്ധ്യതാ കണക്കിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [70/21.01.2021] മറുപടി ലഭ്യമായിട്ടില്ല. ടെൻഡർ ഫീസിനായി പരിപാലിച്ചുവരുന്ന ബന്ധപ്പെട്ട അക്കൗണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണുള്ളതെങ്കിലും, ഇതിൽ നീക്കിയിരിപ്പുള്ള തുക ജില്ലാ പഞ്ചായത്തിന്റെ ബാധ്യത ആയതിനാൽ ടി അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തി ധനകാര്യപത്രികയുടെ ഭാഗമാക്കേണ്ടത് അനിവാര്യമാണ്. ടി വിഷയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ നടപടി ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിൽ അപാകത

30.06.2007 തീയതിയിലെ സ.ഉ [എം.എസ്] നം. 170/ 07/ തസ്വഭവ പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് പൊതു മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹന രജിസ്ട്രേഷൻ | ചെയ്ത പ്രവൃത്തി | പ്രവൃത്തി ചെയ്ത സ്ഥാപനം | ഇൻവോയ്സ് നം. തുക | ഉത്തരവ് നം. | അനുവദിച്ച തുക | എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|---|
| 1. | KL 05 AH 999 | ടൊയോട്ട ഇന്നോവ കാറിന്റെ ഫ്രണ്ട് ബംപർ റിപ്പയർ ചെയ്ത് പോളിഷ് ചെയ്തത് സംബന്ധിച്ച് | മൈ മെക്കാനിക് സ്പെയർ & സർവീസസ്, ഏറ്റുമാനൂർ | 1625/05.12.2019<br>2975/- | B1-793/2015/13.01.2020<br>തനത് ഫണ്ട് | 2975/- | അസി. എഞ്ചിനീയർ (അഗ്രി) |
| 2. | KL 05 AC 5058 | മാരുതി സ്വിഫ്റ്റ് കാറിന്റെ സീറ്റ് റീഫിക്സിംഗ്, ഫ്ലോർ മാറ്റ് വർക്ക്, റണ്ണിംഗ് ബോർഡ് അറ്റകുറ്റപ്പണി, പെയിന്റിംഗ് മുതലായവ സംബന്ധിച്ച് | മൈ മെക്കാനിക് സ്പെയർ & സർവീസസ്, ഏറ്റുമാനൂർ | 1443/07.01.2020<br>9194/- | B1-753/2015/14.01.2020<br>തനത് ഫണ്ട് | 9194/- | അസി. എഞ്ചിനീയർ (അഗ്രി) |
| 3. | KL 05 AF 4416 | ജില്ലാ പഞ്ചായത്ത് ഔദ്യോഗിക വാഹനമായ മഹിന്ദ്ര ബൊലേറോയുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് | മൈ മെക്കാനിക് സ്പെയർ & സർവീസസ്, ഏറ്റുമാനൂർ | 1541/27.01.2020<br>686/- | B1-1566/2015/29.01.2020<br>തനത് ഫണ്ട് | 686/- | അസി. എഞ്ചിനീയർ (അഗ്രി) |
| 4. | KL 05 AC 5058 | മാരുതി സ്വിഫ്റ്റ് കാറിന്റെ ഓവർ | ഇൻഡസ് മോട്ടോർ | 061/BR/19003735/21.01.2020 | B1-753/2015/03.02.2020 | 7441/- | അസി. എഞ്ചിനീയർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഹീറ്റിങ് തകരാർ സംബന്ധിച്ച് | പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം | 7441/- | തനത് ഫണ്ട് | | (അഗ്രി) |
| 5. | KL 05 AH 999 | ടൊയോട്ട ഇന്നോവ കാറിന്റെ പീരിയോഡിക്കൽ സർവീസ് ചാർജ്ജ് | നിപ്പോൺ മോട്ടോർ കോർപ്പറേഷൻ ലിമിറ്റഡ്, നാട്ടകം, കോട്ടയം | Tax C9-20658 (Cash)/25.01.2020 17606/- | B1-793/2015/13.03.2020 തനത് ഫണ്ട് | 17606/- | അസി. എഞ്ചിനീയർ (അഗ്രി) |
| | | | | | ആകെ തുക | 37902/- | |

മേൽ പ്രവൃത്തികൾ സംബന്ധിച്ച് അസി. എഞ്ചിനീയർ (അഗ്രി), എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുവാനം, ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നല്കാനുമുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 34/15.12.2020) മറുപടി ലഭ്യമായിട്ടില്ല. വാഹനങ്ങളുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വൈദഗ്ധ്യം അനിവാര്യമായ വിഷയങ്ങളിൽ കൃഷി അസി. എഞ്ചിനീയർ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്ന നടപടി യുക്തിഭദ്രമാണോയെന്നതും, ടി ചുമതല ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ചും പരിശോധിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-12 പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല</u>

നിക്ഷേപ പ്രവൃത്തികളുടെ ഭാഗമായി വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളടക്കം വിവിധ പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്താതെ തുടർനടപടികൾ സ്വീകരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. തനത് ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ മാത്രമാണ് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്. തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ, എല്ലാവിധ ചെലവ് വിശദാംശങ്ങളും അതത് സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ബിൽ രജിസ്റ്ററിന്റെ ഭാഗമാക്കേണ്ടതാണ്.

## <u>1-13 അനർഹമായ ശമ്പളം അനുവദിച്ച് നൽകി.</u>

ജില്ലാ പഞ്ചായത്ത് സീനിയർ ക്ലർക്ക് ശ്രീമതി. ഷേർലി സാബുവിന്റെ സർവീസ് കാലയളവിലെ ശൂന്യവേതനാവധി പരിഗണിക്കാതെ, വിവിധ വർഷങ്ങളിലുള്ള ശമ്പള നിർണ്ണയം, സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ അംഗീകരിച്ച് നൽകിയതിലുള്ള പിഴവ് മൂലം, ടിയാൾക്ക് അനർഹമായ ശമ്പളം അനുവദിച്ച് നൽകിയതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോട്ടയം ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 30.01.2020 തീയതിയിലെ കെ.എസ്.എ-കെ.ടി.എം/പി.16 - 1564 (2)/2019 നം. കത്ത് പ്രകാരം, ടി യാളുടെ 01.03.1997 ലെ ശമ്പളം 3050 - 5230 ശമ്പള സ്കെയിലിൽ 3275/- രൂപയായി അംഗീകരിച്ചിട്ടുണ്ട്. സർവീസിൽ വിവിധ കാലയളവിലായി, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലമില്ലാതെ ടിയാൾ, 452 ദിവസത്തെ ശൂന്യവേതനാവധിയിൽ (അയോഗ്യ കാലയളവ്) പ്രവേശിച്ചിട്ടുണ്ട്. എന്നാൽ ടി ശൂന്യവേതന കാലയളവ് തള്ളാതെയാണ് തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ, വിവിധ പേ റിവിഷൻ ഉത്തരവുകളുടെ ഭാഗമായുള്ള ശമ്പള നിർണ്ണയം, സമയ ബന്ധിത ഹയർ ഗ്രേഡ് തുടങ്ങിയവ അനുവദിച്ച് ശമ്പളം നൽകിയിട്ടുള്ളത്. ടി പിഴവ്, സമയ ബന്ധിതമായി ഓഡിറ്റ് മുൻകാലങ്ങളിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ശ്രീമതി. ഷേർലി സാബു, സീനിയർ ക്ലർക്ക് 30.04.2021 തീയതിയിൽ സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2020 തീയതിയിലെ ഇ1-2331/2016 നം. കത്ത് പ്രകാരം, മേൽ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, സർവീസ് ബുക്കിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയ്ക്ക് വിധേയമായി, ടിയാളുടെ സേവന കാലയളവിലെ 10, 16, 22, 27 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള സമയ ബന്ധിത ഹയർ ഗ്രേഡുകൾക്കൊപ്പം, ചുവടെ ചേർക്കും പ്രകാരമുള്ള ശമ്പള നിർണ്ണയവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോട്ടയം ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 23.01.2021 തീയതിയിലെ കെ.എസ്.എ-കെ.ടി.എം/പി.16 - 1504/2020 നം. കത്ത് പ്രകാരം, അംഗീകാരം നൽകിയിട്ടുണ്ട്.

| പ്രാബല്യ തീയതി | ശമ്പള സ്കെയിൽ | ശമ്പളം | സർക്കാർ ഉത്തരവ് | ശമ്പളനിർണ്ണയത്തിന് അംഗീകാരം നൽകിയത് സംബന്ധിച്ച് |
|---|---|---|---|---|
| 01.03.1997 | 3050-5230 | 3275/- | ജി.ഒ (പി) നം. 3000/98/ഫിൻ തീയതി 25.11.1998 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോട്ടയം ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 30.01.2020 തീയതിയിലെ കെ.എസ്.എ-കെ.ടി.എം/പി.16 - |

| | | | | |
|---|---|---|---|---|
| | | | | 1564 (2)/2019 നം. കത്ത് |
| 01.07.2005 | 5650-8790 | 7480/- | ജി.ഒ (പി) നം. 145/06/ ഫിൻ തീയതി 25.03.2006 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോട്ടയം ജില്ലാ ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 23.01.2021 തീയതിയിലെ കെ.എസ്.എ-കെ.ടി.എം/പി.16 - 1504/2020 നം. കത്ത് |
| 01.07.2009 | 11620-20240 | 16180/- | ജി.ഒ (പി) നം. 85/11/ ഫിൻ തീയതി 26.02.2011 | |
| 01.07.2014 | 25200-54000 | 38500/- | ജി.ഒ (പി) നം. 07/16/ ഫിൻ തീയതി 20.01.2016 | |

ഡ്യൂ - ഡ്രോൺ പത്രിക പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതും, അംഗീകരിച്ച ശമ്പള നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ, അർഹമല്ലാത്ത അധികമായി വിതരണം ചെയ്ത ശമ്പള തുക, ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം, ഭാവിയിൽ നൽകുന്ന സർവീസ് ആനുകൂല്യങ്ങളിൽ നിന്നും, ജി.ഒ (പി) നം. 169/2019/ഫിൻ/തീയതി 13.12.2019 പ്രകാരം ഫയൽ ചെയ്തിട്ടുള്ള അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ ടിയാളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പങ്കാളിത്ത പെൻഷൻ - കുടിശ്ശിക തുകകളിൽ നിന്നും എൻപിഎസ് അക്കൗണ്ടിൽ തുക ഒടുക്കിയിട്ടില്ല

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% ശമ്പളത്തിൽ നിന്നും ഈടാക്കി പ്രസ്തുത തുകയും പഞ്ചായത്ത് വിഹിതമായ 10% തുകയും ചേർത്ത് ജീവനക്കാരുടെ എൻപിഎസ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. 2019-2020 സാമ്പത്തിക വർഷം പഞ്ചായത്തിലെ പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ലഭ്യമായ ഡിഎ കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഓ.(പി) 44/2019/ഫിൻ തീയതി 04.04.2019, ജി.ഓ.(പി) 57/2019/ഫിൻ തീയതി 13.05.2019 എന്നിവ പ്രകാരം 01.01.2018 മുതൽ 01.07.2018 വരെ കാലയളവിൽ അനുവദിച്ച ഡിഎ കുടിശ്ശിക ജീവനക്കാർക്ക് ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | ലഭിച്ച ഡിഎ കുടിശ്ശിക | ജീവക്കാരിൽ നിന്നും ഈടാക്കേണ്ട എൻപിഎസ് വിഹിതം | പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1 | അനിൽ രാജൻ ഡ്രൈവർ ഗ്രേഡ് I | 14552 | 1455 | 1455 |
| 2 | സ്വപ്ന ദിവാകരൻ ഓഫീസ് അറ്റൻഡൻറ് | 13130 | 1313 | 1313 |
| | | ആകെ | 5536/- | |

പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള മേൽ ജീവനക്കാരുടെ ഡിഎ കുടിശ്ശികയിൽ നിന്ന് എൻ പി എസ് വിഹിതം അടവാക്കിയതിൻെറ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരുടെ ഡിഎ കുടിശ്ശികയുടെ എൻപിഎസ് വിഹിതം അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വെള്ളക്കരം - ബിൽ തുകകളിൽ 6639/- രൂപയുടെ പിഴ.

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായ കോട്ടയം ജനറൽ ആശുപത്രിയുടെ 03.12.2019 മുതൽ 04.02.2020 വരെയുള്ള വാട്ടർ ചാർജ്ജിനത്തിലുള്ള 3,68,727/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനായി ആശുപത്രി സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ബില്ലുകൾ {ബിൽ നം. 57310379/01.02.2020 (കൺസ്യൂമർ ഐ.ഡി : 2355118484), ബിൽ നം. 57310381/01.02.2020 (കൺസ്യൂമർ ഐ.ഡി : 2355118492)}പരിശോധിച്ചതിൽ 6639/- രൂപ പിഴ തുകയായി ചേർത്തിട്ടുണ്ട്. ടി പിഴ തുകയായ 6639/- രൂപ കിഴിച്ചുള്ള തുകയായ 3,62,088/- രൂപ, ജില്ലാ പഞ്ചായത്തിന്റെ STSB (14) A/C No. 21 - ൽ നിന്നും വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ B4-3438/2018/17.02.2020 നം. ഉത്തരവ് പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലുകളിൽ 6639/- രൂപ പിഴ തുകയായി നിലനിൽക്കുന്നതിനുള്ള കാരണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 35/15.12.2020) മറുപടി ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 തമ്പലക്കാട് മാവേലിക്കുഴി ഗോത്ര ഭൂമി കോളനിക്ക് സ്ഥലം വാങ്ങൽ - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം.606/20

അടങ്കൽ-1000000

ചെലവ്- 975000

ഫണ്ടിനം- വികസന ഫണ്ട് (ടി.എസ്.പി)

ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ കാഞ്ഞിരപ്പള്ളി നിർവ്വഹണം നടത്തിയ തമ്പലക്കാട് മാവേലിക്കുഴി ഗോത്ര ഭൂമി കോളനിക്ക് സ്ഥലം വാങ്ങൽ (നമ്പർ 606/20) എന്ന പ്രോജക്ട് പ്രകാരം ശ്രീ.കുര്യാക്കോസ് തമ്പി, കൊച്ചുപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 31/7,31/ 9 എന്നിവയിൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം വികസനഫണ്ട്(ടി.എസ്.പി.)ൽ നിന്നും 975000/ രൂപ ചെലവഴിച്ച് (ബിൽ നമ്പർ 1/19-20/ 20.05.2019) ഐ.റ്റി.ഡി. പി. പ്രോജക്ട് ഓഫീസർ പേർക്ക് 27.02.2019 ൽ കാഞ്ഞിരപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 29.09.2020 ൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രസ്താവിച്ച സ്ഥലം കാടുപിടിച്ച് കിടക്കുന്നതായി കാണപ്പെട്ടു. വൈക്കം താലൂക്ക് ഓഫീസിനു മുൻപിൽ നിൽപ്പുസമരം എന്ന പേരിൽ ഭൂസമരം നടത്തിയ 10 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ തമ്പലക്കാട് എന്ന സ്ഥലത്ത് ശ്രീ.കുര്യാക്കോസ് തമ്പി, കൊച്ചുപറമ്പിൽ എന്നയാളുടെ തന്നെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 31/7,31/ 9 എന്നിവയിൽ ഉൾപ്പെട്ട രണ്ടര ഏക്കർ സ്ഥലം വാങ്ങി പട്ടികവർഗ്ഗ വകുപ്പ് ആധാരം രജിസ്റ്റർ ചെയ്ത് നൽകിയിരുന്നു. ഈ പട്ടികവർഗ്ഗ സങ്കേതത്തിലെ താമസക്കാരുടെ പൊതു ആവശ്യങ്ങൾക്കുള്ള (കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി മുതലായ സൗകര്യങ്ങൾക്കായി) സ്ഥലം ലഭ്യമാക്കുന്നതിന് രൂപീകരിച്ചതാണ് പ്രസ്തുത പ്രോജക്ട്. 10 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് താമസിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് വാങ്ങി നൽകിയ ഭൂമിയിൽ 4 കുടുംബങ്ങൾ മാത്രമാണ് നാളിതുവരെയായി കുടിൽ കെട്ടി താമസിക്കുന്നത് എന്നും കണ്ടു. പട്ടികവർഗ്ഗ വകുപ്പ് വീട് പണിയുന്നതിനായി ഫണ്ട് അനുവദിച്ചിട്ടും റോഡ്, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇവർക്ക് വീട് പണിയുവാൻ സാധിക്കുന്നില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 30.11.2018 ൽ അന്നത്തെ പ്രോജക്ട് ഓഫീസർ 10 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് താമസിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് വാങ്ങി നൽകിയ സ്ഥലത്ത് വെള്ളം ലഭിക്കാത്തതിനാൽ ആരും താമസിക്കുന്നില്ല എന്നും ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഡിവിഷൻ മെമ്പറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതിനുശേഷം പൊതു ആവശ്യത്തിന് ഭൂമി വാങ്ങിയാൽ മതി എന്ന് കുറിപ്പ് എഴുതിയിരുന്നതായും വ്യക്തമായി. ഇതനുസരിച്ച് 26.12.2018 ൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി യോഗം ചേർന്നതായും 10.01.2019-നകം ഗുണഭോക്താക്കൾ പ്രസ്തുത സ്ഥലത്ത് കുടിൽ കെട്ടി താമസിക്കണം എന്നും ഗ്രൗണ്ട് വാട്ടർ വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് കുഴൽ കിണർ കുത്തിനൽകാം എന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പൊതു ആവശ്യങ്ങൾക്കുള്ള 25 സെന്റ് സ്ഥലം വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. 29.09.2020 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ നാളിതുവരെ കുഴൽ കിണർ കുത്തി നൽകിയിട്ടില്ലയെന്നും നിലവിലെ അവസ്ഥയിൽ പ്രസ്തുത സ്ഥലത്തേക്ക് കുഴൽ കിണർ കുത്തുന്നതിനുള്ള വാഹനം പ്രവേശിക്കുന്നതിന് മാർഗ്ഗമില്ലായെന്നും വ്യക്തമായി. ചുരുക്കത്തിൽ 10 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് താമസിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് വാങ്ങി നൽകിയ ഭൂമിയിൽ താമസിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ റോഡ്,വീട്,വെള്ളം എന്നിവ പോലും ഒരുക്കുന്നതിന് മുൻപ് കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി മുതലായ പൊതു ആവശ്യങ്ങൾക്കായി ഭൂമി വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. മാത്രമല്ല താമസിക്കുന്നതിനായി വാങ്ങിയ ഭൂമിയിൽ ജല ലഭ്യത ഉറപ്പാക്കിയാലേ ഇവിടെ താമസം സാദ്ധ്യമാകൂ. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ കോളനിയിൽ എല്ലാ ഗുണഭോക്താക്കളും താമസം തുടങ്ങി ഏറ്റവും അവസാനം ആവശ്യമുള്ള പൊതു ആവശ്യങ്ങൾക്കുള്ള ഭൂമി ഇത്തരത്തിൽ തിടുക്കപ്പെട്ട് വാങ്ങി പാഴ്ഭൂമിയാക്കി നിലനിർത്താനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 26/2019-20/ 29.09.2020 ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിലും, പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കാനായി വാങ്ങിയ ഭൂമി ഉപയോഗിച്ചിട്ടില്ലാത്തതിനാലും മേൽ പ്രോജക്ടിനായുള്ള 975000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവ് നായ നിയന്ത്രണം - കോട്ടയം ജില്ല സമഗ്ര എബിസി - എആർ പ്രോഗ്രാം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് നായ നിയന്ത്രണം - കോട്ടയം ജില്ല സമഗ്ര എബിസി - എആർ പ്രോഗ്രാം (പ്രോ.നം.1362/20) എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കോട്ടയം ജില്ലാപഞ്ചായത്തിൽ നിന്നും മേൽ പദ്ധതിക്ക് നൽകിയ 2300736/- രൂപ കൂടാതെ വിവിധ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 2019-20 വർഷം ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിൽ യൂണിയൻ ബാങ്കിൻെറ കോട്ടയം നാഗമ്പടം ബ്രാഞ്ചിൽ നിലവിലുള്ള 337002010016169 നം അക്കൗണ്ടിലേക്ക് തുകകൾ വന്നിട്ടുണ്ട്. പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| കോട്ടയം മുനിസിപ്പാലിറ്റി | 362587 | | 242010 | 120577 |
| പാലാ മുനിസിപ്പാലിറ്റി | 117800 | 300000 | 116000 | 301800 |
| എരുമേലി ഗ്രാമപഞ്ചായത്ത് | 100000 | | 60000 | 40000 |
| പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 105000 | 105000 | 29921 | 180079 |
| വെള്ളൂർ ഗ്രാമപഞ്ചായത്ത് | 200000 | | | 200000 |
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | | 200000 | 114000 | 86000 |
| വൈക്കം മുനിസിപ്പാലിറ്റി | | 505000 | | 505000 |
| അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | | 210000 | | 210000 |
| പാമ്പാടി ഗ്രാമപഞ്ചായത്ത് | | 105000 | | 105000 |
| മീനച്ചിൽ ഗ്രാമപഞ്ചായത്ത് | | 55000 | | 55000 |
| മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് | | 100800 | | 100800 |
| വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് | | 105000 | | 105000 |
| വാഴൂർ ഗ്രാമപഞ്ചായത്ത് | | 50000 | | 50000 |
| കോട്ടയം ജില്ലാപഞ്ചായത്ത് | | 2300736 | 2300736 | |
| ആകെ | | | 2862667 | |

ഇത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് വിഹിതമായ 2300736 രൂപക്ക് പുറമേ 561931/- രൂപ കൂടി മേൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. വന്ധ്യംകരണം നടത്തിയ നായകളുടെ വിവരങ്ങൾ നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2019-20 വർഷം 844 നായകളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഒരു നായക്ക് 2100 രൂപ നിരക്കിലാണ് വന്ധ്യംകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നത്. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് (27/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായുള്ള നായകളുടെ എണ്ണം 1363 ആണെന്നിരിക്കെ 844 എണ്ണം മാത്രമാണ് രജിസ്റ്റർ പ്രകാരമുള്ളത്.

2. പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ തുകകളുടെ ചെലവുകളും ഈ 844 നായകളുടെ ചെലവിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമാകുന്നില്ല.

3. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ റിക്വസ്റ്റ് പ്രകാരം ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും, വിവിധ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും സമഗ്ര എബിസി - എആർ പ്രോഗ്രാമിനുള്ള തുകകൾ ഒരേ അക്കൗണ്ടിലേക്ക് എത്തുന്നതിനാൽ തുകകളുടെ ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ലഭ്യമല്ല.

4. പദ്ധതിയുടെ നടത്തിപ്പിനായി മുൻകൂറായി തുകകൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നല്കുന്നതിനാൽ ഓരോ സാമ്പത്തിക വർഷവും മേൽ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് ചെലവഴിച്ചതായി സുലേഖ പത്രികയിൽ കണക്കാക്കപ്പെടുന്ന തുക കൃത്യമല്ല. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയും ചെലവ് തുകയിൽ ഉൾപ്പെടുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സമഗ്ര എബിസി - എആർ പ്രോഗ്രാമിന് ഒരു കൃത്യമായ മേൽനോട്ടം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്. കണക്കുകൾ കൃത്യതവരുത്തി പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 2862667 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു. 1586040/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കോട്ടയം ജില്ലാപഞ്ചായത്ത് കാഞ്ഞിരപ്പള്ളി ഡിവിഷനിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ 2019-20 വർഷം ഏറ്റെടുത്ത് നിർവ്വഹണം നടത്തിയതാണ് മീഡിയ സെന്ററിന് കെട്ടിട നിർമ്മാണം, മീഡിയ സെന്റർ പൂർത്തീകരണം എന്നീ പ്രോജക്ടുകൾ. പ്രസ്തുത കെട്ടിടത്തിന് ജില്ലാ പഞ്ചായത്ത് 1586040/- തുക ചെലവഴിച്ചതിന് പുറമേ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വന്തം നിലയിലും 2018-19 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.


| പ്രോജക്ടിന്റെ പേര് | മീഡിയ സെന്ററിന് കെട്ടിട നിർമ്മാണം | മീഡിയ സെന്റർ പൂർത്തീകരണം |
|---|---|---|
| പ്രോജക്ട് നമ്പർ | 213/2019,671/2020 | 1417/2019, 1033/2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഭരണാനുമതി | 1/28-03-2018 | 1 (1)/18/30-01-2019 |
| അടങ്കൽ | 1000000/- | 700000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്(പൊതുവിഭാഗം ) | തനത് ഫണ്ട് |

| | | |
|---|---|---|
| കരാറുകാരൻ | ജേക്കബ് വി സി | ജേക്കബ് വി സി |
| കരാർ നമ്പർ/ തീയതി | 238/AEE/LSGD/18-19 തീ 26/11/2018 | 439/AEE/LSGD/18-19 തീ 6/3/2019 |
| ചെലവ് വിവരം | 892325/-രൂപ | 693715/- രൂപ |
| Ist& Part | 626662/- (ബിൽനം.163/25-5-2019) | TSB , 5234988 തീ 30/01/2020 (ചെക്ക്) |
| Final | 265663/- (ബിൽ നം263/5-9-2019) | |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രധാനമായും രണ്ട് അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത്.

<u>നിയമാനുസൃതമല്ലാത്ത പ്രോജക്ട് ഏറ്റെടുത്തു</u>

ജില്ലാപഞ്ചായത്തിന്റെ പൊതുചുമതലകളിലോ , മേഖല ചുമതലകളിലോ പെടാത്തതാണ് ഭരണാനുമതി നല്കിയിട്ടുള്ള മേൽ പ്രോജക്ടുകൾ (കേ.പ.രാ നിയമം 173-ാംവകുപ്പ് 1-ാം ഉപവകുപ്പ്, 5-ാം പട്ടിക) . കൂടാതെ കെട്ടിടം നിർമ്മിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലും ഇത് ഉൾപ്പെടുന്നില്ല ( കേ.പ.രാ നിയമം 166-ാംവകുപ്പ് 1-ാം ഉപവകുപ്പ്, 3- ാം പട്ടിക). ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കെട്ടിടനിർമ്മാണം മാത്രമാണ് മേഖലാചുമതലയിൽ വരുന്നത്. ജില്ലാപഞ്ചായത്ത് സ്വന്തം ആവശ്യത്തിനോ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടിയോ പൊതുജനതാല്പര്യാർത്ഥമോ അല്ലാതെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ദൃശ്യമാദ്ധ്യമ പ്രവർത്തകരുടെ സംഘടനക്ക് (മീഡിയസെന്റർ ) കെട്ടിടം നിർമ്മിക്കുന്നതിന് പൊതുപണം ചെലവഴിച്ചത് നിയമാനുസൃതമല്ല. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, വെറ്റിംഗ് ഓഫീസർ എന്നിവർ അപാകത പരിഗണിക്കാതെ പ്രോജക്ട് നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.




<u>കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല</u>

കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ഓഫീസിന് സമീപം ചിറ്റാർ പുഴയും കൈത്തോടും സംഗമിക്കുന്ന പുറമ്പോക്ക് സ്ഥലത്ത് തോടിനുള്ളിലായി കോൺക്രീറ്റ് പില്ലറിൽ ഇരുനിലകെട്ടിടം നിർമ്മിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ദൃശ്യമാദ്ധ്യമ പ്രവർത്തകരുടെ സംഘടനക്ക് (മീഡിയസെന്റർ) കൈമാറിയതായി കാഞ്ഞിരപ്പള്ളിപഞ്ചായത്തിന്റെ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്തിനും ബാധകമാണെന്നിരിക്കെ ആവശ്യത്തിന് സെറ്റ് ബാക്ക് പോലും നല്കാതെ പഞ്ചായത്ത് തന്നെ ചട്ടലംഘനം നടത്തി കെട്ടിടം നിർമ്മിക്കുകയും സ്വകാര്യ സംഘടനയ്ക്ക് കൈമാറുകയും ചെയ്തത് തികച്ചും അനുചിതമായ നടപടിയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ള ലൊക്കേഷൻ പ്ലാൻ ചട്ടലംഘനം വ്യക്തമാക്കുന്നതാണ്.കൂടാതെ വസ്തു ആർജിക്കലും കൈയ്യൊഴിയലും ചട്ടങ്ങൾ ചട്ടം 7 പ്രകാരം കെട്ടിടം സംഘടനക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ ,നിയമാനുസൃതം കരാർ ചമച്ച് വാടക ഈടാക്കുകയോ ചെയ്യുന്നില്ല. കൂടാതെ പ്രോജക്ട് തന്നെ തയ്യാറാക്കിയിട്ടുള്ളത് മീഡിയസെന്ററിന് കെട്ടിട നിർമ്മാണം എന്ന നിലയിലാണ് . ആയതിൽ നിന്നും പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെ ആസ്തിയല്ല എന്നും വ്യക്തമാണ്.



അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 39/21-12-2020, 58/13-01-2021 എന്നിവക്ക് മറുപടി നല്കിയില്ല.

**<u>ചെലവ് വിവരം/ഓഡിറ്റ് നിരീക്ഷണം</u>**

ആദ്യ പ്രോജക്ടിനായി 892325/ - രൂപയും (2018-19 വർഷം626662/- രൂപയും 2019-20 വർഷം 265663/- രൂപയും ) രണ്ടാമത്തെ പ്രോജക്ടിന് 2019-20 ൽ 693715/-രൂപയും ഉൾപ്പെടെ കെട്ടിട നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് ആകെ 1586040/- രൂപ ചെലവഴിച്ചു. ജില്ലാപഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ആസ്തിയാക്കാൻ കഴിയാത്തതും കേരളപഞ്ചായത്ത് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ ) ചട്ടം 64 ലെ വ്യവസ്ഥകൾ പാലിക്കാതെയും നിയമാനുസൃതമല്ലാത്ത പ്രോജക്ട് പ്രകാരം നിർവ്വഹണം നടത്തിയതും, നിയമാനുസൃതമല്ലാതെ സ്വകാര്യസംഘടനക്ക് കൈമാറിയതുമായ കെട്ടിടനിർമ്മാണത്തിന് ചെലവഴിച്ച 1586040/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് സ്വകാര്യ വ്യക്തികൾക്കോ, സ്വകാര്യ സംഘടനകൾക്കോ പ്രസ്തുതകെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിക്കില്ല എന്നിരിക്കെ ജില്ലാപഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് കൈമാറിയത് ഗൗരവതരമായ അധികാര ദുർവിനിയോഗമാണ്. കെട്ടിടം പഞ്ചായത്ത് ആസ്തിയാക്കി കരാർ അടിസ്ഥാനത്തിൽ മുറികൾ വാടകയ്ക്ക് നൽകിയോ ചെലവ് തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കിയോ തടസ്സം ഒഴിവാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ കാര്യത്തിൽ നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നല്കേണ്ടതുമാണ്.

**<u>ഉത്തരവാദികളായവർ</u>**

**<u>മീഡിയ സെന്ററിന് കെട്ടിട നിർമ്മാണം (പ്രോജക്ട് നമ്പർ 213/2019,671/2020)</u>**

നിയമാനുസൃതമല്ലാത്ത പ്രോജക്ടിന് 28/03/2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നല്കിയ ഭരണസമിതി അംഗങ്ങൾ, പ്രോജക്ട് നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥ, പ്രോജക്ട് വെറ്റിംഗ് നടത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ,

പ്രോജക്ട് നിയമാനസൃതമല്ലായെന്ന് ഭരണസമിതിയെ ധരിപ്പിക്കേണ്ടിയിരുന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറി എന്നിവർ ചെലവഴിച്ച 892325/- രൂപക്ക് ഉത്തരവാദികളാണ്

**<u>മീഡിയ സെൻറർ പൂർത്തീകരണം(1417/2019, 1033/2020)</u>**

നിയമാനസൃതമല്ലാത്ത പ്രോജക്ടിന് 30/01/2019 ലെ 1(1)/18-ാം നമ്പർ തീരുമാനപ്രകാരം ഭരണാനമതി നല്കിയ ഭരണസമിതി അംഗങ്ങൾ ,പ്രോജക്ട് നിയമാനസൃതമാണെന്ന് സാക്ഷ്യപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് വെറ്റിംഗ് നടത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് നിയമാനസൃതമല്ല എന്ന ഭരണസമിതിയെ ധരിപ്പിക്കേണ്ടിയിരുന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറി എന്നിവർ ചെലവഴിച്ച 693715/- രൂപക്ക് ഉത്തരവാദികളാണ്.

## <u>1-19 ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നല്കി-283984/-രൂപ അധികച്ചെലവ്</u>

പൊൻകുന്നം ഡിവിഷനിൽ ജനറൽ ആശുപത്രിക്ക് വിശ്രമസ്ഥലം ഒരുക്കുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്ത് 2018-19 വർഷം പ്രോജക്ട് ഏറ്റെടുക്കുകയും 2019-20 ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ ജനറൽ ആശുപത്രിയിൽ ഒ.പി വെയിറ്റിംഗ് ഏരിയ |
| പ്രോജക്ട് നമ്പർ | 326/2019,671/2019,1102/2020 |
| നിർവ്വ. ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഭരണാനമതി | 1/28-03-2018 |
| അടങ്കൽ | 1200000/- |
| ഫണ്ടിനം | വികസനഫണ്ട്(പൊതുവിഭാഗം ) |
| കരാറുകാരൻ | ഡിൻസ് ജോയ് |
| കരാർ നമ്പർ/തീയതി | 360/AEE/LSGD/18-19 തീ 03/02/2019 |
| ചെലവ് വിവരം | 874338/-രൂപ |
| Ist& Part | 400000/-(ബിൽ നം308/14-10-2019) |
| II &Part | 355754/-2020-21 ൽ തുക പിൻവലിച്ചു |
| Iii & Final | 118584/- 2020-21 ൻ തുക പിൻവലിച്ചു |

ഈ പ്രോജക്ട് പ്രകാരം ചെയ്യേണ്ടിയിരുന്നത് 182.7 ച.മീ അലുമിനിയം ഷീറ്റ് റൂഫിംഗും 12.5 മീ നീളത്തിൽ ഡ്രയിനേജ് സ്ഥാപിക്കലും ആയിരുന്നു.ഇതിൽ ഡ്രയിനേജിന് 77783.03 രൂപയും റൂഫിംഗിന് 977742.30 രൂപയും ഉൾപ്പെടെ 1055525.33രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. ഐറ്റം റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തി 964177.56 രൂപ നിരക്ക് രേഖപ്പെടുത്തിയ ഡിൻസ് ജോയ് എന്ന കരാറുകാരന് ലഭിച്ചു. നിർവ്വഹണ സമയത്ത് ഡ്രയിനേജ് ഒഴിവാക്കി റൂഫിംഗ് മാത്രമാക്കുകയും 84820.92 രൂപയുടെ അധികപ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു.



<u>എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നീതീകരിക്കാനാവാത്ത പിഴവ്</u>

നിലവിലുള്ള കെട്ടിടങ്ങൾക്ക് ഇടയിലായി ചെയ്യുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഏറ്റവും കൂടുതൽ തുക ചെലവ് വരുന്ന ട്രസ് വർക്കിന് 6300 കി.ഗ്രാം 117.51 രൂപ നിരക്കിൽ 740313.00 രൂപ വകയിരുത്തിയിരുന്നു. വിശദമായ പഠനം നടത്താതെ ഏകദേശ കണക്കായാണ് 6300 കി ഗ്രാം എന്ന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ നിർവ്വഹണ സമയത്ത് ഇത് 2617.89 കി.ഗ്രാം ആയി റിവൈസ് ചെയ്യേണ്ടി വന്നു. കൂടാതെ റൂഫിംഗിന് അവശ്യം വേണ്ട ഇനങ്ങൾ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത അടങ്കൽ തുക, കൂടിയ നിരക്ക് രേഖപ്പെടുത്തുന്നതിന് കരാറുകാരന് പ്രചോദനമായി.

<u>നിരക്ക് സൂക്ഷ്മപരിശോധനനടത്താതെ കരാറുകാരനെ അംഗീകരിച്ചു</u>

എസ്റ്റിമേറ്റ് പ്രകാരം കി.ഗ്രാമിന് 117.51 രൂപ നിരക്കുള്ള ട്രസ് വർക്കിന് അംഗീകരിച്ച കരാറുകാരൻ കി.ഗ്രാമിന് 15 രൂപയും അലുമിനിയം ഷീറ്റ് റൂഫിന് 747.35 രൂപ/ച.മീ എസ്റ്റിമേറ്റിൽ ഉള്ളപ്പോൾ കരാറുകാരൻ 3799/-രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യുക്തിരഹിതവും എസ്റ്റിമേറ്റ് നിരക്കുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതുമായ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ സൂക്ഷ്മപരിശോധനയിൽ ഒഴിവാക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ ഏറ്റവും ചെലവ് കൂടിയ രണ്ട് ഇനങ്ങളിലും ഇത്തരത്തിൽ Reasonable അല്ലാത്ത നിരക്ക് രേഖപ്പെടുത്തിയതു മൂലം എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.

കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ, ചട്ടം12 പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ആണ് സ്വീകരിക്കേണ്ടതെങ്കിലും പഞ്ചായത്ത് എഞ്ചിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപ്രകാരമുള്ള കുറഞ്ഞ ടെണ്ടർ സ്വീകരിക്കുന്നത് അഭികാമ്യമല്ല എന്ന് അധികാരസ്ഥാനത്തിന് ബോധ്യപ്പെടുന്ന പക്ഷം കാരണം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിക്കാവുന്നതാണ്. കൂടാതെ 2012 ലെ പൊതുമരാമത്ത് മാന്വൽ 2009.4 പ്രകാരവും രേഖപ്പെടുത്തിയ നിരക്ക് പ്രാദേശിക മാർക്കറ്റ് നിരക്കുമായി നീതീകരിക്കാനാവാത്ത വിധം വ്യത്യാസപ്പെട്ടിരിക്കുന്നു എങ്കിൽ ടെണ്ടർ ക്ഷണിച്ച അധികാരിക്ക് ടെണ്ടർ റദ്ദ് ചെയ്യുന്നതിന് അധികാരമുണ്ട്. (*Normally The Lowest Tender/ Quotation Shall Be Accepted. If The Quoted PAC For A Work Calculated Based On The Rates Quoted By The Contractor Is Within The Local Market Rate Justification Estimate, The Tender / Quotation Shall Be Approved By The Tendering Authority. If The Quoted PAC Exceeds The Local Market Rate*

*Justification Estimate Amount The Tendering Authority Shall Reject The Tender/ Quotation And Re-Tender The Work Or Invite Fresh Quotation.*). (ജി.ഒ (പി) 54/2019 ഫിൻ തീ 4-5-2019 പ്രകാരം പിന്നീട് ഇതിൽ വ്യക്തതയും വരുത്തിയിട്ടുണ്ട് . (The Admissible Contract Amount Will Be Least Of(1) Negotiated Contract PAC Of Li (2)Estimate Amount Based On Current LMR And (3)Estimate Amount Based On Current DSR Plus 10% Tolerance) ഈ സാഹചര്യത്തിൽ കരാറുകാരനെ തെരഞ്ഞെടുത്തതിലെ അപാകം മൂലം ജില്ലാപഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| | എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിക്ക് നല്കാവുന്ന തുക | | | ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് നല്കിയ തുക(അളവ് പുസ്തകപ്രകാരം) | |
|---|---|---|---|---|---|
| ക്ര നം | ഇനം | അളവ് /നിരക്ക് | ആകെ | അളവ് /നിരക്ക് | ആകെ |
| 1 | മണ്ണ് പണി | 8 ഘന മീ @239 .82/ഘന മീ | 1918.56 | 8 ഘന മീ @235 /ഘന മീ | 1880.00 |
| 2 | പി സി സി | 3.136ഘന മീ @7900.59/ഘന മീ | 24776.25 | 3.136ഘന മീ @7700/ ഘന മീ | 24147.20 |
| 3 | ട്രസ് വർക്ക് സ്റ്റീൽ വർക്ക് | 2617.809 കി.ഗ്രാം/@117.51 | 307618.73 | 2617.809 കി.ഗ്രാം/@15 | 39267.13 |
| 4 | അലുമിനിയം ഷീറ്റ് റൂഫ് | 182.70 ച.മീ @747.35/ച.മീ | 136540.84 | 182.70 ച.മീ @3799/ ച.മീ | 694077.30 |
| | | 69.51@682.7/ച.മീ | 47454.48 | 69.51@682.7/ച.മീ | 47454.48 |
| 5 | പാത്തി | 20.7 മീ @1606.94/ മീ | 33263.65 | 20.7 മീ @1550/മീ | 32085.00 |
| | അധിക ഇനം | | | | |
| ഇ1 | പി.വി.സി | 46.55 മീ @340.63/ മീ | 15856.32 | 46.55മീ @311.1655/മീ | 14484.75 |
| ഇ2 | പി.വി.സി | 25.75 മീ@487.269/ മീ | 12547.17 | 25.75 മീ@445.12/മീ | 11461.84 |
| ഇ3 | പി.വി.സി | 23 മീ@237.51/മീ | 5462.73 | 23 മീ@216.9654/മീ | 4990.20 |
| ഇ4 | പി.വി.സി | 11 എണ്ണം@132.87 | 1461.57 | 11 എണ്ണം@121.3767 | 1334.14 |
| ഇ5 | പി.വി.സി | 4എണ്ണം@228.64 | 914.56 | 4എണ്ണം@208.86 | 835.44 |
| ഇ6 | പി.വി.സി | 4എണ്ണം@209.91 | 839.64 | 4എണ്ണം@191.75 | 767.01 |
| ഇ7 | സോളിഡ് മേസൻറി | 0.23ഘന.മീ@7389/ ഘന മീ | 1699.47 | 0.23ഘന.മീ@6749.85/ ഘന മീ | 1552.46 |
| | | | 590353.97 | | 874336.94 |

ചെലവേറിയ രണ്ട് ഇനങ്ങൾക്ക് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി നല്കിയതിലൂടെ ജില്ലാപഞ്ചായത്തിന് 283982.97 രൂപ (874336.94-590353.97) അധികച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു.അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (59/13-1-2021) മറുപടി നല്കിയില്ല.ടെണ്ടർ നിരക്കുകൾ സൂക്ഷ്മപരിശോധന നടത്തി യുക്തിരഹിതവും എസ്റ്റിമേറ്റ് നിരക്കുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതുമായ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ സൂക്ഷ്മപരിശോധനയിൽ ഒഴിവാക്കുന്നതിന് ശിപാർശ നല്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അധികച്ചെലവിന് ഉത്തരവാദിയാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവഴിച്ച തുക ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.(2019 ഡിസംബർ മാസം പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറായെങ്കിലും 2020-21 വർഷത്തിലാണ് ഫൈനൽ ബിൽ മാറിയിട്ടുള്ളത് )

## 1-20 തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് -വൈക്കം മുഹമ്മദ് ബഷീർ സ്മാരക വിഎച്ച് എസ് എസ് മെയിന്റനൻസ്-ഷീറ്റ് റൂഫിന് ചോർച്ച

| | |
|---|---|
| പ്രൊ.നം, പേര് | 624/20 വെള്ളൂർ ഡിവിഷനിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരക VHSS മെയിന്റനൻസ്. |
| അടങ്കൽ | 10,00,000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം). |
| ചെലവ് | 9,42,803/-( Bill No 179/17-5-19 ) |
| കരാർ നം | 424/AEE/LSGD/18-19 Dt 01-03-2019 |
| | |

| | |
|---|---|
| കരാറുകാരൻ | നോബി ജോൺ APAC =951212 |
| എംബുക്ക് നം | 350/18-19,72/18-19 |

സ്കൂൾ കെട്ടിടത്തിന്റെ ജീർണാവസ്ഥയിലായിരുന്ന മേൽക്കൂരയിലെ ഓട് നീക്കം ചെയ്ത് അലൂമിനിയം ഷീറ്റ് സ്ഥാപിക്കാനായിരുന്ന പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഓട് മാറ്റുന്നതിന് ഒപ്പം ദ്രവിച്ച 4 Rafters കൂടി മാറ്റുന്നതിനും ആഞ്ഞിലി തടി ഉപയോഗിച്ച് സീലിങ്ങ് നൽകുന്നതിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ 29-12-2020 ന് നടത്തിയ സ്ഥലപരിശോധനയിൽ മാംഗ്ലൂർ ടൈൽസ് പൊളിച്ചുമാറ്റി തടിപ്പട്ടികയിൽ ഷീറ്റ് റൂഫിങ്ങ് നടത്തിയതിൽ ചിലഭാഗങ്ങളിൽ ചോർച്ചയുള്ളതായി കാണാൻ കഴിഞ്ഞു. പലയിടങ്ങളിലും സീലിങ്ങ് ഇളകിമാറിയിട്ടുള്ളതായി കണ്ടു. ചെയ്ത പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിരുന്നില്ലയെന്നാണ് ഇത് വ്യക്തമാക്കുന്നത്. പ്രസ്തുത അപാകതകൾക്ക് സാങ്കേതികപിഴവ് ഉണ്ടായിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം54) മറുപടി ലഭ്യമായില്ല. നടപ്പാക്കിയ പ്രവൃത്തിയിലെ അപാകത മൂലംകെട്ടിടം ചോർന്നൊലിക്കുന്ന സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 942803/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത പ്രവർത്തിയുടെ എംബുക്ക് പ്രകാരം 711.625m2 മാംഗ്ലൂർ ടൈൽസ് (11386എണ്ണം) നീക്കം ചെയ്തതായും സർവ്വേ റിപ്പോർട്ട്തയ്യാറാക്കി HM ന് 8/03/2019 ൽ കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരം 6262 എണ്ണം ഉപയോഗപ്രദമായ ടൈലുകൾക്ക് 21407.55/- രൂപ മൂല്യം നിശ്ചയിച്ചിരുന്നു. നാളിതുവരെ ഈ ടൈലുകൾ ലേലം നടത്തി ജില്ലാപഞ്ചായത്ത് ഫണ്ടിൽ മുതൽക്കുട്ടാതെ സ്കൂൾ കോമ്പൗണ്ടിൽ സൂക്ഷിച്ചതായി കാണപ്പെട്ടു. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുന്ന പ്രസ്തുത പ്രവൃത്തിക്ക് വിശദീകരണം ലഭ്യമാക്കിയില്ല. ഓടുകൾ ലേലം നടത്തി തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 പാമ്പാടി കാർഷിക വിപണന കേന്ദ്രം നിർമ്മാണം - നബാർഡ് വിഹിതം ഫലപ്രദമായി വിനിയോഗിച്ചില്ല-വികസനഫണ്ടിൽ നിന്നും അധികച്ചെലവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊ.നം, പേര് | 1217/20 |
| അടങ്കൽ | 2,00,00,000/- (20,00,000/- വികസനഫണ്ട്+ 1,80,00,000- നബാർഡ് വിഹിതം ) |
| ചെലവ് | 51,15,086 നബാർഡ് വിഹിതം (ചെക്ക്നം8651724/1-10-19 &ചെക്ക് നം 8651725/1-10-19)<br>ആകെചെലവ്=1,91,88,700-(24,42,697/- വികസനഫണ്ട്+17000615 നബാർഡ് വിഹിതം ) |
| കരാർ നം | 1/EE/LSGD/14-15 Dt 19-06-2014 |
| കരാറുകാരൻ | ഷാജി ജോസഫ് |
| എംബുക്ക് നം | പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല( വിജിലൻസ് കൈവശം) |

നബാർഡ് ആർഐഡിഎഫ് ട്രാഞ്ചെ XVIII ൽ ഉൾപ്പെടുത്തി 1.80 കോടി രൂപ ധനസഹായം അനുവദിച്ച പാമ്പാടി കാർഷിക വിപണനകേന്ദ്രത്തിന്റെ നിർമ്മാണം 2018-19 വർഷം പൂർത്തീകരിച്ചിരുന്നുവെങ്കിലും നബാർഡിന്റെ അവസാനഗഡു ലഭിച്ചത് 14-8-2019 നാണ്. മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണഘട്ടത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

**വികസനഫണ്ട് വിഹിതം അധികമായി ചെലവഴിച്ചു**

വികസനഫണ്ട് 20ലക്ഷം രൂപയും നബാർഡ് RIDF ട്രാഞ്ചെ XVIII ധനസഹായമായി 1കോടി 80 ലക്ഷം രൂപയും അടങ്കലായി തയ്യാറാക്കിയ പ്രസ്തുത പ്രൊജക്ടിന്റെ വികസനഫണ്ട് വിഹിതം ആദ്യം തന്നെ ചെലവഴിച്ചിരുന്നു. (പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ,സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി 523827/- രൂപയും ആദ്യ പാർട്ട് ബിൽ പ്രകാരം 14,76,173/- രൂപയുംഉൾപ്പടെ). എന്നാൽ 2018-19 വർഷം 5-ാമത്തെ പാർട്ട് ബില്ലായി 4,42,697/-രൂപ വീണ്ടും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. പ്രോജക്ടിന്റെ അംഗീകരിച്ച അടങ്കൽ തുകയിൽ അധികമായി വികസനഫണ്ട് വിഹിതം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.

**നബാർഡ് വിഹിതം ഫലപ്രദമായി വിനിയോഗിച്ചില്ല**

നബാർഡ് ആദ്യ ഗഡുവായി ലഭിച്ച 63.38 ലക്ഷം രൂപ സ്പെഷ്യൽ ടിഎസ്ബിയിൽ നിക്ഷേപിക്കുന്നതിന് പകരം ഡിപിഎഫ്എ II ലേക്ക് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. ഇതിൽ 5195529/- രൂപ മാത്രമാണ് കരാറുകാരന് മാറി നൽകിയത്. ബാക്കി തുകയായ 11,42,471/-രൂപ ഡിപിഎഫ്എ II സർക്കാർ നിർത്തലാക്കിയതിനാൽ സർക്കാരിലേക്ക് പോവുകയും നിലവിൽ ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതുമാകുന്നു. നബാർഡിൽ നിന്നോ സർക്കാരിൽ നിന്നോ ടി തുക ലഭ്യമാക്കുവാൻ ജില്ലാപഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചിരുന്നില്ല.

**എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ വിശദാംശങ്ങൾ കരാറുകാരനെ ധരിപ്പിക്കുന്നതിൽ വീഴ്ച-കോടതി വ്യവഹാരങ്ങളിലേക്ക് വഴിതെളിച്ചു.**

ആദ്യംതയ്യാറാക്കിയ എസ്റ്റിമേറ്റിൽ ലിഫ്റ്റ് റൂം, സ്റ്റെയർ റൂം എന്നിവയുടെ മുകളിൽ ഷീറ്റ് ഇട്ട് റൂഫ് തയ്യാറാക്കുന്ന ഇനം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫൗണ്ടേഷനായി മണ്ണ് നീക്കം ചെയ്തപ്പോൾ പാറ കണ്ടെത്തിയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ടി മുറികളുടെ മുകളിൽ

ഷീറ്റ് റൂഫ് സ്ഥാപിക്കുന്നത് ഉൾപ്പെടുത്തിയിരുന്നില്ല. കരാറുകാരനായിരുന്ന ശ്രീ.ഷാജി ജോസഫ്, ഇലവത്തിൽ എന്നയാൾ ഷീറ്റ് റൂഫിങ്ങ് ജോലികൾ ആദ്യഎസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിരുന്നുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്നതിനാൽ ബിൽ തുക മാറി നൽകിയിരുന്നില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിലെ മാറ്റങ്ങൾ കരാറുകാരനെ യഥാസമയം അറിയിക്കാതിരുന്നതിനാൽ ഷീറ്റ് സ്ഥാപിച്ചതിന്റെ ബിൽതുകലഭിക്കാനായി കരാറുകാരൻ WP(C) 23682/18 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. നിർവ്വഹണത്തിൽ വന്ന വീഴ്ചമൂലം കോടതി വ്യവഹാരങ്ങളിലേക്ക് വഴിതെളിക്കുന്ന സാഹചര്യമുണ്ടായി.കേസിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട്നൽകിയഓഡിറ്റ് എൻക്വയറിയ്ക്ക് (നം 52)മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ മുകൾഭാഗത്തായി കുടുംബശ്രീ ഉത്പന്നവിപണനകേന്ദ്രം, ഫീഡിംങ് റൂം, വനിതവിശ്രമകേന്ദ്രം എന്നിവ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിർമ്മിതികേന്ദ്രം മുഖേന നടപ്പാക്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത നിർമ്മാണത്തിനായി കരാറുകാരൻ ചെയ്ത പ്രവർത്തിയായ ഷീറ്റ് റൂഫിങ്ങ് അഴിച്ചുമാറ്റിയതായും കരാറുകാരന്റെ പരാതിയിൽ കാണുന്നു.

**കാർഷിക വിപണനകേന്ദ്രം- പ്രവർത്തനം നിരീക്ഷിക്കുന്നില്ല.**

2 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കി 23.1.2019ൽ പാമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയ28 കടമുറികളുള്ള കെട്ടിടത്തിൽ കാർഷികവിപണന കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ജില്ലാ പഞ്ചായത്ത് നിരീക്ഷിച്ചിരുന്നുവോ എന്നത് വ്യക്തമല്ല. രണ്ട് വർഷത്തോളമായി ടി കടമുറികൾഅടഞ്ഞ് കിടക്കുക വഴി ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടമാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കെട്ടിടം കൈമാറിയ ജില്ലാപഞ്ചായത്ത് പ്രസ്തുത വിഷയത്തിൽ വിശദീകരണം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടതായും കാണുന്നില്ല. മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പൊട്ടിച്ചെടുത്ത പാറക്കല്ലുകൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല**

പാമ്പാടി കാർഷിക വിപണനകേന്ദ്രം നിർമ്മാണം നടത്തിയ സ്ഥലത്ത് 143.20m3 പാറ ബ്ലാസ്റ്റിങ്ങ് നടത്തി വെള്ളൂരുള്ള പഞ്ചായത്ത് വക സ്ഥലത്ത് സ്റ്റാക്ക് ചെയ്തതായി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി ഫയലിൽ കാണുന്നു. സർവ്വേ റിപ്പോർട്ട്പ്രകാരം ഉപയോഗപ്രദമായ 100.24m3 പാറയ്ക്ക് Rs. 872.64/M3 നിരക്കിൽ 87473/- രൂപ മൂല്യം നിശ്ചയിച്ചിരുന്നു.പ്രസ്തുത പാറക്കല്ലുകൾ മാർക്കറ്റ് വിലയ്ക്കനുസൃതമായി ലേലം ചെയ്ത് മുതൽക്കൂട്ടിയിരുന്നില്ല. ടി പാറക്കല്ലുകൾ അടിയന്തിരമായി ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.

**സർവ്വീസ് ടാക്സ് റീഇമ്പേഴ്സ്മെന്റ് വിവരങ്ങൾ ലഭ്യമായില്ല**

കരാറുകാരനായ ശ്രീ ഷാജി ജോസഫ് സർവ്വീസ് ടാക്സ് ഇനത്തിൽ 3,05,100/- രൂപ അടച്ചിരുന്നുവെന്നും ആയത് റീഇമ്പേഴ്സ് ചെയ്ത് നൽകണമെന്നും ടിയാൾ ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. ടി തുക കരാറുകാരന് നൽകിയിരുന്നോയെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 52/19-20 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മേൽപറഞ്ഞ അപാകതകളിൽ വിശദീകരണം ലഭ്യമാക്കാത്തതിനാൽ തൻവർഷംചെലവഴിച്ച 51,15,086/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 കുറവിലങ്ങാട് ഡിവിഷൻ -കാഞ്ഞിരംകുളം കുടിവെള്ള പദ്ധതി ടാങ്ക് പൂർത്തീകരണം- എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കി- അധികച്ചെലവ്.

| | |
|---|---|
| പ്രൊ.നം , | 874/20 -- |
| അടങ്കൽ | 15,00,000/-(തനത് ഫണ്ട്) |
| ചെലവ് | 235907/-( ചെക്ക് നം 5247588/28-10-2019)<br>ആകെ ചെലവ്=1410917/- |
| കരാർ നം | 84/AEE/LSGD/18-19 Dt 24-07-2018 |
| കരാറുകാരൻ | പി.എസ്. രവീന്ദ്രൻ നായർ, പന്തലാനിക്കൽ |
| എംബുക്ക് നം | 396/17-18 |

1. പ്രസ്തുത പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം, കാഞ്ഞിരം കുളം കുടിവെള്ളപദ്ധതിയ്ക്കായി ടാങ്ക് പ്ലാറ്റ്ഫോം നിർമ്മാണം, പിവിസി വാട്ടർ ടാങ്ക്, പമ്പിങ്ങ് & വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ 15HP സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 06/03/2020 ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ 15 HP മോട്ടോറിന് പകരം 10 HP കപ്പാസിറ്റിയുള്ള മോട്ടോർ ഉപയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് എന്നത് വ്യക്തമായി (2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.1-23കാണുക). 14/7/2020 ലെ കുറവിലങ്ങാട് LSGD അസി.എഞ്ചിനീയറുടെ 999/AEE/Lsgd/UZVR/2014 നം കത്ത് പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള 15HP സബ്മേഴ്സിബിൾ പമ്പ് സെറ്റിന് പകരം 10HP Vertical Multistage Motor ആണ് സ്ഥാപിച്ചിരിക്കുന്നത് എന്നും ഗുണഭോക്തൃസമിതിയുടെ തീരുമാനപ്രകാരമാണ് ഇത്തരത്തിലുള്ള മോട്ടോർ സ്ഥാപിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പാക്കണമെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടിയിരുന്നു. ഗുണഭോക്തൃസമിതി നിർദ്ദേശപ്രകാരം കരാറുകാരൻ നിയമാനുസൃത നടപടികളിലൂടെയല്ലാതെ പ്രവൃത്തി നടപ്പാക്കിയത് അംഗീകരിക്കാവുന്നതല്ല. എം ബുക്കിൽ അളവുകൾ എടുത്ത പേജ് 21ൽ 15 HP മോട്ടോർ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ 10HP മോട്ടോർ സ്ഥാപിച്ച വിവരം എം ബുക്ക് അളവുകളെടുത്ത കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറോ ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനോ അറിഞ്ഞിരുന്നില്ലായെന്നത് അതീവ ഗുരുതരമായ വീഴ്ചയാണ്. 10HP മോട്ടോർ ഇൻസ്റ്റലേഷൻ സംബന്ധിച്ച വിവരങ്ങൾ, ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. അസി.എക്സി. എഞ്ചിനീയർ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 15HP മോട്ടോറിന് ഇൻസ്റ്റലേഷൻ ഉൾപ്പടെയുള്ള മാർക്കറ്റ് നിരക്ക് 2,00,000/- കണക്കാക്കി 2,32,300/- രൂപ(വാട്ടർചാർജ് 1%+CPOH15%) കരാറുകാരന് നൽകിയിരുന്നു. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം 1,26,569/- രൂപമാത്രമാണ് 10HP മോട്ടോറിന്റെ നിരക്ക്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 51/8-1-20) മറുപടി ലഭ്യമായിരുന്നില്ല. 10HP മോട്ടോറിന് വാട്ടർ ചാർജ്(1%), കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ്

ചാർജ് 15% ഉൾപ്പടെ നൽകാവുന്ന തുക 1,47,009.89/-( 1,26,569/-+1265.69/-+19175.2/-). അധികമായി നൽകിയ 85290/-(232300-147010) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതും കരാറിനും അംഗീകരിച്ച എസ്റ്റിമേറ്റിനും വിരുദ്ധമായി ഗുണഭോക്തൃസമിതിയുടെ ആവശ്യപ്രകാരം പ്രവൃത്തി നിർവ്വഹിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായുള്ള അധിക ചെലവിന് മൂല്യനിർണ്ണയം നടത്തിയപ്പോൾ എസ്റ്റിമേറ്റിൽ പറഞ്ഞതിനു വിരുദ്ധമായി 10 HP മോട്ടോറാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യമായിട്ടും അളവുപുസ്തകത്തിൽ 15 HP എന്ന് രേഖപ്പെടുത്തി കരാറുകാരന് അധിക തുക അനുവദിച്ചുവഴി 85290/- രൂപയുടെ അധികചെലവുണ്ടായതിന് മൂല്യനിർണ്ണയം നടത്തിയ അസി.എഞ്ചിനീയർ, ആയത് ഉപരിപരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് തുല്യ ഉത്തരവാദിത്വമാണുള്ളത്. ആയതിനാൽ പ്രസ്തുത തുക ടി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 1-23 കാഞ്ഞിരപ്പള്ളി ഡിവിഷൻ- വയോജനങ്ങൾക്ക് വിശ്രമകേന്ദ്രംനിർമ്മാണം- ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കാത്തത് മൂലം അധികച്ചെലവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | 545/20കാഞ്ഞിരപ്പള്ളി ഡിവിഷനിൽ എലിക്കുളം ഗ്രാമപഞ്ചായത്ത്- വയോജനങ്ങൾക്ക് വിനോദവിശ്രമകേന്ദ്രം. |
| അടങ്കൽ | 20,00,000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 1232304( Bill No 106/22-5-19 & 357/20-1-20)<br>ആകെ ചെലവ്=19,28,430/-(2018-19ലെ ചെലവ്+ Electrificationഉൾപ്പടെ) |
| കരാർ നം | 266/AEE/LSGD/17-18 Dt 24-02-2018 |
| കരാറുകാരൻ | മെജോ മാത്യു APAC =1842554 |
| എംബുക്ക് നം | 70/18-19,72/18-19,245/18-19 |

പ്രോജക്റ്റ് പ്രകാരം എലിക്കുളം പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി ടി സ്ഥാനത്ത് 38.69 M2 വീതം രണ്ട് നിലകളിലായി ടോയ് ലറ്റ് ഉൾപ്പടെയുള്ള കെട്ടിടം പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റി അതിന്റെ റബിൾസ് ഡിപ്പാർട്ട്മെന്റലായി ഉപയോഗിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടം ഗുണഭോക്താക്കൾ നേരിട്ട് പൊളിച്ചുമാറ്റിയതുമൂലം പ്രവർത്തി ആരംഭിക്കാൻ കാലതാമസമുണ്ടായതായി അസി.എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ DR With Departmental Stone ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. ഗുണഭോക്താക്കൾക്ക് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ആര് നിർദ്ദേശം നൽകിയിരുന്നുവെന്നും പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ ഉപയോഗപ്രദമായ ഉരുപ്പടികൾ ലേലം ചെയ്തിരുന്നുവോ എന്നതും വ്യക്തമല്ല. കരാറുകാരന് സൈറ്റ് കൈമാറി നൽകിയശേഷം ഗുണഭോക്താക്കൾക്ക് കെട്ടിടം പൊളിച്ചുമാറ്റാൻ അനുമതി നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. പൊളിച്ചുമാറ്റിയ റബിൾ ഉപയോഗിക്കാതെ8.12m3 DR Masonary ചെയ്തത് മൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

DR Masonary With Departmental Rubble@1080.26/M3= 8.12m3x1080.26=Rs 8771.711/-

DR Masonary With New Rubble@2726.45/M3= 8.12m3x2726.45=Rs 22138.774/-

അധികം ചെലവായ തുക =Rs 13367.063/-(8771.711-22138.774) പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 50) മറുപടി ലഭിച്ചിരുന്നില്ല. അധികം നൽകിയ 13367/- രൂപ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 ടെൻഡർ നിബന്ധന പാലിക്കാത്ത കരാറുകാരനിൽ നിന്നും ഇഎംഡി തുക കണ്ടുകെട്ടിയില്ല. -തുടർ നടപടി സ്വീകരിച്ചില്ല.

പ്രോജക്റ്റ് നം 576/20 വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഹയർ സെക്കൻഡറി സ്കൂൾ പ്രവേശനകവാടനിർമ്മാണവും വൈദ്യുതീകരണവും പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സുഹാസ്.ആർ എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തിരുന്നു. ടെൻഡർ അംഗീകരിച്ച വിവരം കരാറുകാരനെ അറിയിച്ചിരുന്നുവെങ്കിലും ടിയാൻ കരാർ വയ്ക്കാൻ തയ്യാറായില്ല. ജില്ലാപഞ്ചായത്തിന്റെ 24-8-2017 ലെ കമ്മറ്റി തീരുമാനം നം IX(19) പ്രകാരം ശ്രീ സുഹാസ് ഏറ്റെടുത്ത 4 പ്രവർത്തികൾക്ക് കരാർ വയ്ക്കാൻ തയ്യാറാകാതിരുന്നതിനാൽ ടിയാളുടെ EMD തുകകൾ ജില്ലാപഞ്ചായത്തിലേക്ക് കണ്ട് കെട്ടുന്നതിന് തീരുമാനിച്ചിരുന്നു. പ്രവൃത്തി മറ്റൊരു കരാറുകാരനെ കൊണ്ട് നടപ്പാക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ സാങ്കേതികപിഴവ് മൂലം പ്രസ്തുത പ്രോജക്റ്റിലെ ഇഎംഡി തുകയായ 20100/- രൂപ ടിയാളുടെ അക്കൗണ്ടിലേക്ക് തന്നെ പോവുകയുണ്ടായി. തുക തിരികെ അടയ്ക്കണമെന്ന് കാണിച്ച് കരാറുകാരന് 23/11/2020 ന് ഡിബി-ജനറൽ 17-18 പ്രകാരം എക്സി.എഞ്ചിനീയർ കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. കരാറുകാരൻ ടി തുക തിരികെ അടക്കുകയോ/മറ്റ് പ്രവർത്തികളുടെ ബില്ലിൽ നിന്ന് തുക ഈടാക്കുകയോ ചെയ്തിട്ടുള്ളപക്ഷം പ്രസ്തുത വിവരം രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 49) മറുപടി ലഭ്യമാക്കിയില്ല. 2011 ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം കരാർ വയ്ക്കുന്നതിൽ വീഴ്ച സംഭവിക്കുന്ന സാഹചര്യത്തിൽ ഇഎംഡി കണ്ട് കെട്ടേണ്ടതും ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കരാർ ലംഘനത്തിന് കരാറുകാരനെതിരെ നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം കരാറുകാരനിൽ നിന്നും ഇഎംഡി

തുകയായ 20100/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതും തെറ്റായി തുക കരാറുകാരന്റെ അക്കൗണ്ടിൽതന്നെ ക്രഡിറ്റ് ചെയ്ത ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത പ്രോജക്ടിന്റെ തുടർന്നുള്ള നിർവ്വഹണ നടപടിക്രമങ്ങളും നിലവിലെ സ്ഥിതി വിവരവും അറിയിക്കേണ്ടതുമാണ്.

**1-25 കങ്ങഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാമ പഞ്ചായത്ത്- പൂണിക്കാവ് എസ്. സി. കുടിവെള്ള പദ്ധതി നിർമ്മാണം- പൂർത്തിയായില്ല.**

പ്രോജക്ട് നം. 785/20

അടങ്കൽ- 2000000 രൂപ ( SCP )

ചെലവ്- 1607071 രൂപ (ഒന്നാം പാർട്ട് ബിൽ- 1124704 രൂപ- ബിൽ നം. 137/ 19-20/17.05.2019, ഫൈനൽ ബിൽ- 482367 രൂപ- ബിൽ നം. 379/19-20/31.12.2019 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,

കരാറുകാരൻ- എ. ബി. സലിം, കൈലാസം ഹൗസ്, മണിമല

വെള്ളാവൂർ ഗ്രാമ പഞ്ചായത്തിലെ പൂണിക്കാവ് പ്രദേശത്ത് നിലവിലുള്ള കുളം മെയിന്റനൻസ് നടത്തി അതിനുള്ളിൽ ഒരു കിണർ കുഴിച്ച് വെള്ളം 350m ദൂരത്തുള്ള എസ്. സി. കോളനിയിൽ എത്തിച്ച് സ്റ്റീൽ സ്ട്രക്ച്ചറിൽ 10000 ലിറ്റർ കപ്പാസിറ്റിയുള്ള പി. വി. സി. വാട്ടർ ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് 40 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. എസ്റ്റിമേറ്റിലെ ഒന്നാം ഇനം വാട്ടർ ടാങ്ക് സ്ഥാപിക്കലും രണ്ടാം ഇനം കിണർ നിർമ്മാണവും പൈപ്പ് സ്ഥാപിക്കലുമാണ്. മൂന്നാം ഇനം 5 HP സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കുന്നതിന് 50000 രൂപയും നാലാം ഇനം ത്രീ ഫേസ് ഇലക്ട്രിക് കണക്ഷൻ എടുക്കുന്നതിനും പാനൽ ബോർഡ് സ്ഥാപിക്കുന്നതിനുമായി 110000 രൂപയും അഞ്ചാ-ാം ഇനം നെയിംബോർഡ് സ്ഥാപിക്കുന്നതിന് 5000 രൂപയും വകയിരുത്തിയിരുന്നു. എന്നാൽ 3,4,5 എന്നീ ഇനങ്ങൾ ചെയ്ത് കുടിവെള്ള പദ്ധതി പൂർത്തിയാക്കിയതായി കാണുന്നില്ല. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റിലെ 3,4,5 എന്നീ ഇനങ്ങൾ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നത് വരെ 1607071 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-26 പാലാ ഫാഷൻ ടെക്നോളജി കെട്ടിടനിർമ്മാണം - പൂർത്തിയാക്കിയില്ല.**

പ്രോജക്ട് നം. 911/20

അടങ്കൽ- 2500000 രൂപ (തനത് ഫണ്ട് )
2019-20 വർഷത്തെ അടങ്കൽ- 809182

ചെലവ്- 2311190 രൂപ ( 2018-19- 1690818 + 2019-20- 620372 ചെക്ക് നം. 5234256/ 3.12.2019 )

നിർവ്വഹണോദ്യോഹസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

കരാറുകാരൻ- സാജൻ ജോസ്, വാഴയിൽ, ഇടമറ്റം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2019-20 ൽ പൂർത്തിയാക്കിയതാണ് മേൽ പ്രോജക്ട്. വകയിരുത്തിയിരുന്ന 2500000 രൂപ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് അപര്യാപ്തമായിരുന്നതിനാൽ സ്ട്രക്ചർ നിർമ്മാണം മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പെയിന്റിംഗ് തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. 2019-20 ൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. അനുബന്ധപ്രവൃത്തികൾ പൂർത്തിയാക്കി ഫാഷൻ ടെക്നോളജി കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് 2020-21 ൽ തുടർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറിക്ക് നം.40) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 620372/- രൂപയുടെ (2019-20) വർഷത്തെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 പാമ്പാടി ഡിവിഷൻ- എലിക്കുളം ഗ്രാമപഞ്ചായത്ത്- ചാത്തമല എസ്.സി. കോളനിയിൽ പാലം നിർമ്മാണം- ലക്ഷ്യം കൈവരിച്ചില്ല**

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

പ്രോജക്ട് നം. 780/20 (സ്പിൽ ഓവർ നമ്പർ 1087/18-19)

ചെലവ് - ₹ 1188165/- (2018-19 ൽ 383861/-, 2019-20 804304/-

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)

കരാറുകാരൻ - ഷാജി മാത്യു,കണ്ടത്തിൽ

പൊതുകം-കപ്പാട്-മൂഴിക്കാട് റോഡിൽനിന്നും തോടിന് കുറുകെ പാലം നിർമ്മിച്ച് ചാത്തമല എസ്.സി.കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയായിരുന്നു ഇത്. 16 എസ്.സി. കുടുംബങ്ങളും 8 മറ്റ് വിഭാഗക്കാരും കോളനിയിലുള്ളതായി പട്ടികജാതി വികസന ഓഫീസർ, പാമ്പാടി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ നേരിട്ടുള്ള പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.



ചെങ്കുത്തായ മലയുടെ അടിവാരവുമായാണ് പാലം പ്രധാന റോഡിനെ ബന്ധിപ്പിക്കുന്നത്. പാലത്തിന്റെ മറുകരയിൽ റോഡില്ല. മേൽപ്പറഞ്ഞ പ്രകാരം 24 കുടുംബങ്ങൾ ഈ കോളനിയിൽ വസിക്കുന്നുണ്ടെങ്കിലും നിലവിൽ ഒരു കുടുംബത്തിന് മാത്രമാണ് ഈ പ്രോജക്ട് കൊണ്ട് പ്രയോജനമുള്ളതായി കാണുന്നത്. പാലത്തിന്റെ മറുകരയുമായി മറ്റ് കുടുംബങ്ങളെ ബന്ധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 12 ലക്ഷത്തോളം രൂപ മുതൽ മുടക്കി പാലം നിർമ്മിച്ചത് ടി കുടുംബങ്ങൾക്ക് നിലവിൽ പ്രയോജനപ്രദമായിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.47 തീയതി 15.1.2021) മറുപടി ലഭിച്ചിട്ടില്ല. പാലം നിർമ്മിച്ചതിന്റെ പ്രയോജനം എല്ലാ കോളനി നിവാസികൾക്കും ലഭ്യമാകുന്ന രീതിയിൽ തുടർ പ്രോജക്റ്റുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 കാഞ്ഞിരപ്പള്ളി ഡിവിഷൻ-മണിമല ഗ്രാമപഞ്ചായത്ത്- പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്കാരിക നിലയം- മണ്ണ് നിറയ്ക്കൽ സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | പ്രൊ.നം 793/2020 , കാഞ്ഞിരപ്പള്ളി ഡിവിഷനിൽ മണിമല പഞ്ചായത്ത് 2-ാം വാർഡിൽ പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്കാരിക നിലയനിർമ്മാണം |
| അടങ്കൽ | 10,00,000/-(എസ് സി പി) |
| ചെലവ് | 8,04,715 (Bill No 106/22-5-19 & 357/20-1-20) |
| കരാർ നം | 212/AEE/LSGD/17-18 Dt 12-01-2018 |
| കരാറുകാരൻ | മെജോ മാത്യു |
| എംബുക്ക് നം | 189/17-18 |

എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായ എർത്ത് വർക്ക് എസ്കവേഷൻ പ്രകാരം 59.216$m^3$ മണ്ണ് കുഴിച്ചെടുക്കുന്നതിനും (എംബുക്ക് പേജ് നം 4) ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് ഫൗണ്ടേഷൻ ഫില്ല് ചെയ്യുന്നതിന് ഉപയോഗിച്ചതായും ചേർത്തിരിക്കുന്നു. എന്നാൽ എക്സ്ട്രാ ഇനം 1 ആയി എംബുക്ക് പേജ് നം 73ൽ 19.8$m^3$ മണ്ണ് ഫൗണ്ടേഷന് ഫില്ലിങ്ങിനായി ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ ഇനമായി കുഴിച്ചെടുത്ത 59.21$m^3$ മണ്ണ് ഉപയോഗിക്കാതെ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചാണ് ഫില്ലിങ്ങ് നടത്തിയത്. ആയതിന് താഴെ ചേർക്കും പ്രകാരം അധികനിരക്ക് അനുവദിച്ചിരുന്നു. Filling Of Contractors Own Earth=19.8m3-1.98m3(10%)=17.82$m^3$ മണ്ണിന് 422.78രൂപ നിരക്കിൽ 7533.93/-രൂപ അധികമായി നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഫില്ലിങ്ങിനായി ഉപയോഗിക്കാത്തതുമായി ബന്ധപ്പെട്ട വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം53/8-1-2021) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുകയായ 7534/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രസ്തുത പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് വർക്കുകൾ ഉൾപ്പെടുത്തിയിരുന്നില്ല.ഒരു കെട്ടിട നിർമ്മാണപ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി സ്ട്രക്ച്ചർ മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഇനങ്ങളാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇത് ശരിയായ നടപടിയല്ല. കൂടാതെ കരാർ പ്രകാരം ഏറ്റെടുത്ത ഫ്ലോർ,റൂഫ് ടോപ്പ് എന്നിവയുടെ പ്ലാസ്റ്ററിങ്ങ്, ഡോറുകൾ, ജനാലകൾ എന്നിവയുടെ വർക്കുകൾ പൂർത്തീകരിക്കാതെ തന്നെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരുന്നു. പ്രസ്തുത വർക്കുകളുടെ പൂർത്തീകരണത്തിന്2020-21ലേക്ക് തുടർ പ്രൊജക്ട് തയ്യാറാക്കിയിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 53) മറുപടി ലഭ്യമായില്ല. സ്ട്രക്ച്ചർ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്നതിനാലും പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിലും മേൽ പ്രോജക്ടിനായുള്ള 804715/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 അയർക്കുന്നം ഡിവിഷൻ- അയർക്കുന്നം ഗ്രാമപഞ്ചായത്ത് -മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം.അപാകതകൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം, പേര് | 1098/20അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ 1-ാം വാർഡിൽ മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം |
| അടങ്കൽ | 16,00,000/-(തനത് ഫണ്ട് 6,00,000/- +10,00,000/- വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | തൻവർഷ ചെലവ്<br>6,00,000/-(ചെക്ക് നം 51900318/22-6-19)<br>ആകെ ചെലവ്=14,30,395/- |
| കരാർ നം | 153/AEE/LSGD/18-19 Dt 4-10-2018 |
| കരാറുകാരൻ | കെ ജെ തോമസ് |
| എംബുക്ക് നം | 161/18-19, |

പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ 15-ാ മത്തെ ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിങ്ങാണ് ഉദ്ദേശിച്ചിരുന്നത്. ടി ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് Rs 280/$M^3$ ആണ്. ലെവൽ ഫീൽഡ് ബുക്ക് നം 60/17-18 പ്രകാരം മണ്ണ് ഫില്ല് ചെയ്ത ഏരിയ 400.403 $M^3$ ആണ്. ആകെ ഫില്ലിങ്ങ് ഏരിയായിൽ നിന്നും 1-ാമത്തെ ഇനമായി കുഴിച്ചെടുത്ത 71.93 $M^3$ മണ്ണ് കുറവ് ചെയ്ത് എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തി 315.29$m^3$ മണ്ണ് ഫില്ലിങ്ങിന് 88821.20/- രൂപ നൽകിയിരിന്നു. എന്നാൽ 10% കൺസോളിഡേഷൻ കുറവ് ചെയ്യാതെയാണ് തുക നൽകിയത്. കൺസോളിഡേഷൻ കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

ഫില്ലിങ്ങ് ഏരിയ= 400.403$m^3$

Deduct Cut Earth =(-)71.93$m^3$

-------------------------------------------

=328.47$m^3$

Consolidation(10%)= (-)32.847

-------------------------------------------

=295.623$m^3$ @Rs 280/$M^3$= 82774.4

അധികം നൽകിയ തുക =88821.20-82774.4=6046.8

അധികമായി തുക നൽകാനിടയായതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. അധികമായി നൽകിയ തുകയായ 6047/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 ചിറക്കണ്ടം തേരകത്താംകുഴി റോഡ് നിർമ്മാണം പ്രവർത്തിയിൽ ക്വാറി മക്ക് ഫില്ലിങ്ങ് ടേപ്പ് മെഷർമെൻ്റ കുറവ് ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 1164/20 |
| അടങ്കൽ | 10,00,000/ |
| ചെലവ് | കരാറുകാരന് - 786605<br>നി.തൊക്ഷേ.വി -8557<br>ജി.എസ്.റ്റി -17114<br>ആദായനികുതി - 8557<br>റിട്ടൻഷൻ/പെനാൽറ്റീസ്- 34843/-<br>ആകെ 855676/- |
| കരാറുകാരൻ | ജയൻ ഫിലിപ്പ് |
| കരാർ നം. | 387/2018-19 തീയതി13-2-19 |
| എംബുക്ക് നം. | 538/18-19 |
| ബിൽ നം. | 18/18-19തീയതി 23-03-19 |

പ്രവൃത്തിയുടെ 9-ാംമത്തെ ഇനമായ ക്വാറി മക്ക് ഫില്ലിങ്ങിന് 57.420.M3 ക്വാറി മക്ക് ഫില്ല് ചെയ്തതായി കാണുന്നു. 803/ക്യൂ.മീ എന്ന നിരക്കാണ് കരാറുകാരന് നല്കിയത്. (ആകെ 57.420m3x803= 46108.26/-). ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് പ്രകാരം ഫില്ലിംഗിന്റെ 10% ടേപ്പ് മെഷർമെന്റ് കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവിടെ 57.420 M3 ന്റെ 10% 5.74/M3കുറവ് ചെയ്തിരുന്നില്ല. മേൽപറഞ്ഞ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 46/ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം കുറവ് ചെയ്യാതെ കരാറുകാരന് അധികം നൽകിയ തുക (803x5.74$m^3$=4609/-). കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തി-വീഴ്ച വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.

1) പ്രോജക്ട് നം.എസ്.744/2020 അതിരമ്പുഴ ഡിവിഷൻ-വാവക്കാട് കേളകരി പാടശേഖരത്തിന് പറക്കുഴി ചാൽ നിർമ്മാണം.

| | |
|---|---|
| കരാറുകാരൻ | ശ്രീ.ലൂക്കോസ് പാപ്പച്ചൻ |
| അടങ്കൽ | 1000000 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് | AE (3)/09/2017-18 Dt.24.04.18 |
| ക്വോട്ട് ചെയ്ത തുക | 941878.12 ലൂക്കോസ് പാപ്പച്ചൻ L1 |
| ക്വോട്ട് ചെയ്യപ്പെട്ട മറ്റ് തുകകൾ | 986897.02 സിറിയക്ക് ആന്റണി L2<br>1014159.95 എം എ ജെയിംസ് L3 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിനെ ത്തുടർന്ന് കുറഞ്ഞതുക ക്വോട്ട് ചെയ്ത കരാറുകാരനായ ശ്രീ ലൂക്കോസ് പാപ്പച്ചന് 24.04.18 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 06.05.2018 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ കരാർ വയ്ക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ കരാർ വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും കത്തുകൾ നൽകി (തീയതി21/12/2018). തുടർന്നും കരാർ വയ്ക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ അടുത്ത കുറഞ്ഞതുക ക്വോട്ട് ചെയ്ത ശ്രീ സിറിയക്ക് ആന്റണിയുടെ ടെണ്ടർ അംഗീകരിക്കുകയും പ്രവർത്തി അനുവദിച്ച് നൽകുകയും പൂർത്തീകരിക്കുകയും ചെയ്തു. ഈ ടെണ്ടർതുകകൾ തമ്മിലുള്ള വ്യത്യാസവും പഞ്ചായത്തിനുണ്ടായ നഷ്ടതുകയുമായ 45018.90 (986897.02-941878.12=45018.90)ഏഴ് ദിവസത്തിനകം ഓഫീസിൽ അടയ്ക്കണമെന്നാവശ്യപ്പെട്ട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എ.ഇ(3)02/2017-18-ാം നം കത്ത് (തീയതി രേഖപ്പെടുത്തിയിട്ടില്ല) നൽകി. അസുഖം മൂലമാണ് കരാർ വയ്ക്കാൻ കഴിയാതിരുന്നത് എന്ന് 14/05/2019 ൽ കത്ത് മുഖേന മറുപടി നൽകി. എന്നാൽ ഈ കത്തിനൊപ്പം നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചികത്സയിലായിരുന്ന കാലയളവ് 23/12/2018 മുതൽ 30/12/2018 വരെയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലൂക്കോസ് പാപ്പച്ചന് 24.04.18 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 06.05.2018 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയമുണ്ടായിരുന്നു. എന്നതിനാൽ മേൽ പരാമർശിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. മറുപടി തൃപ്തികരമല്ലെന്നും തുക മൂന്ന് ദിവസത്തിനകം അടയ്ക്കണമെന്നും 22.05.2019 ലെ നം എ.ഇ (3) 02/2017-18 കത്ത് പ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആവശ്യപ്പെടുകയും അല്ലാത്തപക്ഷം പി.ഡബ്ള്യൂ.ഡി മാന്വൽ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുകയും ചെയ്തു എന്നാൽ ലൂക്കോസ് പാപ്പച്ചൻ തുക ഒടുക്കിയതായോ തുക ഒടുക്കാത്താതിനാൽ ഇദ്ദേഹത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ചതായോ ഫയലിൽ രേഖയില്ല. തുക ഒടുക്കിയതിന്റെയോ അല്ലെങ്കിൽ തുക ഒടുക്കാത്താതിനാൽ ഇദ്ദേഹത്തിനെതിരെ സ്വീകരിച്ച നിയമ നടപടികളുടെയൊ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31 ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കുകയോ അല്ലാത്തപക്ഷം ഇദ്ദേഹത്തിനെതിരെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ (2009.6) ന് അനുസൃതമായ നടപടി സ്വീകരിക്കുകയോ ചെയ്ത് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 അയർക്കുന്നം പഞ്ചായത്ത്- എളവുപാടം പാടശേഖരത്തിന് അടിസ്ഥാന സൗകര്യവികസനം-മോട്ടർ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| പ്രോജക്ട് നം. | 667/20 |
| അടങ്കൽ | 800000രൂപ |
| ചെലവ് | 800000രൂപ<br>ബിൽ നം-142/17.519<br>തുക 601050<br>ബിൽ നം-342/14.12.19<br>തുക198950 |

2018-19 വർഷത്തെ പദ്ധതിയിൽ ആവിഷ്ക്കരിച്ച പ്രോജക്ടാണ് അയർക്കുന്നം പഞ്ചായത്തിലെ ഇളവുപാടം പാടശേഖരത്തിന് അടിസ്ഥാനസൗകര്യവികസനം. ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ പാടശേഖരത്തിലെ കനാലിന് സൈഡ് പ്രൊട്ടക്ഷൻ, 1375m 5 Cm കനത്തിൽ കനാലിന്റെ ഉൾവശം കോൺക്രീറ്റ് ചെയ്യുക, പ്ലാസ്റ്ററിങ്ങ് ഡി ആർ മേസന്റി, പമ്പ് ഹൗസ് നിർമ്മാണം മോട്ടർ വാങ്ങി നൽകൽ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് .

പാടശേഖരത്തിന്റെ അടിസ്ഥാനവികസനത്തിനായി 25 HPമോട്ടർ പമ്പ് സ്ഥാപിക്കുന്നതിലാണ് ആദ്യം പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും പിന്നീട് 25 HP പകരം 10 HPമോട്ടർ പമ്പ് സ്ഥാപിക്കുന്നതിനും ,ഇറിഗേഷൻ വകുപ്പ് കനാൽ കോൺക്രീറ്റിങ്ങ് പ്രവൃത്തി ആരംഭിച്ചതിനാൽ 864m നീളം മാത്രം കോൺക്രീറ്റ് ചെയ്യുവാൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന കനാൽ കോൺക്രീറ്റിങ്ങ് പോലുള്ള പ്രവർത്തി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുള്ള സാഹചര്യം വ്യക്തമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ കരാറുകാരന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മോട്ടർ സ്ഥാപിക്കാതെ തന്നെ പ്രവൃത്തി ക്ലോസ് ചെയ്ത് ഫൈനൽ പേയ്മെന്റ് നൽകി. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാർ പുതുക്കിയെങ്കിലും പുതുക്കിയ കരാർ പട്ടികയിലുള്ള എല്ലാ ഇനങ്ങളും നിർവ്വഹിക്കാതെ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ കാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (57/12.01.2020) ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 800000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പ്രോജക്ടുകളുടെ ഏറ്റെടുക്കൽ-പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

അസി എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയുന്ന പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം പേര്, | ചെലവഴിച്ച തുക |
| 1152/20വൈക്കം ഡിവിഷനിൽ ചെമ്പ് പഞ്ചായത്തിലെ മുറിഞ്ഞുപുഴ ഫിഷ് ലാന്റിങ്ങ് സെന്ററിൽ വനിതകൾക്ക് മത്സ്യ വിപണന കേന്ദ്രം | 237899 |
| 921/20കങ്ങഴപഞ്ചായത്ത് 140ഡി ക്ഷീരസംഘത്തിന്റെ കെട്ടിടനിർമ്മാണം | 76361 |
| 657/20 തലയാഴം ഡിവിഷനിൽ പെരുന്തുരുത്ത് എസ് കെ വി യുപി സ്കൂളിന്റെ മെയിന്റനൻസ് | 447324 |

മേൽ പരാമർശിച്ച കെട്ടിടങ്ങൾ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (56/12.01.2021)മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ചുമതലകളും സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകളും നിറവേറ്റുന്നതിനു വേണ്ടിയായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് പൊതുവായ ചുമതലകളിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ ഉൾപ്പെടാത്ത ഇനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നത് നിയമപ്രകാരമല്ല. ഇപ്രകാരം പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയും പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികളിലെ എസ്റ്റിമേറ്റ് റിവിഷൻ ബാഹുല്യം

**1)കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് 21-ാം വാർഡിൽ പകൽവീട് പൂർത്തീകരണം**

പ്രോജക്റ്റ് നം: 650/19-20(439/18-19)

അടങ്കൽ : ₹7,00,000/-

ചെലവ് : ₹6,39,653/-

കരാറുകാരൻ : ഷാജിമാത്യു, കണ്ടത്തിൽ, മൂന്നിലവ്

കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പകൽവീട് കെട്ടിടത്തിന് പിന്നിലായി 2 മുറികളുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനാണ് ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടെൻഡർ നടപടികൾ പൂർത്തിയാക്കി 5 മാസത്തെ പൂർത്തീകരണ കാലയളവോടെ 15.11.2018 ന് സൈറ്റ് കരാറുകാരന് കൈമാറിയിരുന്നു. നിർദിഷ്ട സൈറ്റിൽ 3 തേക്ക് തടികൾ നിൽക്കുന്നതിനാൽ വർക്ക് ആരംഭിക്കുവാൻ കഴിയില്ല എന്നും സൈഡ് കുഴിച്ചപ്പോൾ പാറയുള്ളതായി കണ്ടതിനാൽ കൂടുതൽ കുഴിക്കുവാൻ സാധിക്കില്ല എന്നും ആയതിനാൽ ഈ വർക്കിന്റെ തുക നിലവിലുള്ള കെട്ടിടത്തിന്റെ സൗകര്യങ്ങൾ കൂട്ടുന്നതിനായി ഉപയോഗിക്കുന്നതിന് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് അംഗീകാരം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കാഞ്ഞിരപ്പള്ളി അസി.എക്സി.എഞ്ചിനിയർ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകുകയും 22.12.2018 ന് കൂടിയ ജനറൽ കമ്മിറ്റി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതിനൽകുകയും ചെയ്തിട്ടുണ്ട്. എം ബുക്കിൽ പേജ് നം.1 മുതൽ 4 വരെയുള്ള ഇനങ്ങൾ 18.12.2018 ന് മുൻപ് ചെയ്തിട്ടുള്ളത് / രേഖപ്പെടുത്തിയത് 2.2.19,8.2.19 എന്നിങ്ങനെ തിരുത്തൽ വരുത്തിയിട്ടുള്ളതായും കാണുന്നു. 28.3.2018 ൽ ഭരണാനുമതി ലഭിച്ച ടി പ്രോജക്ടിന്റെ രൂപീകരണ സമയം മുതൽ സൈറ്റിൽ നിൽക്കുന്ന തേക്കിൻ തടികൾ വെട്ടിമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സമയമുണ്ടായിരുന്നിട്ടും ഒരു വർഷത്തിന് ശേഷം ഇക്കാരണം പറഞ്ഞ് ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും പാടെ വ്യതിചലിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റിന് ശുപാർശ ചെയ്തത് ഉചിതമല്ല. പദ്ധതിക്കായി ചെലവായ 6,39,653/-രൂപയിൽ 3 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത് അലുമിനിയം കോമ്പസിറ്റ് പാനലിലുള്ള ബോർഡ് സ്ഥാപിക്കുന്നതിനാണ് എന്നത് പരിഗണിക്കുമ്പോൾ ഏത് വിധേനയും ഫണ്ട് ചെലവഴിക്കുന്നതിനാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ മുൻഗണന നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

**2)മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ പുത്തൻ ശബരിമല എസ്.സി.കോളനിയിൽ അടിസ്ഥാന സൗകര്യ വികസനം**

പ്രോജക്റ്റ് നം:790/19-20

അടങ്കൽ : ₹12,00,000/-

ചെലവ് : ₹411987/-(2019-20)

കരാറുകാരൻ : എം.എൻ.മോഹനൻ,വെള്ളാരംകുന്നേൽ

28.3.2018 ൽ കരാർ ചമച്ചിട്ടുള്ള ടി പ്രവൃത്തിക്കായി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളത് 07.05.2018 ൽ മാത്രമാണ്. സൈറ്റ് കൈമാറുന്നതിലെ കാലതാമസം അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. നിലവിലുള്ള എസ്.സി.സാംസ്കാരിക നിലയത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള ടി പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ, ട്രസ്സ് വർക്ക്, ചുറ്റമതിൽ നിർമ്മാണം, ഐറിഷ് ഡ്രയിൻ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, എസ്റ്റിമേറ്റിൽ "Shed With Rectified Glazed Ceramic Tile, Interlock "തുടങ്ങിയവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അപേക്ഷിച്ചതിനെ തുടർന്ന് 17.2.2020 ൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് ജനറൽ കമ്മിറ്റി അനുമതിനൽകുകയും ചെയ്തിട്ടുണ്ട്. Incinator സ്ഥാപിക്കലിനും Compound Wall നിർമ്മാണത്തിനും എസ്റ്റിമേറ്റ് എടുത്ത് എഗ്രിമെന്റ് വെച്ചതിന് ശേഷം Interlock & Tile ഇടാൻ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാക്കിയതിന് എക്സിക്യൂട്ടീവ് എഞ്ചിനിയർ തന്നെ അസി.എഞ്ചിനിയർ, അസി.എക്സി.എഞ്ചിനിയർ എന്നിവരോട് വിശദീകരണം ചോദിച്ചിട്ടുള്ളതായി കുറിപ്പ് ഫയലിൽ കാണുന്നു. ഇൻസിനേറ്റർ ആവശ്യമില്ലെങ്കിൽ സ്ഥാപന മേധാവിയിൽ നിന്ന് കത്ത് ലഭ്യമാക്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.73 തീ.28.3.2021) മറുപടി ലഭിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടത്തിയിട്ടുള്ള പദ്ധതികളുടെ എണ്ണം വളരെ കുറവാണ്. എസ്റ്റിമേറ്റ് റിവിഷൻ അനിവാര്യമായ സാഹചര്യങ്ങൾ നിർവ്വഹണ ഘട്ടത്തിൽ ഉണ്ടാകാമെങ്കിലും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം വിലയിരുത്താതെയും ആവശ്യമായ സൈറ്റ് പരിശോധന നടത്താതെയും പദ്ധതി രൂപീകരിക്കുന്നത് കൊണ്ടുണ്ടാകാവുന്നതും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും പാടേ വ്യതിചലിച്ചുള്ളതുമായ എസ്റ്റിമേറ്റ് റിവിഷനുകൾ പരമാവധി ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 അയർക്കുന്നം ഗ്രാമ പഞ്ചായത്ത് -വയോജനങ്ങൾക്ക് വിനോദ വിശ്രമകേന്ദ്രം- നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. 729/20

അടങ്കൽ- 2000000 രൂപ ( വികസന ഫണ്ട് )

ചെലവ്- 1507483 രൂപ (ഒന്നാം പാർട്ട് ബിൽ-778863 രൂപ- ബിൽ നം. 140/19-20/ 17.5.19 + ഫൈനൽ ബിൽ- 728620 രൂപ- )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

കരാറുകാരൻ- സിന്തോൾ തോമസ്

അളവ് പുസ്തകം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2019-20 ൽ പൂർത്തിയാക്കിയതാണ് മേൽ പദ്ധതി. 88 $M^2$ തറവിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി മണർകാട് വില്ലേജിൽ ബ്ലോക്ക് നം. 33 ൽ സർവ്വേ നം. 410/2 ൽപ്പെട്ട 3 സെന്റ് സ്ഥലം തിരുവഞ്ചൂർ പബ്ലിക് ലൈബ്രറിയുടെ പ്രസിഡന്റ് വിട്ട് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്ക് വരവ് ചെയ്തതിന്റെ വിവരം ലഭ്യമല്ല. 31.12.2020 ൽ ഓഡിറ്റ് ടീം എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ, കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, വാട്ടർ കണക്ഷൻ തുടങ്ങിയ വർക്കുകൾ ചെയ്തിട്ടില്ല എന്നു കണ്ടു. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം 32 പ്രകാരം 1000 ലിറ്റർ കപ്പാസിറ്റിയുള്ള PVC വാട്ടർ ടാങ്ക് സ്ഥാപിച്ചതായി അളവ് രേഖപ്പെടുത്തി മൂല്യം കണക്കാക്കിയിരുന്നു. എന്നാൽ സ്ഥല പരിശോധനയിൽ ടാങ്ക് സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. ഇനം 33 പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിന് 28500 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമാക്കാൻ എൻജിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 45/01.01.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപിക്കാത്ത വാട്ടർ ടാങ്കിന് മൂല്യം നിർണ്ണയിച്ച് നൽകിയ 9580 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തെറ്റായി മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും 9580 രൂപ തിരികെ ഈടാക്കേണ്ടതാണ്. സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് കണക്കാക്കിയ മൂല്യമായ 28500/- രൂപയും തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകതകൾ പരിഹരിക്കുന്നത് വരെ നിരാകരിച്ച 9580 രൂപ കഴിച്ചുള്ള 1497903 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ജില്ലാ ഹോമിയോ ആശുപത്രി അടിയന്തിര സൗകര്യങ്ങൾ-മരാമത്ത് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 934/20 |
| അടങ്കൽ | 5,00,000 (തനത് ഫണ്ട്) |
| ചെലവ് | 1,87,183 (ചെക്ക് നം - JF5998633/21.01.20) |
| എം ബുക്ക് നം | 407/18-19 |
| കരാറുകാരൻ | ഫിലിപ്പ് ജോണി |
| നിർവ്വഹണോദ്യോസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |

ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ഹോമിയോ ആശുപത്രിയ്ക്ക് കൗണ്ടറുകളും കബോർഡുകളും ഡോറും അത്യാവശ്യ പ്ലംബിംഗ് വർക്കുകളും ഉൾപ്പെടുത്തി ആകെ അഞ്ചു ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2017-18 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ തൻവർഷം പ്രവൃത്തി നടപ്പാക്കിയില്ല. 2018-19 സ്പിൽ ഓവറായി അംഗീകാരം ലഭിച്ചതിനെ തുടർന്ന് 26/02/19 ൽ പ്രവൃത്തിയ്ക്കായി കരാറിലേർപ്പെട്ടു. എന്നാൽ പ്രോജക്ട് നടപ്പിലാക്കാൻ വൈകിയതിനാൽ എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിരുന്നചില അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തീകരിച്ചതായി 10/03/19 ൽ ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് അറിയിച്ചു. തുടർന്ന് കരാറുകാരൻ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് കൗണ്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും പ്രവൃത്തി 16/04/19 ന് പൂർത്തീകരിച്ചു. 20/08/19 ന് ഫൈനൽ ബിൽ സമർപ്പിച്ചു. എന്നാൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഫൈനൽ ബിൽ സമർപ്പിച്ചതിനു ശേഷം 23/10/19 ന് മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചത്. പി.ഡബ്ല്യൂ.ഡി മാനുവൽ 1601.01.04 പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവഹിക്കുമ്പോൾ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ലഭ്യമായതിനുശേഷം മാത്രം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഹോമിയോ ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യപ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതിനു ശേഷമാണ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ലഭ്യമായത്. (30.09.2019 ലെ 1(3) നമ്പർ തീരുമാനം) മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 59/13-01-21) മറുപടി ലഭ്യമായില്ല. പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പ്രോജക്ട് നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കടുത്തുരുത്തി ഡിവിഷൻ - മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് -വയോജന വിശ്രമകേന്ദ്രം - ആവശ്യകത

**നിർണ്ണയിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നം | 544/20 |
| അടങ്കൽ | 15,27,436 ( വി.ഫ (പൊതു)) |
| ചെലവ് | 14,00,000(ബിൽ നം 474/30.03.20) , (700000+700000)<br>(ബിൽ നം 544/28.09.19) |
| എം ബുക്ക് നം | 406/18-19 , 499/18-19 |
| കരാറുകാരൻ | ഷാജി ജോസഫ് |
| നിർവ്വഹണോദ്യോസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |

മാഞ്ഞൂർ പഞ്ചായത്തിലെ 9 -ാം വാർഡിൽ വയോജനങ്ങൾക്കായി വിനോദ വിശ്രമ കേന്ദ്രം ഒരുക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി ആരംഭിക്കാനുദ്ദേശിച്ച സ്ഥലത്തേയ്ക്ക് വഴിയില്ലാത്തതിനാൽ 13 -ാം വാർഡിൽ പഞ്ചായത്ത് വക കുളത്തിന് സമീപം പുറമ്പോക്ക് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 07/01/21 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള പകൽവീട് നിർമ്മിച്ചിരിക്കുന്നത് മേൽ വിശ്രമ കേന്ദ്രത്തിന് തൊട്ടുചേർന്ന തന്നെയാണെന്ന്



കണ്ടു. 13 -ാം വാർഡിൽ വയോജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ പകൽ വീട് നിലനിൽക്കെ വീണ്ടും അതേ സ്ഥലത്തുതന്നെ വയോജന വിശ്രമ കേന്ദ്രം ഒരുക്കിയത് ആവശ്യകത നിർണ്ണയിക്കാതെയാണെന്ന കാണുന്നു. വിശ്രമ കേന്ദ്രം കൊണ്ട് വിവിധ വാർഡുകൾക്ക് ലഭിക്കേണ്ട പ്രയോജനം നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 60/13-01-21) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണത്തിൽ വിവിധ തലത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ഉറപ്പു വരുത്തേണ്ടതാണ്.

**1-38 ആറാട്ടുമണപ്പുറം പാർശ്വഭിത്തി നിർമ്മാണം - നദീതീര സംരക്ഷണത്തിന വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ.**

| | |
|---|---|
| പ്രോജക്ട് നം | 1150/20 |
| അടങ്കൽ | 22,90,686(വി.ഫ (പൊതു)) |
| നിർവ്വഹണോദ്യോസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |
| എം ബുക്ക് നം | 233/19-20 |

വെള്ളൂർ ഗ്രാമപഞ്ചായത്ത് ആറാട്ടുമണപ്പുറത്തിന്റെ വശങ്ങളുടെ സംരക്ഷണവും സ്ഥലം മണ്ണിട്ടുയർത്തി സ്പോർട്സ് ആവശ്യങ്ങൾക്കായി സ്ഥലം ഉപയോഗിക്കലും എന്ന ഉദ്ദേശ്യത്തിലാണ് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയത്. 07/01/21 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ സംരക്ഷണഭിത്തിയ്ക്കായി കോക്കനട്ട് പൈൽ താഴ്ത്തി സ്റ്റോൺ മേസൺറി ചെയ്ത് മുകൾ ഭാഗം കോൺക്രീറ്റ് ചെയ്തിരിക്കുന്നതായും നദീതീരം മണ്ണിട്ടുയർത്തിയിരിക്കുന്നതായും കണ്ടു. ഇതിനായി 1972.46 M3(493 ടിപ്പർ ലോഡ്) മണ്ണ് പുറത്ത് നിന്നും ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്ത് വെള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഉദ്ദേശിക്കുന്നതായും ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ അറിയിച്ചു. നിലവിൽ വശങ്ങൾ കെട്ടിയെടുത്ത ആറ്റുപുറമ്പോക്കിന്റെ സമീപസ്ഥമായ പുറമ്പോക്ക് പ്രദേശങ്ങളിലും പാർശ്വഭിത്തി നിർമ്മാണവും സ്ഥലം മണ്ണിട്ടുയർത്തി നിർമ്മാണപ്രവർത്തനവും ലക്ഷ്യമിടുന്നുണ്ട്.ആറ്റുപുറമ്പോക്ക് മണ്ണിട്ടുയർത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്നത് നദീതീര സംരക്ഷണ ആക്ടിന് വിരുദ്ധമാണ്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.



1. കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് 2001 വകുപ്പ് 15 പ്രകാരം നദീതീരമുള്ള തദ്ദേശഅധികാരസ്ഥാപനങ്ങൾ നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ എടുത്തുകൊണ്ട് അതിന്റെ ജൈവ പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കേണ്ടതാണ്. എന്നാൽ പാർശ്വഭിത്തി നിർമ്മിച്ച് ആറ്റുപുറമ്പോക്ക് മണ്ണിട്ടുയർത്തിയതിലൂടെ നദിയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് ഭംഗം വരികയാണ് ചെയ്തിരിക്കുന്നത്. നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിനായി നദീതീരത്ത് ആറ്റുവഞ്ചി, കല്ലൻമുള എന്നിവ വനം വകുപ്പിന്റെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

2. വകുപ്പ് 16 പ്രകാരം നദീതീര വികസന പദ്ധതി നടപ്പാക്കുന്നതിന മുൻപ് സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സർക്കാർ അനുമതി വാങ്ങിയിട്ടില്ല.

3. കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 ചട്ടം 18 ൽ നദീതീരം സംരക്ഷിക്കുന്നതിനും ജൈവ പരിസ്ഥിതി സംരക്ഷിക്കുന്നതിനുമായി ജില്ലാ വിദഗ്ധ സമിതികളും കടവ് കമ്മിറ്റിയും കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ ജില്ലാ വിദഗ്ധ സമിതിയുടെ അനുമതിയോ, കടവ് കമ്മിറ്റിയുടെ അഭിപ്രായ രൂപീകരണമോ കൂടാതെ പദ്ധതി നടപ്പാക്കിയതായി കാണുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (67/19-01-21) മറുപടി ലഭ്യമാക്കിയില്ല. നദീതീര നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് , കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ എന്നിവയിലെ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. 2019-20 വർഷം പ്രവൃത്തി പൂർത്തിയായെങ്കിലും ബിൽ തുക നല്കിയിട്ടില്ല. പ്രോജക്ടിന് സർക്കാരിന്റെയും ജില്ലാ വിദഗ്ധ സമിതിയുടെയും അനുമതി ലഭിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-39 കരാറുകാരന് സൈറ്റ് കൈമാറുന്നതിൽ അകാരണമായ കാലതാമസം.</u>

**നിർവ്വഹണദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ,എൽ.എസ്.ജി.ഡി.**

**1)വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ തൊട്ടിപീടിക എണ്ണച്ചേരി റോഡ് മെയിന്റനൻസ്**

സ്പിൽ ഓവർ പ്രോജക്ട് നം. 778/19-20(1093/18-19,300/17-18)

അടങ്കൽ ചെലവ്-₹ 407547/-(2019-20)

ബിൽ നം. ( പാർട്ട് ബിൽ നം.123/05.04.2019, 305660 ഫൈനൽ ബിൽ നം.301/17.07.2019, 101887/-)

ഫണ്ട് - സംരക്ഷണഗ്രാന്റ് (റോഡ്)

കരാറുകാരൻ - ജോർജ്കുട്ടി ദേവസ്യ, കൊച്ചുമുറിയിൽ

മേൽ പ്രവൃത്തിയ്ക്കായി കരാറുകാരനായ ജോർജ്കുട്ടി ദേവസ്യ 23.11.17ൽ നിർവ്വഹണോദ്യോഗസ്ഥനായ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും **ഒരു വർഷത്തിനുശേഷം** 3.12.2018 ന് മാത്രമാണ് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളത്. കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തിസ്ഥലം അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഏറ്റെടുക്കേണ്ടതും കൈപ്പറ്റ് രസീത് ഒപ്പ് വെച്ച് നൽകേണ്ടതാണ് എന്നും കരാറുകാരൻ സൈറ്റ് ഏറ്റെടുക്കാൻ ഹാജരാകാത്തപക്ഷം കൈപ്പറ്റ് രസീത് കരാറുകാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ് എന്നും 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2102.1 അനുശാസിക്കുന്നു. ഇപ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല എന്ന് മാത്രമല്ല സൈറ്റ് കൈമാറാൻ വൈകിയത് സംബന്ധിച്ച് യാതൊരു പരാമർശവും ഫയൽ പരിശോധനയിൽ കാണാൻ സാധിച്ചില്ല.

**2)പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ചക്കാമ്പുഴ കുടിവെള്ള പദ്ധതി പൂർത്തീകരണം**

സ്പിൽ ഓവർ പ്രോജക്ട് നം. 766/19-20(272/18-19)

ചെലവ്-₹ 625504/-(2019-20) (ബിൽ നം. 258/05.04.2019, 474218/-&615/06.12.2019, 151286/-)

ഫണ്ട് - വികസനഫണ്ട് (ജനറൽ)

കരാറുകാരൻ - ഹരിശങ്കർ വി, ചിറയ്ക്കൽ

മേൽ പ്രവൃത്തിയ്ക്കായി കരാറുകാരൻ 13.7.18ൽ നിർവ്വഹണോദ്യോഗസ്ഥനായ അസി. എക്സിക്യൂട്ടീവ് എഞ്ചിനയറുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും 4 മാസങ്ങൾക്ക് ശേഷം 28.11.2018 ന് മാത്രമാണ് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളത്. മേൽ ഖണ്ഡികയിൽ പരാമർശിച്ചതു പോലെ കേരള പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ സൈറ്റ് കൈമാറൽ വൈകിയത് സംബന്ധിച്ച് എന്തെങ്കിലും രേഖപ്പെടുത്തൽ ഫയലിൽ നടത്തുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.66/19.1.2021) മറുപടി ലഭിച്ചിട്ടില്ല. പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള കാലവിളംബം ഉണ്ടാവാതിരിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-40 ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്തിൽ കൊങ്കരമല അമനകര കുടിവെള്ള പദ്ധതി- പൂർത്തീകരണവിവരം ലഭ്യമല്ല.</u>

പ്രോജക്ട് നം. 770/20

അടങ്കൽ- 500000 രൂപ (വികസന ഫണ്ട് )

ചെലവ്- 490252 രൂപ ( ഒന്നാം പാർട്ട് ബിൽ- 367688 രൂപ- ബിൽ നം. 135/19-20/ 17.5.2019, ഫൈനൽ ബിൽ- 122564 രൂപ- ബിൽ നം. 351/ 19-20/ 4.12.2019 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.

കരാറുകാരൻ- ജോർജ് ജോസഫ്, കരിശുംമൂട്ടിൽ, ചക്കാംപുഴ.

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ രാമപുരം ഗ്രാമ പഞ്ചായത്തിലാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന ഈ കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിൽ മതിയായ വെള്ളം ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പുതിയ കിണർ നിർമ്മിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് പമ്പിംഗ് മെയിൻ 75mm വ്യാസമുള്ള HDPE പൈപ്പ് 377m സ്ഥാപിക്കുന്നതിനും KSEB യിൽ തുക അടയ്ക്കുന്നതിനും മോട്ടോർ, പാനൽ ബോർഡ് എന്നിവ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിരുന്നു. ജില്ലാ പഞ്ചായത്ത് പ്രോജക്ടിൽ മോട്ടോർ ഹൗസ്, പമ്പിംഗ് ലൈൻ 35m, ടാങ്ക് തറ നിർമ്മാണം, 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ജില്ലാ പഞ്ചായത്ത് പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഇനങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 69/21.01.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള 490252/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 കല്ലേലപ്പടി-പള്ളത്തുപാറ SC കോളനി സമഗ്രവികസനം- പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിന് ശേഷം എസ്റ്റിമേറ്റ് പുതുക്കിയത്- ചട്ടവിരുദ്ധം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | 574/20കാഞ്ഞിരപ്പള്ളി ഡിവിഷൻ-വെള്ളാവൂർ ഗ്രാമപഞ്ചായത്ത്- കല്ലേലപ്പടി-പള്ളത്തുപാറ SC കോളനി സമഗ്രവികസനം |
| അടങ്കൽ | 15,00,000/-(എസ് സി പി) |
| ചെലവ് | 705468( Bill No 5/28-5-19 )<br>ആകെ ചെലവ്=8,86,245/- |
| കരാർ നം | 329/EE/LSGD/16-17 Dt 28-3-2017 |
| കരാറുകാരൻ | ജോർജ് തോമസ് , വളയത്ത് |
| എംബുക്ക് നം | 54/16-17(എം ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല) |

പ്രസ്തുത പ്രവൃത്തിയ്ക്ക് 2016-17 വർഷം കരാർ വച്ച് സൈറ്റ് കൈമാറി നൽകുകയുണ്ടായി. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 8-9-2017 നാണ്. എന്നാൽ പ്രവൃത്തിക്കാവശ്യമായ കരിങ്കല്ല്, 30 Km ചുറ്റളവിൽ ലഭ്യമാകുന്നില്ലായെന്ന കാരണം ചൂണ്ടിക്കാണിച്ച് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിന് കത്ത് നൽകുന്നത് 26-9-2017 ന് മാത്രമാണ്. യാതൊരു പ്രവൃത്തിയും ആരംഭിക്കാതെ കരാർ കാലാവധിക്ക് ശേഷം ദീർഘീകരണത്തിന് കത്ത് നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുന്നതിന് ജില്ലാപഞ്ചായത്ത് കമ്മറ്റി അനുമതി നൽകിയതായി ഫയലിൽ കാണുന്നില്ല. അനുമതി ലഭ്യമാക്കുന്നതിനും എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം71/22.01.202) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല.

കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി അവസാന അളവുകൾ എടുത്തിരിക്കുന്നത് 19-3-2019 നാണ്. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് പ്രവൃത്തി നടപ്പാക്കിയത്. എന്നാൽ എസ്റ്റിമേറ്റിൽ വരുത്തിയ മാറ്റത്തിന് അനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് ജനറൽ കമ്മറ്റിയുടെ അനുമതി തേടുകയോ ചെയ്തിരുന്നില്ല. യാതൊരു അനുമതിയും ലഭ്യമാകാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുമതി നൽകിയത് ക്രമപ്രകാരമല്ല. പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തിന് ശേഷം 14-8-2020 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18-8-2020 ലെ 1(21) നം തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ജില്ലാപഞ്ചായത്ത് ജനറൽകമ്മറ്റി അനുമതി നൽകുകയും ചെയ്തു. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരനെ അനുവദിച്ചതിനും പ്രവർത്തി പൂർത്തിയാക്കി ഒരു വർഷത്തിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നടപടിയ്ക്കും വിശദീകരണം ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റിന് വിരുദ്ധമായി ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചതിനാലും എംബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും മേൽ പ്രോജക്ടിനായി തൻവർഷം ചെലവഴിച്ച 7,05,468/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42-1 നെടുങ്കുന്നം ഗ്രാമ പഞ്ചായത്ത് - മാർക്കറ്റ് മാനങ്ങാടി റോഡ് മെയിന്റനൻസ് - പൂർത്തീകരണത്തിൽ അകാരണമായ കാലതാമസം-പിഴ ഈടാക്കിയതിൽ കുറവ്

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ.

സ്പിൽ ഓവർ പ്രോജക്ട് നം. 775/19-20(310/18-19)

ചെലവ് - ₹ 6,20,483/-

ഫണ്ട് - സംരക്ഷണ ഗ്രാന്റ് (റോഡ്)

കരാറുകാരൻ - മനോജ് തോമസ്,കോയിപ്പുറത്ത്

20.10.2017 ൽ കരാർ വെച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള മേൽ പ്രവൃത്തി 19.03.2018 പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും അതിനും ഒരു വർഷത്തിന് ശേഷം 26.3.2019 ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കേണ്ട 19.03.2018 നും 7 മാസങ്ങൾക്ക് ശേഷം 22.10.2018 ൽ മാത്രമാണ് എസ്റ്റിമേറ്റ് റിവിഷനുള്ള കമ്മിറ്റി തീരുമാനത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളത്. ശക്തമായ മഴയിൽ റോഡിന്റെ തുടക്കത്തിൽ 200 മീറ്റർ സെക്കന്റ് മെറ്റലിംഗ് ഉൾപ്പെടെ ഒലിച്ചുപോയതിനാൽ സൈഡ് ഡ്രയിൻ നീളം കുറച്ച് 200 മീറ്റർ സെക്കന്റ് മെറ്റലിംഗ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനാണ് അനുമതി തേടിയിരുന്നത്. എന്നാൽ, പ്രവൃത്തി സമയബന്ധിതമായോ രണ്ടുമാസം കൂടി വൈകിയോ പൂർത്തീകരിയ്ക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവിഷനുള്ള സാഹചര്യം ഉണ്ടാകുമായിരുന്നില്ല. കരാർ വെച്ച് ഒരു വർഷത്തിന് ശേഷവും പ്രവൃത്തി ആരംഭിക്കാത്തതിനെ തുടർന്നാണ് “ 7 ദിവസത്തിനകം കരാർ ഉടമ്പടി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഹാജരാക്കിയില്ലെങ്കിൽ താങ്കളുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ് " എന്ന് **6.12.2018** ലെ കത്ത് പ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരനെ അറിയിക്കുന്നത്. ഇപ്രകാരം കരാറുകാരന്റെ പിഴവ് മൂലമാണ് എസ്റ്റിമേറ്റ് റിവിഷന്റെയും പ്രവൃത്തി പൂർത്തീകരണം അകാരണമായി നീണ്ടുപോവുന്നതുമായ സാഹചര്യം ഉണ്ടായത് എങ്കിലും 1% പിഴ മാത്രമാണ് കരാറുകാരനിൽ നിന്നും ഈടാക്കിയത്. ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.68/20.1.2021) മറുപടി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് മാന്വലും സർക്കാർ ഉത്തരവുകളും അനുശാസിക്കുന്ന രീതിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-42-2 കുറിച്ചി ഗ്രാമ പഞ്ചായത്ത് - പള്ളത്രുക്കവല-മുട്ടത്തുകടവ് പനയംപള്ളി റോഡ് പുനരുദ്ധാരണം-കാലതാമസം-പിഴ ഈടാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ.

സ്പിൽ ഓവർ പ്രോജക്ട് നം. 698/19-20(60/18-19)

എ.പി.എ.സി-₹ 17,37,999.5

ചെലവ് - ₹ 16,87,482/-(2018-19:₹ 11,97,973 ; 2019-20: ₹4,89,509)

ഫണ്ട് - സംരക്ഷണ ഗ്രാന്റ് (റോഡ്)

കരാറുകാരൻ - എൻ.സി.മാത്തുക്കുട്ടി

23.8.2018 ൽ കരാർ വെച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള മേൽ പ്രവൃത്തിയുടെപൂർത്തീകരണ കാലാവധി 6 മാസം ആണെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 14.3.2019 (വ്യക്തതയില്ല) മാത്രമാണ്. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പൂർത്തീകരണ കാലാവധിയുടെ 25% വരെ ദീർഘിപ്പിച്ച് നൽകുന്നതിന് PAC യുടെ 1% പിഴ (₹17380/-) ഈടാക്കേണ്ടതാണ് എങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. സെക്ഷൻ 2113 പ്രകാരം അസി.എഞ്ചിനിയർ അവസാനമായി അളവുകൾ Measurement Book ൽ രേഖപ്പെടുത്തിയ തീയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തീയതിയായി കണക്കാക്കുന്നത്. ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള 168/18-19 നമ്പർ M Book ൽ തീയതികൾ വെട്ടിത്തിരുത്തിയിട്ടുള്ളതായി കാണുന്നു. പേജ് നം.39 ൽ Date Of Measurement 22.3.2019 ആണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ പേജ് നം.43ൽ തീയതി കൃത്യമായി മനസ്സിലാക്കാൻ സാധിക്കാത്ത രീതിയിലാണ് തിരുത്തൽ വരുത്തിയിട്ടുള്ളത്. അളവ് തീയതികളിൽ ഇപ്രകാരം തിരുത്തലുകൾ വരുത്തിയിട്ടുള്ളത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.55/5.1.2021) മറുപടി ലഭിച്ചിട്ടില്ല. പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും കരാറുകാരനിൽ നിന്നും പിഴയിനത്തിൽ 17380/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-43 കാഞ്ഞിരത്താനം പറമ്പ്രം കുടിവെള്ളപദ്ധതി - കുളം, ടാങ്ക്, പൈപ്പ് ലൈൻ- പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. 1385/20

അടങ്കൽ- 1000000 രൂപ (തനത് ഫണ്ട് )

ചെലവ്- 804054 രൂപ ( ചെക്ക് നം. 5749313/ 14.02.2020 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 11mx8 M അളവിൽ 7m താഴ്ചയുള്ള കുളം നിർമ്മിക്കുന്നതിനാണ് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നത്. Excavating Soil And Ordinary Rock, Additional Lift, DR Side Protection, RR Parapet എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ. ഫണ്ട് ലഭ്യത കുറവായതിനാൽ വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവ ഒഴിവാക്കിയിരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മറ്റിനങ്ങൾ ചെയ്യുന്നതിനും ഉദ്ദേശിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ 8m വ്യാസവും 6.6m താഴ്ചയുള്ളതുമായ കുളം നിർമ്മിച്ച് DR Side Protection നൽകിയിട്ടുണ്ട്. 29.12.2020 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ RR Parapet ഉം നിർമ്മിച്ചിട്ടുള്ളതായി കാണപ്പെട്ടു. എന്നാൽ കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മറ്റിനങ്ങൾ ചെയ്തതായി കാണുന്നില്ല. കുളം നിർമ്മിച്ച സ്ഥലം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് സറണ്ടർ ചെയ്ത് ലഭിച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. കുടിവെള്ളപദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ പ്രവൃത്തികൾ 2020-21 വർഷം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 43/30.12.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള തൻവർഷത്തെ 804054 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ആകെ വേലമൂല്യം | 804054 |
| (-) ആദായനികുതി | 8041 |
| (-) ക്ഷേമനിധി വിഹിതം | 8041 |
| (-) ജി എസ് റ്റി | 16082 |
| കരാറുകാരന് നൽകിയ തുക | 771890 |

## 1-44 ഇ.എം.ഡി, ടെൻഡർ ഫീ ഒഴിവാക്കൽ-സാധ്യത ഉറപ്പാക്കാതെ ടെൻഡർ നിരസിച്ചു.

2019-20 സാമ്പത്തിക വർഷം ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം, കോട്ടയം നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ 638/20 പ്രകാരം ജില്ലയിലെ വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം എന്ന പ്രോജക്ടിനായി ഇ- ടെൻഡർ ക്ഷണിച്ചതിന് രണ്ട് ടെന്ററുകൾ ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | ആർ.ജെ. എന്റർപ്രൈസസ് കോട്ടയം | 2268600/ |
| 2 | അവലോൺ സിസ്റ്റംസ് & സർവീസസ് കോട്ടയം | 1552250/ |

നിർവഹണ ഉദ്യോഗസ്ഥൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 04.02.2019 ൽ അയച്ച എച്ച് 1/13888/18 നമ്പർ കത്തിൽ അവലോൺ സിസ്റ്റംസ് & സർവീസസ് കോട്ടയം എന്ന സ്ഥാപനം ഇ.എം.ഡി, ടെൻഡർ ഫീ എന്നിവയിൽ നിന്നും എക്സംപ്ഷൻ ക്ലയിം ചെയ്തിട്ടുണ്ട് എങ്കിലും മാനുഫാക്ച്ചർ അല്ലാത്ത ട്രേഡർ ആയതിനാൽ എക്സംപ്ഷൻ ആനുകൂല്യം ലഭിക്കുന്നതല്ല എന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരാകരിക്കുന്നതായും അറിയിച്ചിരുന്നു. കൂടാതെ, ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം ഉണ്ടാകണമെന്നും ആവശ്യപ്പെട്ടിരുന്നു. 11.02.2019 ലെ കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 1( 4) നമ്പർ തീരുമാനപ്രകാരം ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത അവലോൺ സിസ്റ്റംസ് & സർവീസസ് കോട്ടയം എന്ന സ്ഥാപനം മാനുഫാക്ച്ചർ അല്ലാത്ത ട്രേഡർ ആയതുമൂലം ഇ.എം.ഡി, ടെൻഡർ ഫീ എക്സംപ്ഷൻ ആനുകൂല്യം ലഭിക്കുന്നതല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരാകരിക്കുവാനും, ആർ.ജെ. എന്റർപ്രൈസസ് കോട്ടയം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഫയൽ പരിശോധിച്ചതിൽ അവലോൺ സിസ്റ്റംസ് & സർവീസസ് സമർപ്പിച്ച എം.എസ്.എം.ഇ. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം (ഉദ്യോഗ് ആധാർ നമ്പർ KL07E0003795) കമ്പ്യൂട്ടറുകളുടെയും , ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടേയും നിർമ്മാണത്തിനാണ് രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ളത്എന്ന് കണ്ടു . മാത്രമല്ല ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം കോട്ടയത്തിന്റെ 17.10.18 ലെ B5-4782/18 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം ഇ.എം.ഡി, ടെൻഡർ ഫീ മുതലായവയിൽ നിന്നും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കിയിട്ടുണ്ട്.

സാങ്കേതികമായ കാരണങ്ങൾ മൂലം കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കുന്നതിന് മുൻപ് എം.എസ്.എം.ഇ. ഡിപ്പാർട്ട്മെന്റ്, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇ.എം.ഡി, ടെൻഡർ ഫീ എക്സംപ്ഷൻ വിഷയം സംബന്ധിച്ച് വിശദീകരണം തേടിയിട്ടില്ല. ഇ- ടെൻഡർ ക്ഷണിച്ചത് പ്രകാരം ആകെ ലഭിച്ചത് രണ്ട് ക്വട്ടേഷനുകളാണ്. ഇതിൽ ഒന്ന് ഡിസ്ക്വാളിഫൈ ചെയ്യപ്പെട്ടപ്പോൾ അവശേഷിച്ചത് സിംഗിൾ ടെൻഡറായി പരിണമിച്ചു. സിംഗിൾ ടെൻഡർ അംഗീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഡിസ്ക്വാളിഫൈ ചെയ്ത ടെൻഡറിനേക്കാൾ 716350/-(2268600-1552250) രൂപ കൂടുതൽ ക്വോട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തപ്പോൾ ടെക്നിക്കൽ കമ്മിറ്റി സ്വീകരിക്കുന്ന സിംഗിൾ ടെൻഡറിൽ ക്വോട്ട് ചെയ്തിട്ടുള്ള നിരക്കുകൾ മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത് യുക്തിഭദ്രമാണ് എന്ന് അഭിപ്രായപ്പെടുകയോ, റീ ടെൻഡർ നടത്തിയാൽ ഇതിലും കുറഞ്ഞ നിരക്കിൽ സേവനം ലഭിക്കില്ല എന്ന് അഭിപ്രായപ്പെടുകയോ ചെയ്തിട്ടില്ല. മേൽ പരാമർശങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/19-20/ 13.08.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാവ്യവസായകേന്ദ്രത്തിൽ നിന്നും സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് സർവ്വീസിംഗ് & അസംബ്ലിംഗ് ഓഫ് ഇലക്ട്രോണിക് ഗുഡ്സ് വിഭാഗത്തിൽ വരുന്ന ടെൻഡറുകൾക്ക് ടെൻഡർഫീ, ഇ.എം.ഡി. എക്സംപ്ഷൻ ഉണ്ട് എന്നും, എം.എസ്.എം.ഇ.യുടെ ഓർഡറിൽ പറയുന്നത് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അല്ലെങ്കിൽ ഒറ്റിജിനൽ എക്യുപ്മെന്റ് മാനുഫാക്ച്ചറേഴ്സിനാണ് ടെൻഡർഫീ, ഇ.എം.ഡി. എക്സംപ്ഷൻ ക്ലെയിം ചെയ്യാൻ സാധിക്കു എന്നുമാണ് അറിയിച്ചത്. ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ഒരു സ്ഥാപനത്തിന് നൽകിയ സർട്ടഫിക്കറ്റിൽ അവ്യക്തത ഉണ്ട് എന്ന് കണ്ടാൽ ടി സ്ഥാപനത്തിൽ നിന്നും വ്യക്തത വരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം വ്യക്തത വരുത്തിയിട്ടില്ല. എം.എസ്.എം.ഇ. ഡിപ്പാർട്ട്മെന്റിൽ നിന്നും സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച് വിശദീകരണം തേടിയിട്ടില്ല. നിരസിച്ച ക്വട്ടേഷനും സ്വീകരിച്ച ക്വട്ടേഷനും തമ്മിലുള്ള വ്യത്യാസം 716350/രൂപയാണ്. (2268600-1552250) പൊതുപണം കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകേണ്ട ജാഗ്രത ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2268600/ ( Billno- 3/19-20/ 11.06.19) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 കാലി വീപ്പകളുടെ വില ഈടാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ.

സ്പിൽ ഓവർ പ്രോജക്ട് നം. 618/19-20(1240/18-19)

ചെലവ് - ₹ 778342/-

ഫണ്ട് - സംരക്ഷണ ഗ്രാന്റ് (റോഡ്)

കരാറുകാരൻ - സാജൻ ജോസ്,വാഴയിൽ

ഭരണങ്ങാനം ഡിവിഷനിൽ മീനച്ചിൽ പഞ്ചായത്തിലെ തറപ്പേൽക്കടവ് റോഡ് പുനരുദ്ധാരണവും കലുങ്ക് നിർമ്മാണവും എന്ന പ്രവൃത്തിയ്ക്കായി 35 ബാരൽ ടാർ ചെലവഴിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം ,ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില കുറവ് ചെയ്യാത്തതിനാൽ ₹9829/-( 35x238+18%GST) കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.47 തീയതി-15.1.2021) മറുപടി ലഭിച്ചിട്ടില്ല. കാലി വീപ്പകളുടെ വിലയിനത്തിലുള്ള ₹9829/- കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-46 കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല

2019-20 വർഷം കോട്ടയം ജില്ലാ പഞ്ചായത്തിൽ എക്സിക്യൂട്ടീവ് എൻജിനീയർ /അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില ജി.എസ്.റ്റി ഉൾപ്പടെയുള്ള തുക 522125 രൂപ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി വാർഷിക ധനകാര്യപത്രികയിലെ RP5 ഷെഡ്യൂൾ പ്രകാരം കാണുന്നു. ടി തുകകൾ ട്രഷറി TSB അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് അതാത് സമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല. മാസത്തിൽ ഒറ്റ തവണയായിട്ടാണ് രേഖപ്പെടുത്തുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ, ജി.ഒ. (പി) 177/06/ഫിൻ/12.04.2006 ഉത്തരവിലെ ഖണ്ഡിക നമ്പർ 10.3 പാലിച്ച് തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 28-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും തിരിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-47 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയില്ല.

കോട്ടയം ജില്ലാ പഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 558/20 മീനച്ചിൽ പഞ്ചായത്തിൽ വാർഡ് 13 പാലാക്കാട് മുനിസിപ്പൽ ലിമിറ്റ റോഡ് | മാത്തച്ചൻ എം. വടാന, കുമ്മണ്ണൂർ പി.ഒ. | 20.04.18 | 15.05.18 | 940386 | 9404 |
| 2 | 1091/19-20 വാകത്താനം പഞ്ചായത്തിൽ കരിങ്കണ്ടം -കുരിശു പന്തിരുപറ ഫാം റോഡ് നിർമ്മാണം | ടോമി ദേവസ്യ, നെടിയംപാക്കൽ ചിറ, പൂളിങ്കുന്ന് പി.ഒ | 25.09.18 | 11.01.19 | 14,49,351 | 14494 |
| 3 | 668/2018 പൂഞ്ഞാർ ഡിവിഷനിൽ ഐക്കരതോട് പടിഞ്ഞാറെ ഇടത്തിപ്പറമ്പ് തോട് തടയണ നിർമ്മാണം | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ പി. ഒ. | 1.10.2018 | 3.11.2018 | 998970 | 9990 |
| 4 | 993/18,958/19,732/20 കാഞ്ഞിരപ്പള്ളി ഡിവിഷൻ,കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ പട്ടിമറ്റം ശ്മശാനം അറ്റകുറ്റപ്പണി | ജോർജ് ജോൺ വടക്കേ വീട്ടിൽ മണ്ണുത്തൂർ പി ഒ പാമ്പാക്കട | 24-02-2018 | 15-05-2018 | 1681852.09 | 16818 |
| | | | | ആകെ | | 50706 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.44/30.12.2020) മറുപടി ലഭിച്ചിട്ടില്ല. പിഴയിനത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 50706/- രൂപ മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-48 കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ -നിർമ്മാണത്തിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ നിർമ്മാണം നടത്തിയ കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ സ്ഥലപരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.670/20 കുറിച്ചിപഞ്ചായത്ത് കുറിച്ചി കരിവെട്ടം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ

| | |
|---|---|
| കരാറുകാരൻ | ശ്രീ.വി.എസ് ബിമൽ രാജ് |
| കരാർ നമ്പർ/തീയതി | 57/17-18/27.2.2018 |
| അടങ്കൽ<br>പി.എ.സി | 12,50,000/-<br>1116291.73/- |
| സെലക്ഷൻ നോട്ടീസ് | AE (3)/05/2017-18 Dt.24.02.18 |
| സൈറ്റ് കൈമാറിയ തീയതി | 05/03/2018 |
| പൂർത്തീകരണ തീയതി/ അളവെടുത്ത തീയതി | 27/02/2019 |

ചെലവ് വിശദാംശങ്ങൾ

| | ഫസ്റ്റ്& പാർട്ട് | സെക്കന്റ്& പാർട്ട് | തേർഡ്& പാർട്ട് | ഫോർത്ത്&ഫൈനൽ |
|---|---|---|---|---|
| കരാറുകാരന് | 204468 | 494361 | 267040 | 110840 |
| നി.തൊ ക്ഷേ.നി | 2086 | 5045 | 2725 | 1131 |
| ജി.എസ്.റ്റി | | | | |
| ആദായനികുതി | 2086 | 5045 | 2725 | 1131 |
| ആകെ | 208640 | 504451 | 272490 | 113102 |

കുറിച്ചിപഞ്ചായത്ത് കുറിച്ചി കരിവെട്ടം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ എന്ന പ്രവർത്തിയിൽ കരാറുകാരനായ ശ്രീ.വി.എസ് ബിമൽ രാജ് പ്രവർത്തി 27.02.2019 ൽ പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റി. എന്നാൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 31.12.2020ൽ ഓഡിറ്റ് ടീം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രതിനിധിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ എസ്റ്റിമേറ്റിൽ ക്രമനം 04 ആയി നടത്തിയ ഡ്രൈ റബിൾ മേസണറി, ക്രമനം 05 ആയി നടത്തിയ റാൻഡം റബിൾ മേസണറി എന്നീ ഐറ്റങ്ങളിലായി നടത്തിയ കൽകെട്ട് നിർമ്മാണം ഇടിഞ്ഞ് തകർന്ന നിലയിലാണ് എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു.ഈ പ്രവർത്തി ഇനങ്ങൾ നിർവ്വഹിച്ചതായി എം ബുക്കിൽ (പേജ് നം 47,48) രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

| ക്രമനം. | ഇനം | അളവ് | നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| 04 | ഡ്രൈ റബിൾ മേസൺറി | 16.92 ക്യു.മീ | 2900/ ക്യു.മീ | 49068 |
| 05 | റാൻഡം റബിൾ മേസൺറി | 3.30ക്യു.മീ | 5600/ ക്യു.മീ | 18480 |
| | **ആകെ** | | | 67548 |

പ്രവൃത്തി ഇനം തൃപ്തികരമായി നിർവ്വഹിച്ചതായി എം ബുക്കിലും ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയെങ്കിലും നിലവിൽ കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിലാണ് എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിനാൽ നിർമ്മാണത്തിലും നിർമ്മാണവസ്തുക്കളിലും ഗുണനിലവാരം ഉറപ്പാക്കാനായിട്ടില്ല എന്നത് വ്യക്തമാകുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഈ പ്രവർത്തിയുടെ പാർട്ട്/ ഫൈനൽ ബില്ലുകളുടെ ബിൽ നം തീയതി എന്നീ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം 46/ ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണത്തിലും നിർമ്മാണവസ്തുക്കളിലും ഗുണനിലവാരം പുലർത്താനാവാത്തതിനാൽ കരാറുകാരന് നൽകിയ 67548/-ടിയാനിൽ നിന്നും ഈടാക്കാൻ, സർക്കാർ ഉത്തരവ് നം.161/2019/ഫിൻ തീയതി.25/11/2019 പൊതുമരാമത്ത് മാന്വൽ 2103.1 എന്നിവ അനുശാസിക്കുന്ന നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-49 നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി.

നിർവ്വഹണഉദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്-എസ്.665/2020 വാകത്താനം ഗ്രാമപഞ്ചായത്ത് ഇടത്തറക്കടവ് പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ.

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.സജി | | |

| | | | |
|---|---|---|---|
| | കുരുവിള | | |
| കരാർ നമ്പർ/ തീയതി | 78/18-19/05.12.2018 | | |
| അടങ്കൽ<br>പി.എ.സി | 10,00,000/-(വികസന ഫണ്ട് -ജനറൽ)<br>907437.50/- | | |
| സെലക്ഷൻ നോട്ടീസ് | AE (3)/742/2018-19 Dt.09.11.18 | | |
| സൈറ്റ് കൈമാറിയ തീയതി | 01.01.2019 | | |
| പൂർത്തീകരണ തീയതി/ അളവെടുത്ത തീയതി | 18.01.2020 | | |
| ചെലവ് വിശദാംശങ്ങൾ | ഇനം | CC ഫസ്റ്റ് | CC സെക്കന്റ് & ഫൈനൽ |
| | കരാറുകാരന് | 531811 | 181488 |
| | നി.തൊ ക്ഷേ.നി | 5540 | 1891 |
| | ജി.എസ്.റ്റി | 11080 | 3782 |
| | ആദായനികുതി | 5540 | 1891 |
| | ആകെ | 553971 | 189052 |
| | ബിൽ നം. | ലഭ്യമാക്കിയില്ല | 23/13.05.2010 |

വാകത്താനം ഗ്രാമപഞ്ചായത്ത് ഇടത്തറക്കടവ് പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ.സജി കുരുവിള പ്രവൃത്തി 18.01.2020 ൽ പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റി. എന്നാൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 31.12.2021ൽ ഓഡിറ്റ് ടീം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രതിനിധിയായ അസിസ്ററന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ക്രമനം 2 ആയി വിഭാവനം ചെയ്ത ടഞ്ച് കുഴിച്ച് 110 എം.എം പൈപ്പ് ഇടുക എന്ന പ്രവർത്തി നിർവഹിച്ചിട്ടില്ല എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു. ഈ പ്രവൃത്തി ഇനം നിർവ്വഹിച്ചതായി എം ബുക്കിൽ (പേജ് നം 9,14) രേഖപ്പെടുത്തി കരാറുകാരന് മീറ്ററിന് 125രൂപ നിരക്കിൽ 25മീറ്ററിന് 3125/-ഉക നൽകിയതായി ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തി ഇനം നിർവ്വഹിച്ചതായി എം ബുക്കിലും ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് അനർഹമായി തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ല് നം തീയതി എന്നീ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46ന് ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് നൽകിയ തുക 3125/-കരാറുകാരനിൽനിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-50 കരാർ വയ്ക്കുന്നതിൽ വീഴ്ച-നടപടി സ്വീകരിച്ചില്ല.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) എസ്.814/2020 അതിരമ്പുഴ ഡിവിഷൻ-പാഴൂട്ട് മേക്കരി പാടശേഖരത്തിന് പെട്ടി പറ മോട്ടോർ വാങ്ങി സ്ഥാപിക്കൽ,**

**പമ്പ് ഹൗസ് അറ്റകുറ്റപ്പണി.**

| | |
|---|---|
| കരാറുകാരൻ | ശ്രീ.സിറിയക്ക് ആന്റണി |
| കരാർ നമ്പർ/തീയതി | 75/18-19/22.11.2018 |
| അടങ്കൽ<br>പി.എ.സി | 10,00,000/-(വികസന ഫണ്ട് -ജനറൽ)<br>985367.78/- |
| സെലക്ഷൻ നോട്ടീസ് | AE (3)/09/2017-18 Dt.24.04.18 |
| സൈറ്റ് കൈമാറിയ തീയതി | രേഖ ലഭ്യമാക്കിയിട്ടില്ല |
| പൂർത്തീകരണ സമയം | 6 മാസം |
| പൂർത്തീകരണ തീയതി | 23.03.2019 |
| ചെലവ്- ബിൽ നം. 33/ | ഫസ്റ്റ് & ഫൈനൽ |

| | |
|---|---|
| തീയതി05.09.2019 | കരാറുകാരന് - 771210/-<br>നി.തൊ ക്ഷേ.നി-8033/-<br>ജി.എസ്.റ്റി- 16066/-<br>ആദായനികുതി- 8033/-<br>ആകെ 803342/- |

കരാറുകാരനായ ശ്രീ സിറിയക്ക് ആന്റണി 24.04.18 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 06.05.2018 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ കരാർ വയ്ക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ കരാർ വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും കത്ത് നൽകി (തീയതി രേഖപ്പെടുത്തിയിട്ടില്ല). എങ്കിലും 22/11/2018 ൽ മാത്രമാണ് കരാറിലേർപ്പെട്ടത് എന്നാൽ നിയമാനുസൃതമുള്ള 1% പിഴയായ 9854 /-രൂപ ഈടാക്കിയിട്ടില്ല.കരാർ വയ്ക്കാൻ കാലതാമസം നേരിട്ടതിന് വിശദീകരണമായി 08/11/2018 ൽ കരാറുകാരനായ ശ്രീ സിറിയക്ക് ആന്റണി നൽകിയ കത്തിൽ വെള്ളപ്പൊക്കമാണ് കാരണമായി പറയുന്നത്. എന്നാൽ ഈ കാരണം കരാർ വയ്ക്കുന്നതിൽ ബാധകമല്ല എന്നതിനാൽ സ്വീകാര്യമല്ല.മാത്രമല്ല വെള്ളപ്പൊക്കം ആഗസ്റ്റ് പകുതിയോടെയാണ് എന്നതും കരാറ് വയ്ക്കേണ്ട തിയതി മെയ് മാസത്തിലാണെന്നതും ഈ മറുപടിയെ അസാധുവാക്കുന്നു.പിഴ ഈടാക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്.

**2.എസ്.609/2020 കടുത്തുരുത്തി ഡിവിഷൻ-പനമ്പ് ചാൽ പാടശേഖരത്തിന് ബണ്ട് -ബലപ്പെടുത്തൽ**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ്.609/2020 കടുത്തുരുത്തി ഡിവിഷൻ-പനമ്പ് ചാൽ പാടശേഖരത്തിന് ബണ്ട് -ബലപ്പെടുത്തൽ |
| കരാറുകാരൻ | ശ്രീ.പ്രിൻസ് ജോസഫ് |
| അടങ്കൽ<br>പി.എ.സി | 10,00,000/-<br>895072.78/- |
| സെലക്ഷൻ നോട്ടീസ് | AE (3)/730/2018-19 Dt.09.11.18 |
| കരാർ നമ്പർ/ തീയതി | 83/18-19/11.12.2018 |
| സൈറ്റ് കൈമാറിയ തീയതി | 11.12.2018 |
| പൂർത്തീകരണ സമയം | 2 മാസം |
| ചെലവ് വിശദാംശങ്ങൾ | 16/19-20 തീ.<br>ഫസ്റ്റ് & പാർട്ട് സെക്കന്റ് & ഫൈനല്<br>ബിൽനം/തീയതി15/13.05.19 36/05.09.19<br>കരാറുകാരന് - 161809/- 271219/-<br>നി.തൊ ക്ഷേ.നി- 1685/- 2825/-<br>ജി.എസ്.റ്റി- 3370/- 5650/-<br>ആദായനികുതി- 1685/- 2825/-<br>ആകെ 168549/- 282519 |

കരാറുകാരനായ ശ്രീ പ്രിൻസ് ജോസഫ് 09.11.18 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 23.11.2018 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ 11/12/2018 ൽ മാത്രമാണ് കരാറിലേർപ്പെട്ടത് എന്നാൽ നിയമാനുസൃതമുള്ള 1% പിഴയായ 8951 /-രൂപ ഈടാക്കിയിട്ടില്ല.കരാർ വയ്ക്കാൻ കാലതാമസം നേരിട്ടതിന് വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. 01/02/2012ലെ സർക്കാർ ഉത്തരവ് നം 13/2012/പി.ഡബ്ളൂ.ഡി. പ്രകാരം നിലവിൽ വന്ന പുതുക്കിയ പിഡബ്ളൂ.ഡി മാന്വൽ പ്രകാരം പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്റ്റിന്റെ 1% പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം 46/തീയതി.4.1.2021 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-51 അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം- ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷം ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 621/20, അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ എന്ന പ്രോജക്ട് പ്രകാരം, 2019-20 വർഷം വികസനഫണ്ടിൽ ഫണ്ടിൽ നിന്നും 216450/ രൂപ (Bill-6/19-20/31.12.19) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം തൻവർഷം മൂന്ന് ഗുണഭോക്താക്കൾക്ക് 72150/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്.

1) പി.കെ.രവി, പണിക്കസ്സേരി, ഉമരംപാറ.പി.ഒ, ഏരുമേലി ഗ്രാമപഞ്ചായത്ത്

2 ) ഷാജി.പി.ബി, പുതുവേലിൽ, തിരുവാർപ്പ്.പി.ഒ, അയ്മനം ഗ്രാമപഞ്ചായത്ത്

3 ) റ്റി.എം. അയ്യപ്പൻ, കന്നംപുറത്ത്, പൂലിയന്നൂർ. പി.ഒ. മുത്തോലി ഗ്രാമപഞ്ചായത്ത്

ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

മൂന്ന് ഗുണഭോക്താക്കൾക്കും ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് വാഹനം നൽകിയത്. വാഹനം നൽകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം സാധുവായ ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുകയില്ലായെന്നും വാഹനം ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സമർപ്പിക്കുന്നതാണ് എന്നും സമ്മതിച്ചിട്ടുള്ളതാണ്. വസ്തുത ഇപ്രകാരമാണ് എന്നിരിക്കെ മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/2019-20/ 27.07.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും ഡ്രൈവിംഗ് ലൈസൻസ് ശേഖരിക്കുന്നതിന് സംവിധാനമൊന്നും നിലവിലില്ല എന്ന മറുപടി സ്വീകാര്യമല്ല. അംഗീകൃത ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുന്നത് നിയമവിരുദ്ധവുമാണ്. ഇക്കാരണങ്ങളാൽ മേൽ പ്രോജക്ടിനായുള്ള 216450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 ലേഡീസ് ഫ്രണ്ട് ലി ശുചിമുറി വൈദ്യുതീകരണം -പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല.

2019-20 സാമ്പത്തിക വർഷം സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കോട്ടയം നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 632/20 ലേഡീസ് ഫ്രണ്ട് ലിശുചിമുറി വൈദ്യുതീകരണം എന്ന പ്രോജക്ട് പ്രകാരം തൻവർഷം വികസന ഫണ്ടിൽ നിന്നും 1041909/ രൂപ ( ബിൽ നമ്പർ- 17/19-20/ 08.05.2019)ചെലവഴിച്ചിട്ടുണ്ട്. ജില്ലയിലെ 11സ്കൂളുകൾക്കായി പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തി വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. തൻമൂലം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. പ്രോജക്ട് പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8/2019-20/ 27.07.2020 ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1041909/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-53 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ /പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2019-20 സാമ്പത്തിക വർഷം , സെക്രട്ടറി നിർവ്വഹണം നടത്തിയ നിക്ഷേപ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുതലായ ഏജൻസികളിൽ വൻ തുകകൾ നിക്ഷേപം നടത്തിയിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം നിക്ഷേപ പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ് എന്നിവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. തൻമൂലം നിക്ഷേപം നടത്തിയ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, നിക്ഷേപിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1) 2019-20 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ബിൽ നമ്പർ തീയതി | നിക്ഷേപം നടത്തി ഏജൻസി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 304/2020 കടുത്തുരുത്തി ഡിവിഷൻ- മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 348821/ | 33/19-20/ 30.09.2019 | കെ.എസ്.ഇ.ബി. വൈക്കം | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 2 | 228/20- പൂഞ്ഞാർ ഡിവിഷൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത്, മേലുകാവ് ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 248410/ | 48/19-20/ 23.01.2020 | കെ.എസ്.ഇ.ബി. ഈരാറ്റുപേട്ട- 161778/ കെ.എസ്.ഇ.ബി. കൊല്ലപ്പള്ളി -86632 | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 3 | 186/2- ഉഴവൂർ ഡിവിഷൻ കുടിവെള്ള പദ്ധതികൾക്ക് ത്രീഫേസ് ലൈൻ | 391678/ | 53/19-2-/ 30.01.20 = 237758<br>60/19-20/ 15.03.20= 153920 | കെ.എസ്.ഇ.ബി. പാല | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | 598/20 വെള്ളൂർ ഡിവിഷൻ മുളക്കുളം ഗ്രാമ പഞ്ചായത്ത് വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1356823/ | 13/19-20/ 08.05.2019 | കെ.എസ്.ഇ.ബി. വൈക്കം | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 5 | 589/20 പൂഞ്ഞാർ ഡിവിഷൻ - മേലുകാവ് ഗ്രാമ പഞ്ചായത്ത് വാർഡ് രണ്ട് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 700000/ | 2/19-20/ 08.05.2019 | കെ.എസ്.ഇ.ബി. പാല | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 6 | 1544/20 അയർക്കുന്നം ഡിവിഷൻ- വിജയപുരം ഗ്രാമ പഞ്ചായത്തിലെ വടവാതൂർ പാടശേഖരത്തിൽ ട്രാൻഫോർമർ സ്ഥാപിക്കൽ | 374011/ | 57/19-20/ 10.03.2020 | കെ.എസ്.ഇ.ബി. മണർകാട് | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 7 | 1515/20 അയർക്കുന്നം ഡിവിഷൻ- മാലം പാടശേഖരം കെ.എസ്.ഇ.ബിയിൽ തുക അടവാക്കൽ | 442000/ | 61/19-20/ 10.03.2020 | കെ.എസ്.ഇ.ബി. മണർകാട് | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 8 | 1353/20 പാമ്പാടി ഡിവിഷൻ വിവിധ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 304329/ | 52/19-20/ 31.01.2020 | കെ.എസ്.ഇ.ബി. കൂരോപ്പട -104199<br>കെ.എസ്.ഇ.ബി. മീനടം-200130 | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 9 | 329/20 വാകത്താനം ഡിവിഷൻ വാകത്താനം ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 499971 | 30/19-29/ 05.09.2019 | കെ.എസ്.ഇ.ബി വാകത്താനം | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 10 | 240/20അയർക്കുന്നം ഡിവിഷൻ അയർക്കുന്നം പഞ്ചായത്ത് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ | 99034/ | 41/19-20/ 12.12.19= 49385<br>54/19-20/ 30.01.20= 49649 | കെ.എസ്.ഇ.ബി. പാല<br>കെ.എസ്.ഇ.ബി. പള്ളം | കെ.എസ്.ഇ.ബി പാലയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു, എന്നാൽ പ്രവൃത്തിയുടെ ബിൽ ലഭ്യമായിട്ടില്ല.<br>കെ.എസ്.ഇ.ബി. പള്ളത്തുനിന്നും വിനിയോഗ സാക്ഷ്യപത്രം, ബിൽ എന്നിവ ലഭിച്ചിട്ടില്ല |
| 11 | 599/20.കറവിലങ്ങാട് ഡിവിഷൻ,വിവിധ പഞ്ചായത്തുകളിൽ വൈദ്യുതിലൈൻ വലിക്കൽ. | 149978/ | 12/19-20/5-4-2019 | കെ.എസ്.ഇ.ബി,കിടങ്ങൂർ. | കെ.എസ്.ഇ.ബി,കിടങ്ങൂർ നിന്ന് വിനിയോഗ സാക്ഷ്യപത്രം, ബിൽ എന്നിവ ലഭിച്ചിട്ടില്ല |

4915055/രൂപ വിവിധ പ്രോജക്ടുകൾക്കായി നിക്ഷേപിച്ചെങ്കിലും തുകയുടെ വിനിയോഗസാക്ഷ്യപത്രം,പ്രവൃത്തിയുടെ ബിൽ പകർപ്പ്,മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നം. 10/19-20/05.08.2020 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 4915055/ രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

2) 2019-20 സാമ്പത്തിക വർഷം സെക്രട്ടറി വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ബിൽ നമ്പർ തീയതി | നിക്ഷേപം നടത്തി ഏജൻസി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 648/20 തുക്കൊടിത്താനം ഡിവിഷനിൽ വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പാറാൽ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 500000/ | 9/19-20/ 08.05.2019 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല. | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 2 | 1594/20- വെള്ളൂർ ഡിവിഷൻ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 275000/ | 59/19-20/ 15.03.2020 | കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 3 | 200/20- വെള്ളൂർ ഡിവിഷൻ മുളക്കുളം പഞ്ചായത്ത് വാർഡ് അഞ്ച് പൈപ്പ് ലൈൻ നീട്ടൽ | 216000 | 58/19-20/10.03.2 | കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 4 | 649/20 തുക്കൊടിത്താനം ഡിവിഷൻ വാഴപ്പള്ളി പഞ്ചായത്ത് രണ്ടാം വാർഡിൽ വെട്ടിത്തുരുത്ത് റോഡിൽ പൈപ്പ് ലൈൻ വലിക്കൽ | 491000 | 10/19-20/08.05.2019 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 5 | 587/20 വെള്ളൂർ ഡിവിഷൻ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വടയാർ 12,13 വാർഡുകളിൽ എസ്.സി.കോളനി സങ്കേതങ്ങളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2900000/ | 11/19-20/ 08.05.2019 | കേരള വാട്ടർ അതോറിറ്റി. വൈക്കം | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 6 | 588/20 കങ്ങഴ ഡിവിഷൻ -വിവിധ പഞ്ചായത്തുകളിൽ | 300000/ | 5/19-20/ 08.05.2019 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 7 | 402/20 പുതുപ്പള്ളി ഡിവിഷൻ- പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 499200/ | 55/19-20/ 30.01.2020 | കേരള വാട്ടർ അതോറിറ്റി, കോട്ടയം. | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 8 | 1520/20 കടുത്തുരുത്തി ഡിവിഷൻ- ഞീഴൂർ പഞ്ചായത്ത് വാർഡ് ഒന്നിൽ മുട്ടപ്പള്ളി റോഡ് മുതൽ ഓലിക്കാമല റോഡ് വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | 150000/ | 47/19-20/ 23.01.2020 | കേരള വാട്ടർ അതോറിറ്റി , കടുത്തുരുത്തി. | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 9 | 592/20 വൈക്കം ഡിവിഷൻ ചെമ്പ് പഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000/ | 8/19-20/ 08.05.2019 | കേരള വാട്ടർ അതോറിറ്റി , കടുത്തുരുത്തി . | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 10 | 591/20 കറവിലങ്ങാട് ഡിവിഷൻ - വള്ളിക്കാഞ്ഞിരം ഇരവിമംഗലം ഊന്നുകല്ല് കടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ | 500000/ | 4/19-20/ 08.05.2019 | കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി. | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 11 | 356/20അതിരമ്പുഴ ഡിവിഷൻ അതിരമ്പുഴ പഞ്ചായത്ത് വാർഡ് അഞ്ച്, ആറ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000/ | 46/19-20/ 23.01.2020 | കേരള വാട്ടർ അതോറിറ്റി കോട്ടയം. | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |
| 12 | 640/20 കോട്ടയം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 1083618 | 1/19-20/ 8.5.19= 450000/<br>16/19-20/ 8.5.19= 231618 | കേരള വാട്ടർ അതോറിറ്റി കോട്ടയം<br>കേരള വാട്ടർ അതോറിറ്റി | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ |

| | | | | | |
|---|---|---|---|---|---|
| | | | 19/19-20/8.5.19= 402000/ | തിരുവല്ല | എന്നിവ ലഭ്യമായിട്ടില്ല. |
| 13 | 595/20 കടുത്തുരുത്തി ഡിവിഷനിലെ വിവിധ എസ്.സി. കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000/ | 6/19-20/ 8.5.19 | കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |

9314818/ രൂപ വിവിധ പ്രോജക്ടുകൾക്കായി നിക്ഷേപിച്ചു എങ്കിലും തുകയുടെ വിനിയോഗസാക്ഷ്യപത്രം,പ്രവൃത്തിയുടെ ബിൽ പകർപ്പ്,മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/19-20/05.08.2020 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 9314818/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) 2019-20 സാമ്പത്തിക വർഷം സെക്രട്ടറി ,ജില്ലാ പഞ്ചായത്ത് കോട്ടയം നിക്ഷേപ പ്രവൃത്തിക്കായി ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ബിൽ നമ്പർ തീയതി | നിക്ഷേപം നടത്തി ഏജൻസി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 597/20 പൊൻകുന്നം ഡിവിഷൻ- വിവിധ ഗ്രാമ പഞ്ചായത്തുകളിൽ കുഴൽ കിണർ നിർമാണം | 299360/ | 3/19-20/ 22.08.2019 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽ എന്നിവ ലഭ്യമായിട്ടില്ല. |

299360/ രൂപ പ്രോജക്ടിനായി നിക്ഷേപിച്ചു എങ്കിലും തുകയുടെ വിനിയോഗസാക്ഷ്യപത്രം,പ്രവൃത്തിയുടെ ബിൽ പകർപ്പ്,മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/19-20/05.08.2020 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 299360/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനായി സെക്രട്ടറി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ച് അതാത് ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | ബിൽ നമ്പർ തീയതി | തുക ലഭിച്ച സ്ഥാപനം. | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 190/20 ഭരണങ്ങാനം ഡിവിഷൻ കടനാട് പഞ്ചായത്ത് കാട്ടാമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ പൂർത്തീകരണം | 500000/ | 19.12.19 ൽ സാംഖ്യ പോർട്ടൽ വഴി അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് കൈമാറി | കടനാട് പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽപകർപ്പ് എന്നിവ ലഭ്യമായിട്ടില്ല. |
| 2 | 1517/ ഭരണങ്ങാനം ഡിവിഷൻ- കടനാട് പഞ്ചായത്ത് കൊടുമ്പിടി- | 349304/ | കടനാട് പഞ്ചായത്ത് അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് 27.01.2020 ൽ | കടനാട് പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബിൽപകർപ്പ് |

| | | | | | |
|---|---|---|---|---|---|
| | കരിവയൽ കുടിവെള്ള പദ്ധതിക്ക് വിഹിതം നൽകൽ | | തുക ട്രാൻഫർ ചെയ്ത് നൽകി | | എന്നിവ ലഭ്യമായിട്ടില്ല. |

സംയുക്ത പ്രോജക്ടുകൾക്കായി കൈമാറിയ 849304/ രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രവൃത്തിയുടെ ബിൽ പകർപ്പ് സഹിതം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13/2019-20/ 05.08.2020 ന് മറുപടി ലഭ്യമാക്കിയില്ല . 849304/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 ഏബിൾ കോട്ടയം- ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ.

2016-17 സാമ്പത്തിക വർഷം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണം നടത്തിയ ഏബിൾ കോട്ടയം എന്ന പ്രോജക്ടിനായി 1200000/ രൂപ വകയിരുത്തുകയും ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്തിരുന്നു. കൈമാറിയ തുകയുടെ 2% (24000/ രൂപ ) ഇൻകം ടാക്സ് ഇനത്തിൽ പിടിക്കുകയും ബാക്കി 1176000/ ( 1200000- 24000) രൂപ 23.05.2017 തീയതിയിലെ 962800 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം നിർവ്വഹണ ഏജൻസിയായ ഐ. കെ.എം. ന് കൈമാറുകയും ചെയ്തിരുന്നു. ഐ. കെ.എം. ഗ്രൂപ്പ് ഡയറക്ടറുടെ 28.09.2019 ലെ IKM/Imple/ (Sms)/3574/2016 നമ്പർ കത്ത് പ്രകാരം 2017-18 ൽ ചെലവായ 445129/ 2018-19 ൽ ചെലവായ11759/ രൂപയും ഉൾപ്പടെ പ്രോജക്ടിന്റെ ആകെ ചെലവ് 456888/ രൂപയാണെന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന 719112/ രൂപ കോട്ടയം ജില്ലാ പഞ്ചായത്തിലേക്ക് തിരികെ അടവാക്കുന്നതാണ് എന്നും സ്കൂളുകളിലേക്കുള്ള എസ്.എം.എസ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. തുക തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങളും ഇൻകം ടാക്സ് ഇനത്തിൽ സോഴ്സിൽ പിടിച്ച തുക ഒടുക്കിയതിന്റെ വിശദാംശവും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/2019-20/ 27.08.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 719112/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-56 മിഷൻ 20- 20 (എസ്.സി.) പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമായില്ല

പ്രോജക്ട് നം. 379/19-20

അടങ്കൽ-700000/-

ചെലവ്-499500

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ.

2019-20 സാമ്പത്തിക വർഷം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണം നടത്തിയ മിഷൻ 20- 20 എസ്.സി.വിഭാഗം എന്ന പ്രോജക്ടിനായി എസ്.സി.പി.ഫണ്ടിൽ നിന്നും 700000/ രൂപ വകയിരുത്തുകയും ട്രഷറി Bill No-1/19-20 പ്രകാരം 499500/ രൂപ 22.01.2020 ൽ പിൻവലിച്ച് പ്രോജക്ട് കോ- ഓർഡിനേറ്റർ,സാക്ഷരതാമിഷന് നൽകുകയും ചെയ്തിരുന്നു. 270 പഠിതാക്കളുടെ കോഴ്സ് ഫീസായാണ് തുക നൽകിയത്. പഠിതാവ് ഒന്നിന് കോഴ്സ് ഫീസ്- 1750രൂപയും, രജിസ്ട്രേഷൻ ഫീസ് 100രൂപയും ഉൾപ്പടെ ആകെ 1850രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഫയലിൽ 270 പഠിതാക്കളുടെ പേര് ഉൾപ്പെടുന്ന ലിസ്റ്റ് ചേർത്തിട്ടുണ്ട്. എന്നാൽ കോഴ്സിന് ചേരുന്നതിനായി പഠിതാക്കൾ അപേക്ഷ നൽകിയതിന്റെ വിവരങ്ങൾ, പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റേയും, പഠിതാക്കൾ ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെ വിവരങ്ങൾ, പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റേയും, പരീക്ഷയിൽ പഠിതാക്കളുടെ പങ്കാളിത്തത്തിന്റെയും , പരീക്ഷ പാസ്സായതിന്റെയും വിവരങ്ങൾ എന്നിങ്ങനെ ചെലവ് സാധൂകരിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കളുടെ ലിസ്റ്റിൽ ചേർത്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ വളരെ കൂടുതൽ ആളുകളും പ്രൊമോട്ടർമാർക്ക് അഡ്രസ്സ് നൽകിയതൊഴികെ ക്ലാസ്സുകളിൽ പങ്കെടുക്കുകയോ പരീക്ഷ എഴുതുകയോ ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും തുക സാക്ഷരതയുടെ അക്കൗണ്ടിലേക്ക് കൈമാറിയ വിവരം ഒഴികെ പ്രോജക്ട് സംബന്ധിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. പഠിതാക്കളുടെ പേര് ഉൾപ്പെടുന്ന ലിസ്റ്റ് സാക്ഷരതാ ഓഫീസിൽ തയ്യാറാക്കുന്നതാണ്. പഠിതാക്കൾ ഒപ്പിട്ട അപേക്ഷ പോലും പരിശോധനക്ക് ഹാജരാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/2019-20/ 15.09.2020 ന് ലഭ്യമാക്കിയ മറുപടിയിൽ സാക്ഷരതാ മിഷൻ കോ- ഓർഡിനേറ്ററിൽ നിന്നും വിശദീകരണം ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 499500/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-57 അയർക്കുന്നം ഡിവിഷൻ- അരീപ്പറമ്പ് സ്കൂളിലേക്ക് സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. 1145/19-20

അടങ്കൽ-100000/-

ചെലവ്-99456

സ്രോതസ്സ്- വികസന ഫണ്ട് (പൊതു വിഭാഗം)

2019-20 സാമ്പത്തിക വർഷം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണം നടത്തിയ അയർക്കുന്നം ഡിവിഷൻ- അരീമ്പറമ്പ് സ്കൂളിലേക്ക് സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 100000/ രൂപ വകയിരുത്തുകയും പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 5 ക്യാമറകളും അനുബന്ധ ഉപകരണങ്ങൾക്കുമായി ട്രഷറിയിൽ നിന്ന് Bill No-11/19-20 പ്രകാരം 99456/ രൂപ 22.01.2020 ൽ പിൻവലിച്ച് പി.ഡബ്ല്യു.ഡി.യിൽ അടച്ചിരുന്നു. എന്നാൽ

പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗവുമായി കരാർ ചമച്ചതായി കാണുന്നില്ല. ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് ( T/893/ELSKTM/2019/ 21.12.2019) പ്രകാരം ആകെ വേലമൂല്യം 88405/ രൂപയാണ്. ആയതിന്റെ 12.5% (11051 ) സെന്റേജ് ചാർജായി കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് .ഇത് പ്രകാരമാണ് 99456/ രൂപ ഒടുക്കിയത്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഈടാക്കാവുന്ന സെന്റേജ് ചാർജ് ആകെ വേലമൂല്യത്തിന്റെ10% മാത്രമാണ്. ഇത് പ്രകാരം 2211/ ( 11051-8840) രൂപ അധികം ഒടുക്കിയിട്ടുണ്ട്. 22.01.2020 ൽ തുക ഒടുക്കിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/2019-20/ 15.09.2020) പി.ഡബ്ല്യു.ഡി. അസി. എക്സ്സി. എഞ്ചിനീയറിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി, സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികം ഒടുക്കിയ 2211/ രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും പ്രോജക്റ്റ് പൂർത്തീകരണ വിവരവും ചെലവ് തുകയുടെ വിനിയോഗ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 99456/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-58 ജില്ലാ കൃഷിത്തോട്ടം,കോഴ-വിതരണം ചെയ്ത തൈകളുടെ വില ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ജില്ലാ കൃഷിത്തോട്ടം, കോഴയിൽ നിന്നും 2019-20 സാമ്പത്തിക വർഷം1മുതൽ 199 വരെ ഇൻവോയ്സ് പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് 4671719/ രൂപയുടെ തൈകളും, വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത തൈകളുടെ വില വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായതിന്റെ വിശദാംശങ്ങളോ, ലഭ്യമായ തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിവരങ്ങളോ ഇൻവോയ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നു മാത്രമല്ല ഇതു സംബന്ധിച്ച മറ്റ് രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത തൈകളുടെ വില ലഭ്യമായതിന്റേയും തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതിന്റേയും രേഖകൾ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് 17.07.2020 ൽ 2/2019-20 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിവിധ സ്ഥാപനങ്ങൾക്ക് തൈകളും, വിത്തുകളും വിതരണം ചെയ്തതിന്റെ ഇൻവോയ്സുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും ഒരേ തുകയുടെ വാങ്ങലുകളാണ് നടത്തിയിട്ടുള്ളത് എന്ന് കണ്ടു. സ്ഥാപനങ്ങൾ അവയ്ക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് തുക അടവാക്കിയിട്ടുള്ളത്. ജില്ലാ കൃഷിത്തോട്ടത്തിന്റെ ഒരു കോമൺ അക്കൗണ്ടിലേക്കാണ് സ്ഥാപനങ്ങൾ വില ഒടുക്കുന്നത്. ഈഅക്കൗണ്ടിൽ തന്നെയാണ് ജില്ലാ കൃഷിത്തോട്ടത്തിൽ രസീത് പ്രകാരം തൈകൾ വിൽക്കുന്നതിന്റേയും സ്ഥാപനത്തിന്റെ മറ്റ് പണമിടപാടുകളും നടക്കുന്നത്. ഇത്തരത്തിലുള്ള അക്കൗണ്ടിലേക്ക് വരുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ ( പല സ്ഥാപനങ്ങളിൽ നിന്നും ഒരേ തുകകൾ) ഏത് സ്ഥാപനത്തിൽ നിന്നുള്ളതാണ് എന്ന് ജില്ലാ കൃഷിത്തോട്ടത്തിന്റെ അധികൃതർക്ക് വ്യക്തതയില്ല. തുക കൈമാറുന്ന സ്ഥാപനം വിവരം ജില്ലാ കൃഷിത്തോട്ടത്തിനെ അറിയിക്കുന്നുമില്ല. അക്കൗണ്ടിൽ ലഭിക്കുന്ന തുക മാസത്തിൽ ഒന്നോ രണ്ടോ പ്രവശ്യമായി ജില്ലാ പഞ്ചായത്തിൽ ഒടുക്കുകയാണ് ചെയ്യുന്നത്. രസീത് പ്രകാരം വിറ്റ തൈകളുടെ വിലയും കൂടി ഉൾപ്പെടുത്തിയാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. ഒടുക്കുന്ന തുകയിൽ ഇൻവോയ്സുകൾ പ്രകാരമുള്ള തുക, രസീത് പ്രകാരം വിറ്റ തൈകളുടെ വില എന്നിവ വേർതിരിച്ചുള്ള കണക്ക് ജില്ലാ കൃഷിത്തോട്ടത്തിൽ സൂക്ഷിച്ചിട്ടില്ല. തൻമൂലം ഇൻവോയ്സ് പ്രകാരം ലഭിച്ച തുക പൂർണ്ണമായി ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കാനായില്ല. മാത്രമല്ല ഇൻവോയ്സ് രജിസ്റ്റർ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുക ജില്ലാ കൃഷിത്തോട്ടത്തിന്റെ അക്കൗണ്ടിലേക്ക് എത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകളോ, രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് ഉറപ്പാക്കാനാകുന്നില്ല. ജില്ലാ കൃഷിത്തോട്ടത്തിന്റെ അക്കൗണ്ടിൽ വർഷാവസാനമുള്ള നീക്കിയിരിപ്പ് തുകയിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുക അവശേഷിക്കുന്നുണ്ടോ എന്നതും വ്യക്തമല്ല. ജില്ലാ പഞ്ചായത്തിന് തനത് വരുമാനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ഏറ്റവും വലിയ സ്ഥാപനങ്ങളിൽ ഒന്നാണ് ജില്ലാ കൃഷിത്തോട്ടം. ഒരു കോടിയിലധികം ( രസീതുപ്രകാരവും ഇൻവോയ്സുകൾ പ്രകാരവും കൂടി) രൂപയുടെ തൈകൾ വിൽപന നടത്തുന്ന സ്ഥാപനം അപ്രകാരം ലഭിക്കുന്ന തുകയുടെ കണക്ക് ഇനം തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാത്തതും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്തതും ഉദ്യോഗസ്ഥരുടേയും സ്ഥാപനമേധാവിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണാവുന്നതാണ്. ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ട പണം കൈകാര്യം ചെയ്യുന്നതിനായിമാത്രം ഒരു അക്കൗണ്ട് തുടങ്ങുന്നതിനും, അതാത് ദിവസം ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറുന്നതിനുമുള്ള അടിയന്തിര നടപടികൾ ജില്ലാ പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## 1-59 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പ്രോജക്റ്റ് വിശദാംശങ്ങൾ ലഭ്യമായില്ല.

2019-20 സാമ്പത്തിക വർഷം ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ (പ്രോജക്റ്റ് നമ്പർ 115/20) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റ് പ്രകാരം എസ്.സി.പി.ഫണ്ടിൽ നിന്നും 9800000/ രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കിവരുന്ന പ്രസ്തുത പ്രോജക്ടിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന ഗ്രാമ സഭകളിൽ നിന്നാണ്. ഗ്രാമ സഭകൾ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കാണ് ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും നടപ്പാക്കുന്ന പ്രോജക്ടുകൾ വഴി ആനുകൂല്യം നൽകുന്നത് വാർഷിക പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്ന ഓരോ ഗുണഭോക്താവും, പ്രസ്തുത പദ്ധതി ആനുകൂല്യം ഇതര തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിന് ടി സ്ഥാപനങ്ങളിലെ അധികാരപ്പെട്ട ഉദ്യേഗസ്ഥരുടെ സാക്ഷ്യപത്രം ഹാജരാക്കിയിരിക്കേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ആനുകൂല്യം അനുവദിക്കുന്നത് ശരിയായ നടപടിയല്ല എന്നാൽ ഫയൽ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടുള്ളതായി കണ്ടു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | സാക്ഷ്യപത്രം സംബന്ധിച്ച വിവരം | നൽകിയ സ്കോളർഷിപ്പ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | | | തുക |
| 1 | അപർണ ശിവൻ, തുരുത്തിയിൽ, വടയാർ,പി.ഒ, തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | സെക്രട്ടറിയുടെ എ4-5415/19-26.08.19 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നൽകുന്നതിനായി നൽകി. | 20000/രൂപ |
| 2 | വിനായക്.വി.എസ്, വിഷ്ണുനിവാസ്, വടയാർ .പി.ഒ. തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | സെക്രട്ടറിയുടെ എ4-5882/19-24.09.19 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നൽകുന്നതിനായി നൽകി. | 30000/ |
| 3 | അഖിലേഷ്.എം.ജെ, മണ്ണാംകുന്നേൽ, മുളക്കുളം ഗ്രാമ പഞ്ചായത്ത് | സെക്രട്ടറിയുടെ എ1-4914/19-8.08.19 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മുളക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നൽകുന്നതിനായി നൽകി. | 30000/ |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി 4/2019-20/ 21.07.2020ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്ന് അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) നിർവഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് വിവിധ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകിയതിന് ശേഷം ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | സാക്ഷ്യപത്രം സംബന്ധിച്ച വിവരം | നൽകിയ സ്കോളർഷിപ്പ് തുക |
|---|---|---|---|
| 1 | അഞ്ജലി മണിക്കുട്ടൻ, മുണ്ടക്കൽ, മേവെള്ളൂർ.പി.ഒ, വെള്ളൂർ ഗ്രാമ പഞ്ചായത്ത് | ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം A3-13349/14/ 5.3.2020 നമ്പരായി കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകി. | 20000/ |
| 2 | ഹൃദ്യ രാജേന്ദ്രൻ, കല്ലുവേലിൽ, മേവെള്ളൂർ.പി.ഒ, വെള്ളൂർ ഗ്രാമ പഞ്ചായത്ത് | ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം A3-13349/14/ 5.3.2020 നമ്പരായി കടുത്തുരുത്തി ബ്ലോക്ക് ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകി. | 30000/ |
| 3 | ആകാശ്.സി.പി, ചാമക്കാലായിൽ, മേവെള്ളൂർ.പി.ഒ. വെള്ളൂർ ഗ്രാമ പഞ്ചായത്ത് | ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം A3-13349/14/17.08.2019നമ്പർ സാക്ഷ്യപത്രം കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകി. | 20000/ |
| 4 | ശാലിനി ബാബു, ശരത് ഭവൻ, | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ബി4- 454/19- 30.08.19 നമ്പർ | 20000/ |

| | | | |
|---|---|---|---|
| | കുമ്മനം.പി.ഒ, | സാക്ഷ്യപത്രം ഏറ്റുമാനൂർ ബ്ലോക്ക് ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകി. | |
| 5 | ആര്യാ ബോസ്, ആര്യഭവൻ, കാഞ്ഞിരം.പി.ഒ. | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ബി4- 454/19- 29.08.19 നമ്പരായി ഏറ്റുമാനൂർ ബ്ലോക്ക് ഓഫീസിൽ ഹാജരാക്കുന്നതിനായി നൽകി. | 20000/ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/2019-20/ 21.07.2020ന് ) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനു പകരം പദ്ധതിയിലെ മാത്രമല്ല ഗുണഭോക്താക്കൾക്ക് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്ന് അറിയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം നൽകുകയും ആനുകൂല്യം അനുവദിക്കുകയും ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

3) പ്രോജക്ടുകൾക്ക് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് അതാത് ഗ്രാമ സഭകളിൽ നിന്നാണ്. ഗ്രാമസഭകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഗ്രാമസഭ അംഗീകരിച്ച് നൽകുന്ന ലിസ്റ്റാണ് ഗ്രാമപഞ്ചായത്ത് അന്തിമ ഗുണഭോക്തൃ പട്ടികയായി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്. ഈ ലിസ്റ്റിൽ നിന്നാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ വിവിധ പ്രോജക്ടുകൾക്ക് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഇപ്രകാരമല്ലാതെ ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത് അറിയിച്ച ഏതാനും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | പഞ്ചായത്ത് കമ്മറ്റി തീരുമാനം സംബന്ധിച്ച വിവരം | നൽകിയ സ്കോളർഷിപ്പ് തുക |
|---|---|---|---|
| | ജീവൻ ദേവ്, ചാഴൂരുത്തിയിൽ, വടയാർ.പി.ഒ | തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2019 ലെ 1(4) നമ്പർ തീരുമാനപ്രകാരം ടി യാളെ മെറിറ്റോറിയസ് സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിന് ശുപാർശ ചെയ്തതായി അറിയിച്ചു. | 20000/ |
| | അഖിൽ സുഭാഷ്, പെരുംമ്പള്ളിൽ, പൊൻകുന്നം | ചിറക്കടവ് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 08.11.2019 ലെ 11(2) നമ്പർ തീരുമാനപ്രകാരം ടിയാളെ മെറിറ്റോറിയസ് സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിന് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതായി അറിയിച്ചു. | 30000/ |
| | അമൽനാഥ് ചെല്ലപ്പൻ,മഠത്തിൽകൊഴിഞ്ഞൂർ, പന്തത്തല.പി.ഒ | മുത്തോലി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 20.10.2019 ലെ 1(6) നമ്പർ | |

| | | | |
|---|---|---|---|
| | | തീരുമാനപ്രകാരം ടിയാൾ ഉൾപ്പടെ 16 പേരെ മെറിറ്റോറിയസ് സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിന് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതായി അറിയിച്ചു. | |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽനിന്നും അർഹതയുള്ള ആൾ ഒഴിവായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടാൽ ഭരണസമിതിക്ക് അവരെ ഉൾപ്പെടുത്തി തീരുമാനിക്കാവുന്നതും എന്നാൽ പ്രസ്തുത തീരുമാനത്തിന് ബന്ധപ്പെട്ട ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഇപ്രകാരമുള്ള അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഒരേ പ്രോജക്ട് നടപ്പാക്കുമ്പോൾ ഒരേ ഗുണഭോക്താവിന് ഒന്നിലധികം തദ്ദേശ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കിമാത്രം ആനുകൂല്യം അനുവദിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് വിഹിതം ഗ്രാമ പഞ്ചായത്തിന് കൈമാറുകയും പ്രോജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്ത് നടത്തുകയും ചെയ്യുന്നത് കൂടുതൽ സുതാര്യമാണോ എന്നത് ജില്ലാ പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതാണ്.

## 1-60 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.629/19-20

പ്രോജക്ട് -എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ- 1300000

ചെലവ്-1011726 ( വികസന ഫണ്ട്, എസ്.സി.പി)

2019-20 സാമ്പത്തിക വർഷം ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 629/20 അയർക്കുന്നം ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം തൻവർഷം എസ്.സി.പി.ഫണ്ടിൽ നിന്നും 1011726/ രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 16 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിൽ 15 വിദ്യാർത്ഥികളും പഠനമുറിനിർമ്മാണം പൂർത്തീകരിച്ച് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ അവസാനഗഡു തുകയും നൽകിയിട്ടുണ്ട്. എന്നാൽ അയർക്കുന്നംഗ്രാമപഞ്ചായത്തിൽ കാർത്തികേയൻ. പി, കരിങ്ങാക്കുഴിയിൽ, വാർഡ് XIV-178A എന്ന വിദ്യാർത്ഥി മൂന്നാം ഗഡു 50000/ രൂപ 14. 08.2019 ൽ കൈപ്പറ്റിയെങ്കിലും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് നാളിതുവരെ ഹാജരാക്കിയതായി കാണുന്നില്ല. ജില്ലയിലാകമാനമായി നടപ്പാക്കേണ്ട പഠനമുറി നിർമ്മാണം പോലുള്ള പ്രോജക്ട് ഒരു ഡിവിഷനിൽ മാത്രമായി ആവിഷ്കരിച്ച് നടപ്പാക്കാനുണ്ടായ സാഹചര്യവും വ്യക്തമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 3/2019-20/ 17.07.2020 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലയിൽ ആകമാനം നടപ്പാക്കേണ്ട പ്രോജക്ട് ഒരു ഡിവിഷന് മാത്രമായി നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-61 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.

സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം നിർവ്വഹണോദ്യോഗസ്ഥനായി 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (2/2020) എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അടങ്കൽ തുക : മെയിൻറനൻസ് ഫണ്ട് (റോഡിതരം) : 1000000/- രൂ

ചെലവ് : 1000000/- രൂ

പ്രസ്തുത പദ്ധതിക്കായി ബിൽ നം. 1/19-20 തീയതി 27.09.2019 പ്രകാരം 1000000/- രൂ ഹോംകോ ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഫയലിലുള്ള രേഖകൾ പ്രകാരം 818728/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 181272/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/2019-20) ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗം വിതരണം ചെയ്യുന്നതാണ് എന്നും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാനിറ്റൈസർ, ഇമ്മ്യൂണിറ്റി ബൂസ്റ്റർ എന്നിവയുടെ നിർമ്മാണത്തിനായി മറ്റ് മരുന്നുകളുടെ നിർമ്മാണം കുറയ്ക്കേണ്ടി വന്നതിനാലാണ് മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്നത് വരെ ടിയിനത്തിൽ ചെലവഴിച്ച 181272 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-62 കമ്മിറ്റി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ - വിവരങ്ങൾ ലഭ്യമല്ല.

ജില്ലാ പഞ്ചായത്ത് ഭരണസമിതിയോഗങ്ങളിൽ അംഗീകരിക്കുന്ന തീരുമാനങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പല തീരുമാനങ്ങളിൻമേലും തുടർനടപടികൾ ഉണ്ടാവാത്തതായോ അഥവാ ഉണ്ടാവുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയാത്തതോ ആയ സാഹചര്യങ്ങൾ നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ. | തീയതി | അജണ്ട / തീരുമാനം | തീരുമാനത്തിന്റെ ഉള്ളടക്കം. |
|---|---|---|---|
| 1 | 31-5-2019 | 2/1 | 2018-19ൽ നിർമ്മാണം പൂർത്തീകരിച്ച 26 ഗേൾസ് ഫ്രണ്ട്ലി ടോയലറ്റുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് SSKജില്ലാ പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |
| 2 | ,, | 4/1 | മണർകാട് റീജിയണൽ പൗൾട്രി ഫാമിന്റെ 7.33ഏക്കർ സ്ഥലം റവന്യൂരേഖകൾ പ്രകാരം പുറമ്പോക്കായി രേഖപ്പെടുത്തിയിരിക്കുന്നു.<br>അപാകത പരിഹരിച്ച് സ്ഥലം മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ അസി.ഡയറക്ടറെ ചുമതലപ്പെടുത്തി. |
| 3 | ,, | 8/1 | അയർകുന്നം നരിവേലി കുടിവെള്ള പദ്ധതിക്കായി സെന്റ്.സെബാസ്റ്റ്യൻസ് പള്ളി വിട്ടുനല്കിയ സർവെ നം.259/1 ലുൾപ്പെട്ട 1.5 സെന്റ് സ്ഥലം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിന് RDO യോടഭ്യർഥിച്ചു. |
| 4 | ,, | 20/11 | പ്രസിഡന്റിന്റെ ഔദ്യോഗികവാഹനം അപകടത്തിൽപെട്ടത് നന്നാക്കിയതിന് 50706/ രൂ തനതുഫണ്ടിൽ നിന്ന് നല്കിയത് ഇൻഷുറൻസ് തുക ലഭിക്കുമ്പോൾ തിരികെ ഒടുക്കുന്നതിനുള്ള /അധികം വേണ്ടിവന്നാൽ തനതുഫണ്ട് ചെലവഴിക്കാനുള്ള തീരുമാനം. |
| 5 | 17-6-19 | 4/2 | 11ഗേൾസ് ഫ്രണ്ട്ലി ടോയലറ്റുകളുടെ വൈദ്യുതീകരണത്തിനായി 797500/രൂ PWD യിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 152259/രൂ ശേഷിക്കുന്നു.ഈ തുക ഇനി വൈദ്യുതീകരിക്കേണ്ട ടോയലറ്റുകളുടെ വൈദ്യുതീകരണത്തിന് ഉപയോഗിക്കാനുള്ള നിർദേശങ്ങൾ PWD ക്ക് നല്കുന്നതിന് AE യെ ചുമതലപ്പെടുത്തി. |
| 6 | ,, | 4/5 | എരുമേലി ഡിവിഷൻ - അഖിലതിരുവിതാംകൂർ മലഅരയസഭ ഇരുമ്പൂന്നിക്കര സാംസ്കാരികനിലയം -പ്രോജക്ടിനായി മലഅരയസഭ 3 സെന്റ് ഭൂമി വിട്ടുനല്കിയ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം-ഭൂമി ജില്ലാ പഞ്ചായത്തുടമസ്ഥതയിലേക്ക് മാറ്റുന്നതിന് RDO യോടഭ്യർഥിച്ച തീരുമാനം. |
| 7 | ,, | 4/9 | കൊമ്പുകുത്തി ഗവ.ട്രൈബൽ സ്കൂൾ HM ന്റെ കത്ത് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ പദ്ധതിയിൽ പെടുത്തി സ്കൂളിന് കെട്ടിടം നിർമ്മിച്ചുവെങ്കിലും ഫ്ലോറിംഗ്,വയറിംഗ്,പെയിന്റിംഗ് തുടങ്ങിയ പണികൾ ചെയ്തിട്ടില്ല.പണിപൂർത്തിയാകാത്ത ക്ലാസ് മുറികളിലിരുന്ന് കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു.പണിപൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എൽ.എസ്.ജി.ഡി അസി.എൻജിനീയറോട് നിർദേശിച്ചു. |
| 8 | ,, | 4/11 | ജില്ലാ പഞ്ചായത്തിന്റെ 2018-19 പദ്ധതി 551/19 വിവിധ ഡിവിഷനുകളിൽ കുഴൽകിണർ നിർമ്മാണം പ്രോജക്ട് പ്രകാരം കടനാട് പഞ്ചായത്തിൽ വാർഡ് 8,വട്ടപ്പാറയ്ക്കൽ ഭാഗത്തും ,പിഴക് വാർഡിൽ പാട്ടുപ്പറമ്പ് ഭാഗത്തും സ്ഥാപിച്ച കുഴൽകിണറുകൾക്ക് മതിയായ തുക എസ്റ്റിമേറ്റിൽ വകകൊള്ളിച്ചുവെങ്കിലും ഹാന്റ് പമ്പ്കൾ സ്ഥാപിക്കാത്ത സാഹചര്യത്തിൽ ഹാന്റ് പമ്പുകൾ സ്ഥാപിക്കാൻ ഗ്രൗണ്ട് വാട്ടർ എൻജിനീയറോട് നിർദേശിച്ച തീരുമാനിച്ചു. |

| | | | |
|---|---|---|---|
| 9 | 7-8-2019 | 1/8 | ജില്ലാപഞ്ചായത്തിന്റെ പദ്ധതികളിൽപ്പെടുത്തി പണി പൂർത്തികരിച്ച കെട്ടിടങ്ങളിൽ വൈദ്യുതീകരിക്കാത്തവയുടെ ലിസ്റ്റ് തയാറാക്കി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. |
| 10 | 6-11-2019 | 1/6 | അയർകുന്നം പഞ്ചായത്ത്-റൂറൽ വാട്ടർ സപ്ലൈ സ്കീം.വാട്ടർ അതോറിട്ടി നിർമിച്ച കുളവും പമ്പ് ഹൗസും ജില്ലാപഞ്ചായത്തിന് വിട്ടുനല്കണമെന്ന് വാട്ടർ അതോറിട്ടി എക്സി.എൻജിനീയറോടഭ്യർഥിച്ച് തീരുമാനിച്ചു. |
| 11 | ,, | 5/1 | പ്രോ.954/18 ,മണർകാട് റീജിയണൽ പൗൾട്രി ഫാം -സോളാർപാനൽ സ്ഥാപിക്കലിനായി 1590000/ രൂപKSEB യിൽ ഡെപ്പോസിറ്റ് ചെയ്തു.KSEB ടെന്റർ ചെയ്ത പ്രവൃത്തി RAIDCO യ്ക്ക് ലഭിക്കുകയുണ്ടായി .കരാർ പ്രകാരം 26/10/2019 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നവെങ്കിലും സാധിക്കാത്ത സാഹചര്യത്തിൽ 2019 ഡിസംബർ 30 വരെ കാലാവധി നീട്ടിനല്കുന്നതിന് ജില്ലാപഞ്ചായത്ത് തീരുമാനിച്ചു. |
| 12 | 25-11-2019 | 9/4 | 2016-17 വർഷത്തെ ഏബിൾ കോട്ടയം പദ്ധതി.1176000/ രൂപ IKM ന് നല്കി.ബാക്കി തുക 719112 രൂ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചത്. |
| 13 | 6-2-2020 | 9/11 | തൃക്കൊടിത്താനം ഡിവിഷൻ-GHSS ഗാലറിപൂർത്തീകരണം-10 ലക്ഷം അടങ്കലുള്ള പ്രവൃത്തി.എസ്റ്റിമേറ്റിൽ ഭേദഗതി വേണമെന്ന് തൃക്കൊടിത്താനം AE റിപ്പോർട്ടുനല്കിയത് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചുവെങ്കിലും കോട്ടയം ഡിവിഷൻ എക്സി.എൻജിനീയർ,അസി.എക്സി.എൻജിനീയർ,മാടപ്പള്ളി ബ്ലോക്ക് അസി.എക്സി.എൻജിനീയർ,തൃക്കൊടിത്താനം അസി.എൻജിനീയർ എന്നിവർ പല അഭിപ്രായമായതിനാൽ കരാറുകാരന് പ്രവൃത്തിചെയ്യാൻ കഴിയുന്നില്ല.അടിയന്തിര റിപ്പോർട്ട് നല്കാൻ എക്സി.എൻജിനീയറെ ചുമതലപ്പെടുത്തി. |
| 14 | 17-2-2020 | 6/1 | വിദ്യാഭ്യാസ ഉപഡയറക്ടർ,കോട്ടയം ഓഫീസ് പരിസരത്ത് ജില്ലാ ആയുർവേദാശുപത്രി<br>കെട്ടിടത്തിന് ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റിയ ചെലവ് തുക വിദ്യാഭ്യാസവകുപ്പിൽ നിന്ന് ലഭ്യമാക്കി ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കുന്നതിന് വിദ്യാഭ്യാസ ഉപയറക്ടറെ ചുമതലപ്പെടുത്തിയത്. |
| 15 | 2-3-2020 | 6/8 | ജില്ലാ പഞ്ചാത്ത് 2001-02 കേരളവികസനപദ്ധതി -കുമാരനല്ലൂർ പഞ്ചായത്തിന് നിർമ്മിതി എസ്.സി കമ്യൂണിറ്റിഹാൾ നിർമ്മാണം .നഷ്ടതുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ.ഗുണഭോക്തൃസമിതി അംഗങ്ങൾ നിലവിൽ ജീവിച്ചിരിക്കുന്നവരുടെ അവസ്ഥ പരിതാപകരമായതിനാൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കണമെന്ന് സർക്കാരിനോട് അഭ്യർഥിച്ചു തീരുമാനിച്ചു. |
| 16 | 17-3-2020 | 1/6 | അയർക്കുന്നം ഡിവിഷൻ-വിവിധറോഡുകളിൽ പൈപ്പ് ലൈൻ വലിക്കുന്നതിന് വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് ചെയ്ത 1070000/ രൂപയുടെ ടെന്റർ സേവിംഗ്സ് തുകയുടെ വിശദാംശങ്ങൾ നല്കാൻ വാട്ടർ അതോറിട്ടി എക്സി.എൻജിനീയറോട് അഭ്യർഥിച്ചു തീരുമാനിച്ചത്. |

മേൽ സൂചിപ്പിച്ചിട്ടുള്ള കമ്മിറ്റി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം. 15) . ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ബോധ്യമായിട്ടില്ല. ഈ വിഷയത്തിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എൻജിനീയറിംഗ് വിഭാഗവും, ഭരണവിഭാഗവും,ഘടകസ്ഥാപനങ്ങളും തമ്മിൽ മതിയായ ഏകോപനമില്ലാത്തതും ഇതിന് കാരണമാണ്. ജില്ലാ പഞ്ചായത്തിന്റെ വിവിധ വിഭാഗങ്ങൾ തമ്മിൽ ശരിയായ ഏകോപനം സാധ്യമാക്കി ഭരണസമിതി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്ത് തീരുമാനങ്ങളുടെ മിനിറ്റ്സും ,തീരുമാനങ്ങളിന്മേലുള്ള തുടർ നടപടികളും നിരീക്ഷിച്ച് ഉറപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നല്കി-283984/-രൂപ അധികച്ചെലവ്

കോട്ടയം ജില്ലാപഞ്ചായത്ത് പൊൻകുന്നം ഡിവിഷനിൽ ജനറൽ ആശുപത്രിക്ക് വിശ്രമസ്ഥലം ഒരുക്കുന്നതിന് വേണ്ടി 2018-19 വർഷം പ്രോജക്ട് ഏറ്റെടുക്കുകയും 2019-20 ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ജനറൽ ആശുപത്രിയിൽ ഒ.പി വെയിറ്റിംഗ് ഏരിയ |
| പ്രോജക്ട് നമ്പർ | 326/2019,671/2019,1102/2020 |
| നിർവ്വ. ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഭരണാനുമതി | 1/28-03-2018 |
| അടങ്കൽ | 1200000/- |
| ഫണ്ടിനം | വികസനഫണ്ട്(പൊതുവിഭാഗം ) |
| കരാറുകാരൻ | ഡിൻസ് ജോയ് |
| കരാർ നമ്പർ/ തീയതി | 360/AEE/LSGD/18-19 തീ 03/02/2019 |
| ചെലവ് വിവരം | 874338/-രൂപ |
| Ist& Part | 400000/-(ബിൽ നം308/14-10-2019) |
| II &Part | 355754/-2020-21 ൽ തുക പിൻവലിച്ചു |
| Iii & Final | 118584/- 2020-21 ൻ തുക പിൻവലിച്ചു |

ഈ പ്രോജക്ട് പ്രകാരം ചെയ്യേണ്ടിയിരുന്നത് 182.7 ച.മീ അലുമിനിയം ഷീറ്റ് റൂഫിംഗ്ഗും 12.5 മീ നീളത്തിൽ ഡ്രയിനേജ് സ്ഥാപിക്കലും ആയിരുന്നു.ഇതിൽ ഡ്രയിനേജിന് 77783.03 രൂപയും റൂഫിംഗിന് 977742.30 രൂപയും ഉൾപ്പെടെ 1055525.33രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. ഐറ്റം റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തി 964177.56 രൂപ നിരക്ക് രേഖപ്പെടുത്തിയ ഡിൻസ് ജോയ് എന്ന കരാറുകാരന് ലഭിച്ചു. നിർവ്വഹണ സമയത്ത് ഡ്രയിനേജ് ഒഴിവാക്കി റൂഫിംഗ് മാത്രമാക്കുകയും 84820.92 രൂപയുടെ അധികപ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു.



എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നീതീകരിക്കാനാവാത്ത പിഴവ്

നിലവിലുള്ള കെട്ടിടങ്ങൾക്ക് ഇടയിലായി ചെയ്യുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഏറ്റവും കൂടുതൽ തുക ചെലവ് വരുന്ന ട്രസ് വർക്കിന് 6300 കി.ഗ്രാം 117.51 രൂപ നിരക്കിൽ 740313.00 രൂപ വകയിരുത്തിയിരുന്നു. വിശദമായ പഠനം നടത്താതെ ഏകദേശ കണക്കായാണ് 6300 കി ഗ്രാം എന്ന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ നിർവ്വഹണ സമയത്ത് ഇത് 2617.89 കി.ഗ്രാം ആയി റിവൈസ് ചെയ്യേണ്ടി വന്നു. കൂടാതെ റൂഫിംഗിന് അവശ്യം വേണ്ട ഇനങ്ങൾ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത അടങ്കൽ തുക, കൂടിയ നിരക്ക് രേഖപ്പെടുത്തുന്നതിന് കരാറുകാരന് പ്രചോദനമായി.

നിരക്ക് സൂക്ഷ്മപരിശോധനനടത്താതെ കരാറുകാരനെ അംഗീകരിച്ചു

എസ്റ്റിമേറ്റ് പ്രകാരം കി.ഗ്രാമിന് 117.51 രൂപ നിരക്കുള്ള ട്രസ് വർക്കിന് അംഗീകരിച്ച കരാറുകാരൻ കി.ഗ്രാമിന് 15 രൂപയും അലുമിനിയം ഷീറ്റ് റൂഫിന് 747.35 രൂപ/ച.മീ എസ്റ്റിമേറ്റിൽ ഉള്ളപ്പോൾ കരാറുകാരൻ 3799/-രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യുക്തിരഹിതവും എസ്റ്റിമേറ്റ് നിരക്കുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതുമായ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ സൂക്ഷ്മപരിശോധനയിൽ ഒഴിവാക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ ഏറ്റവും ചെലവ് കൂടിയ രണ്ട് ഇനങ്ങളിലും ഇത്തരത്തിൽ Reasonable അല്ലാത്ത നിരക്ക് രേഖപ്പെടുത്തിയതു മൂലം എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.

കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ, ചട്ടം12 പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ആണ് സ്വീകരിക്കേണ്ടതെങ്കിലും പഞ്ചായത്ത് എഞ്ചിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപ്രകാരമുള്ള കുറഞ്ഞ ടെണ്ടർ സ്വീകരിക്കുന്നത് അഭികാമ്യമല്ല എന്ന് അധികാരസ്ഥാനത്തിന് ബോധ്യപ്പെടുന്ന പക്ഷം കാരണം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിക്കാവുന്നതാണ്. കൂടാതെ 2012 ലെ പൊതുമരാമത്ത് മാന്വൽ 2009.4 പ്രകാരവും രേഖപ്പെടുത്തിയ നിരക്ക് പ്രാദേശിക മാർക്കറ്റ് നിരക്കുമായി നീതീകരിക്കാനാവാത്ത വിധം വ്യത്യാസപ്പെട്ടിരിക്കുന്നു എങ്കിൽ ടെണ്ടർ ക്ഷണിച്ച അധികാരിക്ക് ടെണ്ടർ റദ്ദ് ചെയ്യുന്നതിന് അധികാരമുണ്ട്. (*Normally The Lowest Tender/ Quotation Shall Be Accepted. If The Quoted PAC For A Work Calculated Based On The Rates Quoted By The Contractor Is Within The Local Market Rate Justification Estimate, The Tender / Quotation Shall Be Approved By The Tendering Authority. If The Quoted PAC Exceeds The Local Market Rate Justification Estimate Amount The Tendering Authority Shall Reject The Tender/ Quotation And Re-Tender The Work Or Invite Fresh Quotation.*). (ജി.ഒ (പി) 54/2019 ഫിൻ തീ 4-5-2019 പ്രകാരം പിന്നീട് ഇതിൽ വ്യക്തതയും വരുത്തിയിട്ടുണ്ട് . (The Admissible Contract Amount Will Be Least Of(1) Negotiated Contract PAC Of Li (2)Estimate Amount Based On Current LMR And (3)Estimate Amount Based On Current DSR Plus 10% Tolerance) ഈ സാഹചര്യത്തിൽ കരാറുകാരനെ തെരഞ്ഞെടുത്തതിലെ അപാകം മൂലം ജില്ലാപഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| | എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിക്ക് നല്കാവുന്ന തുക | | | ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് നല്കിയ തുക(അളവ് പുസ്തകപ്രകാരം) | |
|---|---|---|---|---|---|
| ക്ര നം | ഇനം | അളവ് /നിരക്ക് | ആകെ | അളവ് /നിരക്ക് | ആകെ |
| 1 | മണ്ണ് പണി | 8 ഘന മീ @239 .82/ഘന മീ | 1918.56 | 8 ഘന മീ @235 /ഘന മീ | 1880.00 |
| 2 | പി സി സി | 3.136ഘന മീ @7900.59/ഘന മീ | 24776.25 | 3.136ഘന മീ @7700/ ഘന മീ | 24147.20 |
| 3 | ട്രസ് വർക്ക് സ്റ്റീൽ വർക്ക് | 2617.809 കി.ഗ്രാം/@117.51 | 307618.73 | 2617.809 കി.ഗ്രാം/@15 | 39267.13 |
| 4 | അലുമിനിയം ഷീറ്റ് റൂഫ് | 182.70 ച.മീ @747.35/ച.മീ | 136540.84 | 182.70 ച.മീ @3799/ ച.മീ | 694077.30 |
| | | 69.51@682.7/ച.മീ | 47454.48 | 69.51@682.7/ച.മീ | 47454.48 |
| 5 | പാത്തി | 20.7 മീ @1606.94/ മീ | 33263.65 | 20.7 മീ @1550/മീ | 32085.00 |
| | അധിക ഇനം | | | | |
| ഇ1 | പി.വി.സി | 46.55 മീ @340.63/ മീ | 15856.32 | 46.55മീ @311.1655/മീ | 14484.75 |
| ഇ2 | പി.വി.സി | 25.75 മീ@487.269/ മീ | 12547.17 | 25.75 മീ@445.12/മീ | 11461.84 |
| ഇ3 | പി.വി.സി | 23 മീ@237.51/മീ | 5462.73 | 23 മീ@216.9654/മീ | 4990.20 |
| ഇ4 | പി.വി.സി | 11 എണ്ണം@132.87 | 1461.57 | 11 എണ്ണം@121.3767 | 1334.14 |
| ഇ5 | പി.വി.സി | 4എണ്ണം@228.64 | 914.56 | 4എണ്ണം@208.86 | 835.44 |
| ഇ6 | പി.വി.സി | 4എണ്ണം@209.91 | 839.64 | 4എണ്ണം@191.75 | 767 |
| ഇ7 | സോളിഡ് മേസൻറി | 0.23ഘന.മീ@7389/ ഘന മീ | 1699.47 | 0.23ഘന.മീ@6749.85/ ഘന മീ | 1552.46 |
| | | | 590353.97 | | 874336.94 |

ചെലവേറിയ രണ്ട് ഇനങ്ങൾക്ക് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി നല്കിയതിലൂടെ ജില്ലാപഞ്ചായത്തിന് 283982.97 രൂപ (874336.94-590353.97) അധികച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു.അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (59/13-1-2021) മറുപടി നല്കിയില്ല.ടെണ്ടർ നിരക്കുകൾ സൂക്ഷ്മപരിശോധന നടത്തി യുക്തിരഹിതവും എസ്റ്റിമേറ്റ് നിരക്കുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതുമായ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ സൂക്ഷ്മപരിശോധനയിൽ ഒഴിവാക്കുന്നതിന് ശിപാർശ നല്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അധികച്ചെലവിന് ഉത്തരവാദിയാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവഴിച്ച തുക ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.(2019 ഡിസംബർ മാസം പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറായെങ്കിലും 2020-21 വർഷത്തിലാണ് ഫൈനൽ ബിൽ മാറിയിട്ടുള്ളത്)

**3-2 കുറവിലങ്ങാട് ഡിവിഷൻ -കാഞ്ഞിരംകുളം കുടിവെള്ള പദ്ധതി ടാങ്ക് പൂർത്തീകരണം- എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കി- അധികച്ചെലവ്**

| | |
|---|---|
| പ്രൊ.നം , | 874/20 -- |
| അടങ്കൽ | 15,00,000/-(തനത് ഫണ്ട്) |
| ചെലവ് | 235907/-( ചെക്ക് നം 5247588/28-10-2019)<br>ആകെ ചെലവ്=1410917/- |
| കരാർ നം | 84/AEE/LSGD/18-19 Dt 24-07-2018 |
| കരാറുകാരൻ | പി.എസ്. രവീന്ദ്രൻ നായർ, പന്തലാനിക്കൽ |
| എംബുക്ക് നം | 396/17-18 |

1. പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം കാഞ്ഞിരം കുളം കുടിവെള്ളപദ്ധതിയ്ക്കായി ടാങ്ക് പ്ലാറ്റ്ഫോം നിർമ്മാണം , പിവിസി വാട്ടർ ടാങ്ക്, പമ്പിങ്ങ് & വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ 15HP സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 06/03/2020ൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ 15 HP മോട്ടോറിന് പകരം 10 HP കപ്പാസിറ്റിയുള്ള മോട്ടോർ ഉപയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് എന്നത് വ്യക്തമായി (2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.1-23കാണുക). 14/7/2020 ലെ കറവിലങ്ങാട് LSGD അസി.എഞ്ചിനീയറുടെ 999/AEE/Lsgd/UZVR/2014 നം കത്ത് പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള 15HP സബ്മേഴ്സിബിൾ പമ്പ് സെറ്റിന് പകരം 10HP Vertical Multistage Motor ആണ് സ്ഥാപിച്ചിരിക്കുന്നത് എന്നും ഗുണഭോക്തൃസമിതിയുടെ തീരുമാനപ്രകാരമാണ് ഇത്തരത്തിലുള്ള മോട്ടോർ സ്ഥാപിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പാക്കണമെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടിയിരുന്നു. ഗുണഭോക്തൃസമിതി നിർദ്ദേശപ്രകാരം കരാറുകാരൻ പ്രവൃത്തി നടപ്പാക്കിയത് അംഗീകരിക്കാവുന്നതല്ല. എം ബുക്കിൽ അളവുകൾ എടുത്ത പേജ് 21ൽ 15 HP മോട്ടോർ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ 10HP മോട്ടോർ സ്ഥാപിച്ച വിവരം എം ബുക്ക് അളവുകളെടുത്ത കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറോ ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനോ അറിഞ്ഞിരുന്നില്ലായെന്നത് അതീവ ഗുരുതരമായ വീഴ്ചയാണ്. 10HP മോട്ടോർ ഇൻസ്റ്റലേഷൻ സംബന്ധിച്ച വിവരങ്ങൾ, ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. അസി.എക്സി. എഞ്ചിനീയർ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 15HP മോട്ടോറിന് ഇൻസ്റ്റലേഷൻ ഉൾപ്പടെയുള്ള മാർക്കറ്റ് നിരക്ക് 2,00,000/- കണക്കാക്കി 2,32,300/- രൂപ (വാട്ടർചാർജ് 1%+CPOH15%) കരാറുകാരന് നൽകിയിരുന്നു. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം 1,26,569/- രൂപമാത്രമാണ് 10HP മോട്ടോറിന്റെ നിരക്ക്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 51/8-1-2021) മറുപടി ലഭ്യമായിരുന്നില്ല. 10HP മോട്ടോറിന് വാട്ടർ ചാർജ് (1%), കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ് 15% ഉൾപ്പടെ നൽകാവുന്ന തുക 1,47,009.89/-
(1,26,569/-+1265.69/-+19175.2/-) . അധികമായി നൽകിയ 85290/-(232300-147010) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതും കരാറിനും അംഗീകരിച്ച എസ്റ്റിമേറ്റിനും വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 കാഞ്ഞിരപ്പള്ളി ഡിവിഷൻ-വയോജനങ്ങൾക്ക് വിശ്രമകേന്ദ്രംനിർമ്മാണം- ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കാത്തത് മൂലം അധികച്ചെലവ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | 545/20കാഞ്ഞിരപ്പള്ളി ഡിവിഷനിൽ എലിക്കുളം ഗ്രാമപഞ്ചായത്ത് വയോജനങ്ങൾക്ക് വിനോദവിശ്രമകേന്ദ്രം |
| അടങ്കൽ | 20,00,000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 1232304( Bill No 106/22-5-19 & 357/20-1-20)<br>ആകെ ചെലവ്=19,28,430/-(2018-19ലെ ചെലവ്+ Electrificationഉൾപ്പടെ) |
| കരാർ നം | 266/AEE/LSGD/17-18 Dt 24-02-2018 |
| കരാറുകാരൻ | മെജോ മാത്യു APAC =1842554 |
| എംബുക്ക് നം | 70/18-19,72/18-19,245/18-19 |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം എലിക്കുളം പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി ടി സ്ഥാനത്ത് 38.69 M2 വീതം രണ്ട് നിലകളിലായി ടോയ് ലറ്റ് ഉൾപ്പടെയുള്ള കെട്ടിടം പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റി അതിന്റെ റബിൾസ് ഡിപ്പാർട്ട്മെന്റലായി ഉപയോഗിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടം ഗുണഭോക്താക്കൾ നേരിട്ട് പൊളിച്ചുമാറ്റിയതിന് ഉണ്ടായ താമസം മൂലം പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടായതായി അസി.എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ DR

With Departmental Stone ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. ഗുണഭോക്താക്കൾക്ക് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ആര് നിർദ്ദേശം നൽകിയിരുന്നുവെന്നും പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ ഉപയോഗപ്രദമായ ഉരുപ്പടികൾ ലേലം ചെയ്തിരുന്നുവോ എന്നതും വ്യക്തമല്ല. കരാറുകാരന് സൈറ്റ് കൈമാറി നൽകിയശേഷം ഗുണഭോക്താക്കൾക്ക് കെട്ടിടം പൊളിച്ചുമാറ്റാൻ അനുമതി നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. പൊളിച്ചുമാറ്റിയ റബിൾ ഉപയോഗിക്കാതെ8.12m3 DR Masonary ചെയ്തത് മൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

DR Masonary With Departmental Rubble@1080.26/M3= 8.12m3x1080.26=Rs 8771.711/-

DR Masonary With New Rubble@2726.45/M3= 8.12m3x2726.45=Rs 22138.774/-

അധികം ചെലവായ തുക =Rs 13367.063/- (8771.7111-22138.7747) പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 50/08.01.2021) മറുപടി ലഭിച്ചിരുന്നില്ല. അധികം നൽകിയ 13367/- രൂപ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 കാഞ്ഞിരപ്പള്ളി ഡിവിഷൻ-മണിമല ഗ്രാമപഞ്ചായത്ത്- പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്കാരിക നിലയം-മണ്ണ് നിറയ്ക്കൽ സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | പ്രൊ.നം 793/2020, കാഞ്ഞിരപ്പള്ളി ഡിവിഷനിൽ- മണിമല ഗ്രാമപഞ്ചായത്ത്- പൂവത്തോലി 4 സെന്റ് കോളനിയിൽ സാംസ്കാരിക നിലയം മണ്ണ് നിറയ്ക്കൽ-സംബന്ധിച്ച് |
| അടങ്കൽ | 10,00,000/-(എസ് സി പി) |
| ചെലവ് | 8,04,715( Bill No 106/22-5-19 & 357/20-1-20) |
| കരാർ നം | 212/AEE/LSGD/17-18 Dt 12-01-2018 |
| കരാറുകാരൻ | മെജോ മാത്യു |
| എംബുക്ക് നം | 189/17-18 |

എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായ എർത്ത് വർക്ക് എസ്കവേഷൻ പ്രകാരം 59.216m3 മണ്ണ് കുഴിച്ചെടുത്തതായും എംബുക്ക് പേജ് നം 4 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഫൗണ്ടേഷൻ ഫില്ല് ചെയ്യുന്നതിന് ഉപയോഗിച്ചതായും ചേർത്തിരിക്കുന്നു. എന്നാൽ എക്സ്ട്രാ ഇനം 1 ആയി പേജ് നം 73ൽ ചെയ്ത മണ്ണ് ഫില്ലിങ്ങിന് 19.8m3 മണ്ണ് ഫൗണ്ടേഷന് ഫില്ലിങ്ങിനായി ഉപയോഗിച്ചിരുന്നുവെങ്കിലും ഒന്നാമത്തെ ഇനമായി കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നില്ല. Filling Of Contractors Own Earth=19.8m3-1.98m3(10%)=17.82m3 മണ്ണിന് 422.78രൂപ നിരക്കിൽ 7533.93/-രൂപ അധികമായി നൽകിയിട്ടുണ്ട്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം53/8-1-2021) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുകയായ 7534/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അയർക്കുന്നം ഡിവിഷൻ- അയർക്കുന്നം ഗ്രാമപഞ്ചായത്ത് -മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം- അപാകതകൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി എഞ്ചിനീയർ |
| പ്രൊ.നം , പേര് | 1098/20അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിലെ 1-ാം വാർഡിൽ മടക്കത്തോട്ടിൽ ഡ്രില്ലർ കം ബ്രിഡ്ജ് നിർമ്മാണം |
| അടങ്കൽ | 16,00,000/-(തനത് ഫണ്ട് 6,00,000/- +10,00,000/- വികസനഫണ്ട്) |
| ചെലവ് | 6,00,000/-(ചെക്ക് നം 51900318/22-6-19)<br>ആകെ ചെലവ്=14,30,395/- |
| കരാർ നം | 153/AEE/LSGD/18-19 Dt 4-10-2018 |
| കരാറുകാരൻ | കെ ജെ തോമസ് |
| എംബുക്ക് നം | 161/18-19, |

പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ 15-ാ മത്തെ ഇനമായി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിങ്ങാണ് ഉദ്ദേശിച്ചിരുന്നത്. ടി ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് Rs 280/$M^3$ ആണ്. ലെവൽ ഫീൽഡ് ബുക്ക് നം 60/17-18 പ്രകാരം മണ്ണ്

ഫില്ല് ചെയ്തത് 400.403 $M^3$ ആണ്. ആകെ ഫില്ലിങ്ങ് ഏരിയായിൽ നിന്നും 1-ാമത്തെ ഇനമായി കുഴിച്ചെടുത്ത 71.93 $M^3$ മണ്ണ് കുറവ് ചെയ്ത് എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തി 315.29$m^3$ മണ്ണ് ഫില്ലിങ്ങിന് 88821.20/- രൂപ നൽകിയിരുന്നു. എന്നാൽ ഇതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതെയാണ് തുക നൽകിയത്. കൺസോളിഡേഷൻ കുറവ് ചെയ്ത് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

ഫില്ലിങ്ങ് എർത്ത്= 400.403$m^3$

Deduct Cut Earth =(-)71.93$m^3$

-------------------------------------------

=328.47$m^3$

Consolidation(10%)= (-)32.847

-------------------------------------------

=295.623$m^3$ @Rs 280/$M^3$= 82774.4

അധികം നൽകിയ തുക =88821.20-82774.4=6046.80/-

അധികമായി തുക നൽകാനിടയായതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 65/15.01.2021 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. അധികമായി നൽകിയ തുകയായ 6047/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 അയർക്കുന്നം ഗ്രാമ പഞ്ചായത്ത് -വയോജനങ്ങൾക്ക് വിനോദ വിശ്രമകേന്ദ്രം- നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. 729/20

അടങ്കൽ- 2000000 രൂപ (വികസന ഫണ്ട് )

ചെലവ്- 1507483 രൂപ (ഒന്നാം പാർട്ട് ബിൽ-778863 രൂപ- ബിൽ നം. 140/19-20/ 17.5.19 + ഫൈനൽ ബിൽ- 728620 രൂപ- ബിൽ നം. )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

കരാറുകാരൻ- സിന്തോൾ തോമസ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2019-20 ൽ പൂർത്തിയാക്കിയതാണ് മേൽ പദ്ധതി. 88 $M^2$ തറവിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി മണർകാട് വില്ലേജിൽ ബ്ലോക്ക് നം. 33 ൽ സർവ്വേ നം. 410/2 ൽപ്പെട്ട 3 സെന്റ് സ്ഥലം തിരുവഞ്ചൂർ പബ്ലിക് ലൈബ്രറി പ്രസിഡന്റ് വിട്ട് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്ക് വരവ് ചെയ്തതിന്റെ വിവരം ലഭ്യമല്ല. 31.12.2020 ൽ ഓഡിറ്റ് ടീം എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ , കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, വാട്ടർ കണക്ഷൻ തുടങ്ങിയ വർക്കുകൾ ചെയ്തിട്ടില്ല എന്ന കണ്ടു. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം 32 പ്രകാരം 1000 ലിറ്റർ കപ്പാസിറ്റിയുള്ള PVC വാട്ടർ ടാങ്ക് സ്ഥാപിച്ചതായി അളവ് രേഖപ്പെടുത്തി മൂല്യം കണക്കാക്കിയിരുന്നു. എന്നാൽ സ്ഥല പരിശോധനയിൽ ആയത് സ്ഥാപിച്ചതായി കാണപ്പെട്ടില്ല. ഇനം 33 പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിന് 28500 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമാക്കാൻ എൻജിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 45/01.01.2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപിക്കാത്ത വാട്ടർ ടാങ്കിന് മൂല്യം നിർണ്ണയിച്ച് നൽകിയ 9580 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തെറ്റായി മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 9580 രൂപ തിരികെ ഈടാക്കേണ്ടതാണ്. സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് കണക്കാക്കിയ മൂല്യമായ 28500/- രൂപയും തിരികെ ഈടാക്കേണ്ടതാണ്.

## 3-7 കാലി വീപ്പകളുടെ വില ഈടാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്പിൽ ഓവർ പ്രോജക്ട് നം. 618/19-20(1240/18-19)

ചെലവ് - ₹ 778342/-

ഫണ്ട് - സംരക്ഷണ ഗ്രാന്റ് (റോഡ്)

കരാറുകാരൻ - സാജൻ ജോസ്,വാഴയിൽ

ഭരണങ്ങാനം ഡിവിഷനിൽ മീനച്ചിൽ പഞ്ചായത്തിലെ തറപ്പേൽക്കടവ് റോഡ് പുനരുദ്ധാരണവും കലുങ്ക് നിർമ്മാണവും എന്ന പ്രവൃത്തിയ്ക്കായി 35 ബാരൽ ടാർ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം ,ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില കുറവ് ചെയ്യാത്തതിനാൽ ₹9829/-( 35x238+18%GST) കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.47 തീയതി-15.1.2021) മറുപടി ലഭിച്ചിട്ടില്ല. കാലി വീപ്പകളുടെ വിലയിനത്തിലുള്ള ₹9829/- കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 3-8 കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ-നിർമ്മാണത്തിൽ അപാകത

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ നിർമ്മാണം നടത്തിയ കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിൽ സ്ഥലപരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.1183/18-19 കറിച്ചിപഞ്ചായത്ത് കുറിച്ചി കരിവെട്ടം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ

| | |
|---|---|
| കരാറുകാരൻ | ശ്രീ.വി.എസ് ബിമൽ രാജ് |
| കരാർ നമ്പർ/തീയതി | 57/17-18/27.2.2018 |
| അടങ്കൽ<br>പി.എ.സി | 12,50,000/-<br>1116291.73/- |
| സെലക്ഷൻ നോട്ടീസ് | AE (3)/05/2017-18 Dt.24.02.18 |
| സൈറ്റ് കൈമാറിയ തീയതി | 05/03/2018 |
| പൂർത്തീകരണ തീയതി/അളവെടുത്ത തീയതി | 27/02/2019 |

ചെലവ് വിശദാംശങ്ങൾ

| | ഫസ്റ്റ്& പാർട്ട് | സെക്കന്റ്& പാർട്ട് | തേർഡ്& പാർട്ട് | ഫോർത്ത്&ഫൈനൽ |
|---|---|---|---|---|
| കരാറുകാരന് | 204468 | 494361 | 267040 | 110840 |
| നി.തൊ ക്ഷേ.നി | 2086 | 5045 | 2725 | 1131 |
| ജി.എസ്.റ്റി | | | | |
| ആദായനികുതി | 2086 | 5045 | 2725 | 1131 |
| ആകെ | 208640 | 504451 | 272490 | 113102 |

കറിച്ചിപഞ്ചായത്ത് കറിച്ചി കരിവെട്ടം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ.വി.എസ് ബിമൽ രാജ് പ്രവൃത്തി 27.02.2019 ൽ പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റി. എന്നാൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 31.12.2020ൽ ഓഡിറ്റ് ടീം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രതിനിധിയായ അസിസ്ററന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ എസ്റ്റിമേറ്റിൽ ക്രമനം 04 ആയി നടത്തിയ ഡ്രൈ റബിൾ മേസൺറി, ക്രമനം 05 ആയി നടത്തിയ റാൻഡം റബിൾ മേസൺറി എന്നീ ഇനങ്ങളിലായി നടത്തിയ കൽകെട്ട് നിർമ്മാണം ഇടിഞ്ഞ് തകർന്ന നിലയിലാണ് എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു. ഈ പ്രവൃത്തി ഇനങ്ങൾ നിർവ്വഹിച്ചതായി എം ബുക്കിൽ (പേജ് നം 47,48)രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്.

| ക്രമനം. | ഇനം | അളവ് | നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| 04 | ഡ്രൈ റബിൾ മേസൺറി | 16.92 ക്യൂ.മീ | 2900/ ക്യൂ.മീ | 49068 |
| 05 | റാൻഡം റബിൾ മേസൺറി | 3.30ക്യൂ.മീ | 5600/ ക്യൂ.മീ | 18480 |
| | **ആകെ** | | | 67548 |

പ്രവൃത്തി ഇനം തൃപ്തികരമായി നിർവ്വഹിച്ചതായി എം ബുക്കിലും ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയെങ്കിലും കൽകെട്ട് ഇടിഞ്ഞ് തകർന്ന നിലയിലാണ് എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിനാൽ നിർമ്മാണത്തിലും നിർമ്മാണവസ്തുക്കളിലും ഗുണനിലവാരം ഉറപ്പാക്കാനായിട്ടില്ല എന്നത് വ്യക്തമാകുന്നു. ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഈ പ്രവൃത്തിയുടെ പാർട്ട്/ ഫൈനൽ ബില്ലുകളുടെ ബിൽ നം തീയതി എന്നീ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം 46/ ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണത്തിലും നിർമ്മാണവസ്തുക്കളിലും ഗുണനിലവാരം പുലർത്താനാവാത്തതിനാൽ കരാറുകാരന് നൽകിയ 67548/- രൂപ ടിയാനിൽ നിന്നും ഈടാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.665/2020 വാകത്താനം ഗ്രാമപഞ്ചായത്ത് ഇടത്തറക്കടവ് പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ

| | |
|---|---|
| കരാറുകാരൻ | ശ്രീ.സജി കരുവിള |
| കരാർ നമ്പർ/തീയതി | 78/18-19/05.12.2018 |
| അടങ്കൽ<br>പി.എ.സി | 10,00,000/-(വികസന ഫണ്ട് -ജനറൽ) |

| | |
|---|---|
| | 907437.50/- |
| സെലക്ഷൻ നോട്ടീസ് | AE (3)/742/2018-19 Dt.09.11.18 |
| സൈറ്റ് കൈമാറിയ തീയതി | 01.01.2019 |
| പൂർത്തീകരണ തീയതി/അളവെടുത്ത തീയതി | 18.01.2020 |
| ചെലവ് വിശദാംശങ്ങൾ | ഫസ്റ്റ് & പാർട്ട് സെക്കന്റ് & ഫൈനൽ<br>കരാറുകാരന് - 531811/- 181488<br>നി.തൊ ക്ഷേ.നി- 5540/- 1891<br>ജി.എസ്.റ്റി- 11080/- 3782<br>ആദായനികുതി- 5540/- 1891<br>ആകെ 553971/ 189052<br>ബിൽ നം. 23/13.05.2019 |

വാകത്താനം ഗ്രാമപഞ്ചായത്ത് ഇടത്തറക്കടവ് പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ.സജി കുരുവിള പ്രവൃത്തി 18.01.2020 ൽ പൂർത്തിയാക്കി ഫൈനൽ ബിൽ തുക കൈപ്പറ്റി. എന്നാൽ ജില്ലാപഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി 31.12.2020ൽ ഓഡിറ്റ് ടീം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രതിനിധിയായ അസിസ്ററന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ക്രമനം 2 ആയി വിഭാവനം ചെയ്ത ട്രഞ്ച് കുഴിച്ച് 110 എം.എം പൈപ്പ് ഇടുക എന്ന പ്രവൃത്തി നിർവഹിച്ചിട്ടില്ല എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു. എന്നാൽ ഈ പ്രവൃത്തി ഇനം നിർവ്വഹിച്ചതായി എം ബുക്കിൽ (പേജ് നം 9,14) രേഖപ്പെടുത്തി മീറ്ററിന് 125 രൂപ നിരക്കിൽ 25 മീറ്ററിന് 3125/-കരാറുകാരന് അനുവദിച്ചു നൽകി. നിർവഹിച്ചിട്ടില്ലാത്ത പ്രവൃത്തി ഇനം നിർവ്വഹിച്ചതായി എം ബുക്കിലും ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് അനർഹമായി തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ല് നം തീയതി എന്നീ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 46/04.01.2021 ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് നൽകിയ തുക 3125/- കരാറുകാരനിൽനിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.06.2020-30.09.2020 | കെഎസ്എ.കെടിഎം/ പി16/222/2021 തീയതി: 12.04.2021 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പദ്ധതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ലൈഫ് കുടുംബസംഗവുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായത് | 31.03.2020 | 235000/- | ലൈഫ് കുടുംബസംഗമവുമായി ബന്ധപ്പെട്ട് ചെലവഴിച്ചത് | 179884/- | 55116/- |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നമ്പർ | **ബിൽ നം** നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | **(എ) വാട്ടർ അതോറിറ്റി** | | | |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 200/20 വെള്ളൂർ ഡിവിഷൻ- മുളക്കുളം പഞ്ചായത്ത്- വാർഡ് 5- പൈപ്പ് ലൈൻ നീട്ടൽ | 58/19-20/10.03.2020 | 216000 | 0 | 216000 |
| കേരള വാട്ടർ അതോറിറ്റി, പി. | 356/20 അതിരമ്പുഴ ഡിവിഷൻ- | 44/19-20/23.01.2020 | 400000 | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| എച്ച്. ഡിവിഷൻ, കോട്ടയം | അതിരമ്പുഴ പഞ്ചായത്ത്-വാർഡ് 5 ,6- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 402/20<br>പുതുപ്പള്ളി ഡിവിഷൻ- പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 55/19-20/31.01.2020 | 499200 | 0 | 499200 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 587/20<br>വെള്ളൂർ ഡിവിഷൻ- തലയോലപറമ്പ് പഞ്ചായത്ത്- വടയാർ 12, 13 വാർഡുകളിൽ എസ്.സി കോളനി , സങ്കേതങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 11/19-20/08.05.2019 | 2900000 | 0 | 2900000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 588/20<br>കങ്ങഴ ഡിവിഷൻ- വിവിധ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5/19-20/08.05.2019 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 591/20<br>കുറവിലങ്ങാട് ഡിവിഷൻ, വള്ളിക്കാഞ്ഞിരം, ഇരവിമംഗലം, ഊന്നുകല്ല് കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ | 09/19-20/08.05.2019 | 500000 | 0 | 500000 |
| കേരള വാട്ടർഅതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 592/20<br>വൈക്കം ഡിവിഷൻ- ചെമ്പ് പഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8/19-20/08.05.2019 | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 595/20<br>കടുത്തുരുത്തി ഡിവിഷനിലെ വിവിധ എസ് സി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 06/19-20/08.05.2019 | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, | 640/20കോട്ടയം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ | 01/19-20/08.05.2019 | 1083618 | 0 | 1083618 |

| | | | | | |
|---|---|---|---|---|---|
| കോട്ടയം & തിരുവല്ല | പൈപ്പ് ലൈൻ നീട്ടൽ | | | | |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 648/20<br>തൃക്കൊടിത്താനം ഡിവിഷനിൽ വാഴപ്പള്ളി പഞ്ചായത്തിലെ പാറാൽ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 9/19-20/08.05.2019 | 500000 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 649/20<br>തൃക്കൊടിത്താനം ഡിവിഷനിലെ വാഴപ്പള്ളി പഞ്ചായത്ത് 20-ാം വാർഡിൽ വെട്ടിത്തുരുത്ത് റോഡിൽ പൈപ്പ് ലൈൻ വലിക്കുന്നത്. | 10/19-20/08.05.2019 | 491000 | 0 | 491000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 1520/20<br>കടുത്തുരുത്തി ഡിവിഷൻ ഞീഴൂർ പഞ്ചായത്ത് വാർഡ് 1-ൽ മുട്ടപ്പള്ളി റോഡ് മുതൽ ഓലിക്കമല റോഡ് വരെ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് | 47/19-20/23.01.2020 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 1594/20<br>വെള്ളൂർ ഡിവിഷൻ തലയോലപ്പറമ്പ് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 59/19-20/15.03.2020 | 275000 | 0 | 275000 |
| | **ആകെ** | | **•9314818** | 0 | **9314818** |
| **കെ. എസ്. ഇ. ബി** | | | | | |
| | | | | | |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ | 186/20<br>ഉഴവൂർ ഡിവിഷൻ- കുടിവെള്ള പദ്ധതികൾക്ക് ത്രീ ഫേസ് ലൈൻ | 60/19-20/15.03.2020 | 391678 | 0 | 391678 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പാലാ | 228/20 -പൂഞ്ഞാർ ഡിവിഷൻ- പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്, മേലുകാവ് | 48/19-20/23.01.2020 | 248410 | 0 | 248410 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | | | | |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പാലാ & പള്ളം | 240/20- അയർക്കുന്നം ഡിവിഷൻ- അയർക്കുന്നം പഞ്ചായത്ത്- ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിയ്ക്കൽ | 41/19-20/12.12.2019 | 99034 | 0 | 99034 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം | 304/20 കടുത്തുരുത്തി ഡിവിഷൻ-മാഞ്ഞൂർ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 33/19-20/30.09.2019 | 348821 | 0 | 348821 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി | 329/20 വാകത്താനം ഡിവിഷൻ- വാകത്താനം പഞ്ചായത്ത്-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 30/19-20/30.09.2019 | 499971 | 0 | 499971 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പാലാ | 589/20 പൂഞ്ഞാർ ഡിവിഷൻ- മേലുകാവ് ഗ്രാമപഞ്ചായത്ത്- വാർഡ് 2 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 02/19-20/22.08.2019 | 700000 | 0 | 700000 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം | 598/20 വെള്ളൂർ ഡിവിഷൻ- മുളക്കുളം ഗ്രാമപഞ്ചായത്ത്- വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 13/19-20/08.05.2019 | 1356823 | 0 | 1356823 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പാലാ | 599/20 കുറവിലങ്ങാട് ഡിവിഷൻ- വിവിധ പഞ്ചായത്തുകളിൽ വൈദ്യുതി ലൈൻ വലിയ്ക്കൽ | 12/19-20/08.05.2019 | 149978 | 149978 | 0 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി & പള്ളം | 1194/20 കുറിച്ചി ഡിവിഷൻ- കുറിച്ചി പഞ്ചായത്ത് , പനച്ചിക്കാട് പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | ചെക്ക് നം 5247546/25.09.2019 | 893586 | 0 | 893586 |

| | | | | | |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം & പള്ളം | 1353/20<br>പാമ്പാടി ഡിവിഷൻ-വിവിധ പഞ്ചായത്തുകളിൽ സ്ട്രീറ്റ്മെയിൻ വലിയ്ക്കൽ | 52/19-20/31.01.2020 | 304329 | 0 | 304329 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണർകാട് | 1515/20<br>അയർക്കുന്നം ഡിവിഷൻ-മാലം പാടശേഖരം- കെ എസ് ഈ ബി യിൽ തുക അടവാക്കൽ | 61/19-20/10.03.2020 | 442000 | 0 | 442000 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണർകാട് | 1544/20<br>അയർക്കുന്നം ഡിവിഷൻ വിജയപുരം പഞ്ചായത്തിലെ വടവാതൂർ പാടശേഖരത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 57/19-20/10.03.2020 | 374011 | 0 | 374011 |
| കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, ചെമ്പ് | 590/20<br>വൈക്കം ഡിവിഷൻ - ചെമ്പ് പഞ്ചായത്തിൽ അരികുപുറം പാടശേഖരത്തിൻറെ മോട്ടോർ തറയിലേക്ക് ഇലക്ട്രിക്ക് ലൈൻ വലിച്ച് കണക്ഷൻ - പൂർത്തീകരണം | ചെക്ക് നം 5749389/28.03.2020 | 26629 | 0 | 26629 |
| | **ആകെ** | | **5835270** | 149978 | 5685292 |
| | **ഗ്രൌണ്ട് വാട്ടർ** | | | | |
| ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കോട്ടയം | 597/20<br>പൊൻകുന്നം ഡിവിഷൻ- വിവിധ പഞ്ചായത്തുകളിൽ കുഴൽ കിണർ നിർമ്മാണം | 03/19-20/22.08.2019 | 299360 | 0 | 299360 |
| | **ആകെ** | | **299360** | 0 | 299360 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി തൻവർഷം തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ / വായ്പാതിരിച്ചടവ് ഇനത്തിൽ തൻവർഷം വരവ് / ചെലവ് ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

2019-20 വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രസീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | |
| 2017-18 (എൽ.എഫ്) | 3 (6) | 22249 | പി. എൻ സുധാകരൻ, പാറശ്ശേരിൽ | 119010100086 03/06/19 |
| 2018-19 (എൽ.എഫ്) | 1(37)(2) | 11963 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി, കോട്ടയം | 119010100404 28/02/20 |
| **ആകെ** | | **●34212◘** | | |

## <u>4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്(വർഷം) | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ്.സി. വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ ഉണ്ട് |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാതിരുന്നതിനാൽ നഷ്ടം സംഭവിച്ചു | |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതിയില്ലാതെ 30% ൽ അധികം ടെണ്ടർ എക്സസ് നൽകി | |
| 1998-99 | 3, 4, 5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | |
| 1999-00 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിച്ചില്ല | |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടനിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു | |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | |
| | 6 | 2003-04 | 5-3(11) | പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | |
| 2007-08 | പ്രോ.നം. 446/08 445/08 441/08 398/08 80/08 67/08 129/08 114/08 447/08 443/08 407/08 437/08 434/08 44/08 442/08 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു | |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കന്നം പഴമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | |
| 2014-15 | - | 2013-14 | 5.2 | ത.സ്വ.ഭ.വ.സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | |
| 2014-15 പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | 5(എ) | ത.സ്വ.ഭ.വ.സ്ഥാപനങ്ങളും മൃഗസംരക്ഷണം ക്ഷീരവികസനം മേഖലയും- പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം– മണർകാട് | നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2015-16 | 3-49 | 2016-17 | 9-2 | തെരുവ് നായ നിയന്ത്രണം/പേ വിഷ നിർമാർജന പരിപാടി. | നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2016-17 | 3-20 | 2017-18 | 1-5-1 | വ്യക്തമായ ആസൂത്രണമില്ലാതെയും | നിയമസഭാ സമിതി |

| | | | | | |
|---|---|---|---|---|---|
| | | | | അശാസ്ത്രീയമായും മിനിപാർക്ക് നിർമ്മിച്ചതു വഴി വൻതുകയുടെ പാഴ് ചെലവ്. | നാളിതുവരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകളില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 40,86,55,697 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44,91,10,331 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 486303 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39266267 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 283983 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 85290 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 13367 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-4 | | 7534 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-5 | | 6047 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-6 | | 9580 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-7 | | 9829 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 3-8 | | 67548 | ശ്രീ.ജയരാജൻ ആർ, അസി.എക്സി.എഞ്ചിനീയർ (കൃഷി) |
| 3-9 | | 3125 | ശ്രീ.ജയരാജൻ ആർ, അസി.എക്സി.എഞ്ചിനീയർ (കൃഷി) |
| ആകെ | | 486303 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 975000 | ശ്രീ.റഹിം എ, ഐറ്റിഡിപി പ്രൊജക്റ്റ് ഓഫീസർ |
| 1-17 | 2862667 | ശ്രീ.സുരേഷ് പി എൻ, ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ |
| 1-18 | 1586040 | ശ്രീ. മനോജ് എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-20 | 942803 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-21 | 5115086 | ശ്രീമതി മായ.ആർ , എക്സി.എഞ്ചിനീയർ |
| 1-25 | 1607071 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-26 | 620372 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| | | |

| | | |
|---|---|---|
| 1-28 | 804715 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-32 | 800000 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-35 | 1497903 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-40 | 490252 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-41 | 705468 | ശ്രീമതി മായ.ആർ , എക്സി.എഞ്ചിനീയർ |
| 1-43 | 804054 | ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ |
| 1-44 | 2268600 | ശ്രീ. സി.കെ.രാജ്, ഡെപ്യൂട്ടി ഡയറക്ടർ , പൊതു വിദ്യാഭ്യാസ വകുപ്പ് |
| 1-51 | 216450 | ശ്രീ.ചന്ദ്രബോസ്.പി.പി, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 1-52 | 1041909 | ശ്രീ സുധീഷ്. ജി, സെക്രട്ടറി |
| 1-53(1) | 4915055 | 3055593- സുധീഷ് ജി, സെക്രട്ടറി ഇൻ ചാർജ്<br>1859462- ശ്രീമതി.മേരിജോ.വി, സെക്രട്ടറി ഇൻ ചാർജ് |
| 1-53(2) | 9314818 | 7774618- സുധീഷ് ജി, സെക്രട്ടറി ഇൻ ചാർജ്<br>1540200-ശ്രീമതി.മേരിജോ.വി, സെക്രട്ടറി ഇൻ ചാർജ് |
| 1-53(3) | 299360 | സുധീഷ് ജി, സെക്രട്ടറി ഇൻ ചാർജ് |
| 1-54 | 849304 | ശ്രീമതി.മേരിജോ.വി, സെക്രട്ടറി ഇൻ ചാർജ് |
| 1-55 | 719112 | ശ്രീമതി.ഷൈലകുമാരി സി ഡെപ്യൂട്ടി ഡയറക്ടർ (പൊതു വിദ്യാഭ്യാസം) |
| 1-56 | 499500 | ശ്രീമതി.അജിതകുമാരി.റ്റികെ , ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് |
| 1-57 | 99456 | ശ്രീമതി.അജിതകുമാരി.റ്റികെ , ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് |
| 1-60 | 50000 | ശ്രീമതി.ബി സബിത, അസി.ജില്ലാ പട്ടിക ജാതി വികസന ഓഫീസർ (ഇൻ ചാർജ്) |
| 1-61 | 181272 | ശ്രീമതി. ജിജി വർഗീസ്, സൂപ്രണ്ട്, ജില്ലാആശുപത്രി(ഹോമിയോ) |
| **ആകെ** | 39266267 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ് .എം.ഒ, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ എൽഎസ്ജിഡി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് , കൊല്ലം ജില്ല | ശ്രീമംഗലം, മുല്ലക്കാലാ, തേവലക്കര.പി.ഒ, കൊല്ലം |
| ശ്രീ.ജയരാജൻ ആർ, അസി.എക്സി.എഞ്ചിനീയർ (കൃഷി) | അസി.എക്സി.എഞ്ചിനീയർ (കൃഷി)<br>ഡയറക്ടേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്, വികാസ്ഭവൻ, തിരുവനന്തപുരം | ശ്രീപാദം<br>യു ആർ എ85<br>നാലാഞ്ചിറ<br>തിരുവനന്തപുരം-695015 |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി8/189/2012, 21.03.2012 |
| 1998-99 | എൽ.എഫ്.കെ.പി8/564/2010, 02.03.2011 |
| 1999-00, 2000-01, 2001-02 | കെഎസ്എ.കെടിഎം.പി.8-1163/15, 14.09.15 |
| 2002-03 | എൽ.എഫ്.കെ.പി.8-652/15, 15.09.15 |
| 2003-04 | എൽ.എഫ്.കെ.പി.1-1088/06, 20.03.07/16.04.07 |
| 2004-05 | എൽ.എഫ്.കെ.പി.1-616/08, 30.03.10 |
| 2005-06 | എൽ.എഫ്.കെ.പി.8-458/2011, 11.10.2011 |
| 2006-07 | എൽ.എഫ്.കെ.പി.1-234/2010, 14.05.2010 |
| 2008-09 | എൽ.എഫ്.കെ.പി.8-188/2012, 05.03.2012 |
| 2009-10 | എൽ.എഫ്.കെ.പി.8-1098/13, 02.04.2014 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി-8-1162/15, 03.10.2015 |
| 2011-12 | എൽ.എഫ്.കെ.പി.8-141/2015, 14.09.2015 |
| 2012-13 | എൽ.എഫ്.കെ.പി.8-210/14, 27.04.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-18-442/2017, 19.04.17 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി18-443/17 തീയതി 26.04.2017 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി16-147/18 തീയതി 21.03.2018 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി16/1349/2019 തീയതി 31.01.2020 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി16/963/2019 തീയതി 16.10.2019 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി16/1140/2020 തീയതി 24.12.2020 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.ടി.എം.പി.16/222/2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ: 0481 2564886**
തീയതി : 12-04-2021

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20** വർഷത്തെ ധനകാര്യപത്രിക ജില്ലാ പഞ്ചായത്തിന്റെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം**